# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

മേയ് 2014

പുസ്തകം 3 ലക്കം 3

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ

**മിനി ആന്റണി ഐ.എ.എസ്.**

*ഡയറക്ടർ*

*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ

**സി. രമേഷ്കുമാർ**

അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*

**കെ.സി. അനിൽകുമാർ**

*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ

**എൽ. വാൾട്ടർ ഡിക്രൂസ്**

ട്രാൻസ്ലേറ്റർ

**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ

**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ

**ഐ. & പി.ആർ.ഡി.**

*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ

**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്

**കെ. ബിജു**

**പ്രതിനിധികൾ:**

- **എസ്.ആർ. പ്രവീൺ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ശക്തികുമാർ ആർ,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ.ടി. ശേഖരൻ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യൂ, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**

എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1

**ഫോൺ: 0471-2518171**


മുഖക്കുറിപ്പ്

# പൊതുഗതാഗതത്തിന്റെ പ്രസക്തി

സഞ്ചാരികളാണ് എല്ലാ കാലത്തും പുത്തൻ അറിവുകളുമായി നാടിന്റെ വളർച്ചയെ ത്വരിതഗതിയിലാക്കുന്നത്. അതിപുരാതന കാലം മുതൽ തന്നെ സാഹസികനായ മനുഷ്യൻ ഇല്ലാത്ത വഴികൾ കണ്ടെത്തി പുതിയ ഭൂമികകൾ തേടിയലഞ്ഞു. ഗതാഗതസംവിധാനങ്ങൾ ഒന്നുമില്ലാതിരുന്നകാലത്തും സഞ്ചാരത്തിനുള്ള മനുഷ്യന്റെ ത്വരയ്ക്ക് അതിരുകളില്ലായിരുന്നു. അത് ഒടുവിൽ മനുഷ്യവംശത്തിന്റെ ഭൗതികവും ബുദ്ധിപരവുമായ വികാസത്തിന് വഴിതെളിച്ചത് ചരിത്രം. ഇന്ന് ഈ ആധുനികകാലത്ത് സമയത്തെ തോൽപ്പിച്ച് ദൂരങ്ങൾ കീഴടക്കുവാനുള്ള അതിതീവ്രമായ ശ്രമങ്ങളാണ് എങ്ങും കാണുക. ശാസ്ത്ര-സാങ്കേതികരംഗത്തെ വളർച്ചയിലൂടെ ഗതാഗതസംവിധാനങ്ങൾ ആയാസരഹിതമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ഏതു നാടിന്റെയും വളർച്ച പരിശോധിച്ചാൽ മനസ്സിലാകുന്ന അടിസ്ഥാനവസ്തുത പൊതുഗതാഗതസംവിധാനത്തിന്റെ കാര്യപ്രാപ്തിയാണ്. റോഡ്, റെയിൽ, ജല, ആകാശ മാർഗങ്ങളിലൂടെ വികസിച്ച ഗതാഗതസംവിധാനങ്ങൾ മനുഷ്യന്റെയും നാടിന്റെയും വികസനത്തിൽ നിർണായകമാണ്.

നമ്മുടെ പൊതുഗതാഗതസംവിധാനം നിലവിൽ വന്നിട്ട് 75 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. 1938 ലാണ് തിരുവിതാംകൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവീസ് നിലവിൽ വന്നത്. അത് പിന്നീട് കെ.എസ്.ആർ.ടി.സിയുടെ കീഴിൽ കേരളം മുഴുവൻ വ്യാപിച്ചു. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള പൊതുഗതാഗത സംവിധാനം പലവിധ വെല്ലുവിളികൾ നേരിടുന്നുണ്ട്. എന്നാൽ അക്കാരണത്താൽ അവയെ കയ്യൊഴിയുകയല്ല, പൊതുഗതാഗത സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് വേണ്ടത്. പൊതുഗതാഗത സംവിധാനങ്ങളെ കാര്യക്ഷമമാക്കുന്നതിനൊപ്പം ജനമനസ്സുകളിലേക്കെത്തുന്ന ഫലപ്രദമായ ബോധവത്കരണവും അതിനാവശ്യമാണ്. ആദ്യകാലത്ത് ജലഗതാഗതം വളരെ സജീവമായിരുന്നു. നമ്മുടെ നാട്ടിൽ റോഡുഗതാഗതം സജീവമായതോടെ പരമ്പരാഗതമായ നമ്മുടെ ജലഗതാഗതമാർഗങ്ങൾ നിർജീവമായി. നാടിന്റെ ജീവനാഡികളായ പലവിധ യാത്രാപാതകൾ കൂടുതൽ ആധുനികവത്കരിച്ച് യാത്രാസൗകര്യങ്ങൾ വർധിപ്പിക്കാനാണ് സർക്കാരിന്റെ ശ്രമം. കൊച്ചി മെട്രോ റെയിൽവേയുടെ നിർമാണ പുരോഗതിക്കൊപ്പം സബർബൻ റെയിൽവേയുടെ സാധ്യതാപഠന റിപ്പോർട്ട്, സർക്കാരിന് ലഭിച്ചത് ശുഭോദർക്കമായ ചുവടുവയ്പാണ്.

**മിനി ആന്റണി**

ചീഫ് എഡിറ്റർ

# ജനപഥം

കവർസ്റ്റോറി




6
ചൂളം വിളിച്ചെത്തുന്ന പ്രതീക്ഷകൾ

10
കേരളത്തിലെ പൊതുഗതാഗതം :
ചില ജൂബിലി ചിന്തകൾ
രാജുപോൾ


16
റോഡുകൾ നാടിന്റെ ജീവനാഡികൾ
ബി.ജി. ശ്രീദേവി







23
ദേശീയോദ്ഗ്രഥനം പ്രചരിപ്പിച്ച കർമയോഗി
പ്രൊഫ. എം. സത്യപ്രകാശം

ദേശീയോദ്ഗ്രഥനത്തെയും സാംസ്കാരിക നവോത്ഥാനത്തെയും ഊട്ടിയുറപ്പിക്കുന്നതായിരുന്നു എന്നും ശ്രീനാരായണഗുരുവിന്റെ ചിന്തയും പ്രവർത്തനവും. ഗുരുവിന്റെ ദൈവദശകം ശതാബ്ദി ആഘോഷിക്കുന്ന വേളയിൽ അദ്ദേഹത്തിന്റെ ചിരന്തന പ്രസക്തിയെപ്പറ്റി ഒരു വിശകലനം...


34
വീട്ടിലിരുന്നും ഹാർവാർഡ് ബിരുദം
എസ്. സീതികുമാർ

38
അനശ്വരതയിലേക്കു പറക്കുന്ന പറവകൾ
സി.ആർ. രവി നമ്പ്യാർ


41
ആൽമരങ്ങൾ പറയുന്നത്
ശശി ആമ്പല്ലൂർ

44
നിരൂപണത്തിലെ
ശക്തിയും ശുദ്ധിയും
ഡോ. എ.എം. ഉണ്ണിക്കൃഷ്ണൻ

36
**അനശ്വരമായ ദേവയാനം**
ആർട്ടിസ്റ്റ് കാട്ടൂർ നാരായണപിള്ള



30
**ഏകാന്തവർഷങ്ങളും മഞ്ഞശലഭങ്ങളും**
എം.സി. രാജനാരായണൻ



വായനക്കാരുടെ മനസിൽ ലാറ്റിനമേരിക്കൻ ജീവിതത്തെ നിതാന്ത വിസ്മയമായി അവശേഷിപ്പിച്ചുകൊണ്ടാണ് ഗബ്രിയേൽ ഗാർസിയ മാർകേസ് കടന്നുപോയത്. എന്നാൽ മഞ്ഞശലഭങ്ങൾ ചുറ്റിപ്പറക്കുന്ന മക്കൊണ്ടോയ്ക്കും മാജിക്കൽ റിയലിസത്തിനും മതിയായ ദൃശ്യാവിഷ്കാരം നടത്താനാവാതെ ചലച്ചിത്രലോകം ഇന്നും കുഴങ്ങുന്നു...

19
**പ്രവാസികൾക്ക് സമഗ്ര പുനരധിവാസ പദ്ധതി**



പ്രഖ്യാപിച്ച പദ്ധതികൾ സർക്കാരിന്റെ ഭരണകാലയളവായ 676 ദിവസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് മിഷൻ 676 ഉദ്ദേശിക്കുന്നത്. പ്രവാസികാര്യം, സാംസ്കാരികം, ഗ്രാമവികസനം, ക്ഷീരോത്പാദനം തുടങ്ങിയ വകുപ്പുകളുടെ പദ്ധതികളെപ്പറ്റി മന്ത്രി കെ.സി. ജോസഫ്

27-28
**ഫോട്ടോ ഫീച്ചർ**



48
**പുഞ്ചവയലിലെ പുതിയോത്ര**
സി.ടി. പ്രസാദ്



52
**ഗോത്രനാടിന്റെ വന്യസസ്യങ്ങൾ**
രമേഷ്കുമാർ വെള്ളമുണ്ട



50 ഭരണ മലയാളം

46 പദപാഠം

54 കാലത്തിനൊപ്പം

കവർസ്റ്റോറി

■ രാജേഷ് ടി.

# ചൂളം വിളിച്ചെത്തുന്ന പ്രതീക്ഷകൾ

**കേരളത്തിന്റെ റെയിൽവേ വികസനരംഗത്ത് പുതിയ പ്രതീക്ഷകൾ നൽകുന്ന സബർബൻ റെയിൽവേ സാധ്യതാ പഠന റിപ്പോർട്ട് : ഒരു വിലയിരുത്തൽ**



കൊച്ചി മെട്രോയുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനൊപ്പം കേരളത്തിലെ ഗതാഗത സൗകര്യവികസനത്തിന് ആശാവഹമായ മറ്റൊരു കുതിപ്പിനാണ് ഏപ്രിൽ അവസാനവാരം സാക്ഷ്യം വഹിച്ചത്. തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റെയിൽപ്പാതയുടെ (റാപ്പിഡ് റയിൽ ട്രാൻസിറ്റ് സിസ്റ്റം) സാധ്യതാപഠന റിപ്പോർട്ട് അതിനായി നിയോഗിച്ച മുംബൈ റെയിൽവേ വികാസ് കോർപറേഷൻ സംസ്ഥാനസർക്കാരിന് സമർപ്പിച്ചതാണത്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ റെയിൽവേ ഗതാഗതരംഗത്ത് കേരളത്തിൽ അപര്യാപ്തതകൾ നിലനിൽക്കുന്നുവെന്ന പരാതികൾക്ക് വിരാമമിടാനുള്ള ചുവടുവെയ്പ്പുകളിലൊന്നാകും 3330.78 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി.



> കേരളത്തിന്റെ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ റെയിൽ ഗതാഗത വികസനത്തിന് സബർബൻ റെയിൽവേ അനുപേക്ഷണീയമാകുന്നതിലേക്ക് വിരൽ ചൂണ്ടുന്നതാണ് എം. ആർ. വി. സിയുടെ റിപ്പോർട്ട്. നിലവിലുള്ള പാതകൾ വീതികൂട്ടുന്നതിനും പുതിയ പാതകൾ നിർമിക്കുന്നതിനുമെല്ലാം സ്ഥലമേറ്റെടുപ്പും പുനരധിവാസവും വേണ്ടിവരും. അതുകൊണ്ടുതന്നെ നിലവിലുള്ള റെയിൽ ശൃംഖലയുടെ ശേഷി ഉയർത്തലാണ് ചെലവു കുറഞ്ഞ അടിയന്തിര പരിഹാരം.

കേരളത്തിന്റെ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ റെയിൽ ഗതാഗത വികസനത്തിന് സബർബൻ റെയിൽവേ അനുപേക്ഷണീയമാകുന്നതിലേക്ക് വിരൽ ചൂണ്ടുന്നതാണ് എം. ആർ. വി. സിയുടെ റിപ്പോർട്ട്. നിലവിലുള്ള അടിസ്ഥാനസൗകര്യം നോക്കിയാലും ജനസാന്ദ്രത ഏറിയ നമ്മുടെ ആവാസകേന്ദ്രങ്ങളിലെ സ്ഥലം ഏറ്റെടുപ്പിന്റെയും പുനരധിവാസത്തിന്റെയും സങ്കീർണതകളും പ്രായോഗികതയും നോക്കിയാലും പുതിയ റെയിൽ ഇടനാഴിയോ റോഡ് വീതികൂട്ടലോ വലിയ വെല്ലുവിളികളുയർത്തും എന്നതാണ് പ്രധാനം. നിലവിലുള്ള അവസ്ഥയിൽ അധിക ട്രെയിൻ സർവീസുകൾ സാധ്യമല്ലെന്നാണ് റിപ്പോർട്ട് കണ്ടെത്തുന്നത്. 125.65 കി.മീ വരുന്ന തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റെയിൽപാതയ്ക്ക് 3330.78 കോടി രൂപ ആവശ്യമായ സ്ഥാനത്ത് പുതിയ റെയിൽ ഇടനാഴി കൊണ്ടുവരാൻ ഏകദേശം 5700 കോടിയാവും ചെലവഴിക്കേണ്ടി വരികയെന്നാണ് റിപ്പോർട്ട് കണക്കാക്കുന്നത്. ഇനി എലിവേറ്റഡ് പാതയാകാമെന്നു വെച്ചാൽ ഇതേ ദൂരത്തിന് ഭീമമായ 25000 കോടിയിലേക്ക് ചെലവ് ഉയരും. സ്ഥലം ഏറ്റെടുപ്പിന്റെയും പുനരധിവാസത്തിന്റെയും വെല്ലുവിളികൾ വേറെയും. ഗതാഗത സ്തംഭനം വീർപ്പുമുട്ടിക്കുന്ന, ഉയർന്ന റോഡപകടനിരക്കുള്ള ദേശീയപാതകളുൾപ്പെടെയുള്ള റോഡുകളുടെ വികസനത്തിലും ഇതേ പ്രശ്നങ്ങൾ നേരിടേണ്ടിവരും. നിലവിലുള്ള പാതകൾ വീതികൂട്ടുന്നതിനും പുതിയ പാതകൾ നിർമിക്കുന്നതിനുമെല്ലാം സ്ഥലമേറ്റെടുപ്പും പുനരധിവാസവും വേണ്ടിവരും. അതുകൊണ്ടുതന്നെ നിലവിലുള്ള റെയിൽ ശൃംഖലയുടെ ശേഷി ഉയർത്തലാണ് ചെലവു കുറഞ്ഞ അടിയന്തിര പരിഹാരം.

## യാത്രക്കാരും ഭാവിസാധ്യതകളും

എംആർവിസി റിപ്പോർട്ടിനായി നടത്തിയ സർവെ പ്രകാരം 43,472 യാത്രക്കാ

### പദ്ധതി ചെലവ്

| | | |
|---|---|---|
| 1. | സിവിൽ എൻജിനീയറിങ് | 763.28 |
| 2. | സിഗ്നലിങ് ആൻഡ് ടെലികമ്യൂണിക്കേഷൻ | 463.00 |
| 3. | ഓവർ ഹെഡ് ഇലക്ട്രിഫിക്കേഷൻ | 154.40 |
| 4. | ഡിപ്പോട് അറ്റ് ക്യൂ.എൽ.എൻ. | 190.00 |
| 5. | റോളിങ് സ്റ്റോക് | 1200.00 |
| | റോളിങ് സ്റ്റോക് ഉൾപ്പെടെ ആകെ ചെലവ് | 2770.68 |
| | ഡിസൈൻ ചാർജസ്, ജനറൽ കൺസൾട്ടൻസി & പ്രോജക്ട്, മാനേജ്മെന്റ് കൺസൾട്ടൻസി സർവീസ്, കണ്ടിജൻസീസ് | 560.10 |
| | ആകെ തുക | 3330.78 |



രാണ് പ്രതിദിനം തിരുവനന്തപുരത്തുനിന്ന് ട്രെയിൻ കയറുന്നത്. 43,122 പേരാണ് തിരുവനന്തപുരത്ത് ഇറങ്ങുന്നത്. കൊല്ലത്ത് ഇത് യഥാക്രമം 17,069, 16,017 ചെങ്ങന്നൂരിൽ 2626, 2210 എന്നുമാണ് കണക്ക്. യാത്രക്കാരിൽ വിദ്യാർഥികൾ, സർക്കാർ ജീവനക്കാർ, ടെക്നോപാർക് പോലുള്ള സ്ഥാപനങ്ങളിലെ ഐടി ഉദ്യോഗസ്ഥർ, ദിവസക്കൂലി ജോലിക്കാർ എന്നിവർ ഉൾപ്പെടുന്നു. യാത്രക്കാരിൽ 45 ശതമാനം പേരും തൊഴിൽ മേഖലയിലുള്ളവരാണ്. എക്സ്പ്രസ് ട്രെയിനുകൾ, പാസഞ്ചർ, മെമു എന്നിവയെല്ലാം അവർ സഞ്ചാരത്തിനായി ഉപയോഗിക്കുന്നു. തിരുവനന്തപുരം-ചെങ്ങന്നൂർ റെയിൽപാതയുടെ സാങ്കേതിക സവിശേഷതകളിൽ ഇപ്പോൾ ഇരട്ടപ്പാതയാണെന്നതും 25 കെ.വി എസി ട്രാക്ഷൻ, ബ്രോഡ്ഗേജ്, മൾട്ടി ആസ്പെക്ട്കളർ ലൈറ്റ് സിഗ്നലിങ് എന്നിവ ഉൾപ്പെടുന്നു. 27 സ്റ്റേഷനുകളാണ് ഈ ദുരത്തിലുള്ളത്. അതിൽ തിരുവനന്തപുരം സെൻട്രൽ, കൊല്ലം ജംഗ്ഷൻ, കായംകുളം ജംഗ്ഷൻ, ചെങ്ങന്നൂർ എന്നിവ വലിയ സ്റ്റേഷനുകളാണ്. സ്റ്റേഷനുകൾ തമ്മിലുള്ള ശരാശരി ദൂരം 4.65 കി.മീറ്ററാണ്.

**സാധ്യതാപഠന റിപ്പോർട്ട് തിരുവനന്തപുരം, കൊല്ലം സ്റ്റേഷനുകളുടെ ശേഷീവർധനയും തിരുവനന്തപുരം, കൊച്ചുവേളി, കൊല്ലം, മാവേലിക്കര സ്റ്റേഷനുകളുടെ യാർഡ് നവീകരണവും വിഭാവനം ചെയ്യുന്നു. മേൽപറഞ്ഞ ഇരുപത് പ്ളാറ്റ്ഫോമുകളുടെയും ഉയരം സ്റ്റാൻഡാർഡ് ഉയരത്തിലേക്ക് വർധിപ്പിക്കാനും ശുപാർശ ചെയ്യുന്നു**

റിപ്പോർട്ടനുസരിച്ച് സബർബൻ സർവീസിൽ മിനിമം യാത്രക്കൂലി ശുപാർശ ചെയ്തിരിക്കുന്നത് പത്ത് രൂപയാണ്. കി.മീറ്ററിന് 0.80 പൈസ മുതൽ 2.00 രൂപവരെയാണ് നിരക്കുവ്യത്യാസം. തിരുവനന്തപുരത്തുനിന്ന് ചെങ്ങന്നൂർ വരെയുള്ള 125 കി.മീറ്റർ ദൂരം 100 രൂപയ്ക്ക് യാത്ര ചെയ്യുവാൻ സാധിക്കും. റിപ്പോർട്ട് പ്രകാരം നിർദിഷ്ട സബർബൻ സർവീസിന് പ്രതിദിന ശരാശരി യാത്രാചെലവ് 87.77 രൂപയാണ്. ബസ്സിന് ഇത് 60.54 രൂപയും കാറിന് 237.91 രൂപയുമാണ്. മണിക്കൂറിന് 57 കി.മീ ആയിരിക്കും സബർബൻ ട്രെയിനിന്റെ വേഗം. രണ്ട് മണിക്കൂർ 10 മിനിട്ട് മുതൽ രണ്ട് മണിക്കൂർ 40 മിനിട്ട് വരെയാകും ഈ ദൂരം ഓടി

## വിവിധ വാഹനങ്ങളുടെ യാത്രാനിരക്കുകൾ

| സെക്ഷൻ | ജില്ല | ട്രെയിൻ | | | | | | | | ബസ് | | | ടാക്സി | | ഓട്ടോ | RRTS |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | km | ORD/M EMU | Mail Exp | S/ Fast | CC | AC CC | Ist | AC 3T | AC 2T | Fast | Super | AC | AC | Non AC | | |
| തിരു-കൊല്ലം | 65 | 15 | 35 | 50 | 50 | 165 | 285 | 420 | 510 | 51 | 55 | 100 | 735 | 800 | 204 | 80 |
| തിരു-കായംകുളം ജം. | 105 | 25 | 45 | 65 | 60 | 245 | 370 | 470 | 665 | 76 | 80 | 300 | 1095 | 1200 | 324 | 100 |
| തിരു-ചെങ്ങന്നൂർ | 125 | 25 | 50 | 65 | 65 | 245 | 320 | 470 | 665 | 78 | 83 | - | 1140 | 1250 | 339 | 100 |

### കൊച്ചി മെട്രോ യാത്രാനിരക്ക്

| ദൂരം | 0-2 | 2-4 | 4-6 | 6-9 | 9-12 | 12-15 | 15-18 | 18-21 | 21-24 | 24-27 |
|---|---|---|---|---|---|---|---|---|---|---|
| നിരക്ക് (രൂപ) | 10 | 13 | 15 | 19 | 21 | 23 | 24 | 27 | 28 | 30 |

## സബർബൻ റെയിൽവേ യാത്രാനിരക്ക്

| സ്റ്റേഷൻ | | TVC | TVP | KCVL | KZK | VAK | QLN | KYJ | MVLK | CNGR |
|---|---|---|---|---|---|---|---|---|---|---|
| | KM | 0 | 2.5 | 6.2 | 13.4 | 41 | 64.5 | 105.3 | 113.2 | 125 |
| TVC | 0 | 0 | 10 | 15 | 30 | 60 | 80 | 100 | 100 | 100 |
| TVP | 2.5 | 10 | 0 | 10 | 25 | 55 | 75 | 100 | 100 | 100 |
| KCVL | 6.2 | 15 | 10 | 0 | 15 | 55 | 75 | 100 | 100 | 100 |
| KZK | 13.4 | 30 | 25 | 15 | 0 | 45 | 70 | 95 | 100 | 100 |
| VAK | 41 | 30 | 25 | 15 | 0 | 45 | 70 | 100 | 100 | 100 |
| QLN | 64.5 | 80 | 75 | 75 | 70 | 35 | 0 | 55 | 65 | 75 |
| KYJ | 105.3 | 100 | 100 | 100 | 95 | 80 | 55 | 0 | 15 | 30 |
| MVLK | 113.2 | 100 | 100 | 100 | 100 | 85 | 65 | 15 | 0 | 20 |
| CNGR | 125 | 100 | 100 | 100 | 100 | 90 | 75 | 30 | 20 | 0 |

യെത്താനുള്ള സമയം. ആദ്യവർഷം തന്നെ 48 അധിക ട്രെയിനുകൾ (ഓരോ ദിശയിലും 24 വീതം) ഓടിക്കുവാൻ പദ്ധതിയിടുന്നു.

നിർദിഷ്ട സർവീസ് പരിഹാരം കാണേണ്ട ചില വെല്ലുവിളികളും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ഓട്ടോമാറ്റിക് സിഗ്നലിങ് സമ്പ്രദായത്തിന് പ്രതിബന്ധമുയർത്തുന്ന 78 ലെവൽക്രോസുകളാണ് അവ. അതായത് മൂന്ന് കി.മീറ്റർ ട്രാക്ക് ദൂരത്തിൽ രണ്ട് ലെവൽക്രോസുകൾ. സ്റ്റേഷനുകളിൽ പ്ളാറ്റ്ഫോമുകളുടെ ഉയരത്തിന് ഐകരൂപ്യമില്ലാത്തതാണ് മറ്റൊന്ന്. സ്റ്റാൻഡാർഡ് ഉയരമായ 840 മീറ്ററിൽ കുറവാണ് ഇരുപത് ഫ്ളാറ്റ്ഫോമുകൾക്ക്.

സാധ്യതാപഠന റിപ്പോർട്ട് തിരുവനന്തപുരം, കൊല്ലം സ്റ്റേഷനുകളുടെ ശേഷീവർധനയും തിരുവനന്തപുരം, കൊച്ചുവേളി, കൊല്ലം, മാവേലിക്കര സ്റ്റേഷനുകളുടെ യാർഡ് നവീകരണവും വിഭാവനം ചെയ്യുന്നു. മേൽപ്പറഞ്ഞ ഇരുപത് പ്ളാറ്റ്ഫോമുകളുടെയും ഉയരം സ്റ്റാൻഡാർഡ് ഉയരത്തിലേക്ക് വർധിപ്പിക്കാനും ശുപാർശ ചെയ്യുന്നു. അധിക സുരക്ഷയ്ക്കായി ട്രെയിൻ പ്രൊട്ടക്ഷൻ ആന്റ് വാണിങ് സിസ്റ്റമുള്ള ഓട്ടോമാറ്റിക് ബ്ളോക് സിഗ്നലിങാണ്.

മറ്റു യാത്രാമാർഗങ്ങളുടെ വികസനവുമായി താരതമ്യം ചെയ്യുമ്പോൾ ചെലവുചുരുങ്ങുമെന്നതിനു പുറമെ യാത്രാപാതയുടെ നീളം ഒരൊറ്റ നഗരപഥമായി കണ്ടുകൊണ്ടുള്ള പുതിയ സേവനവ്യവസായങ്ങളുടെയും ടൗൺഷിപ്പുകളുടെയും വികസനം, സബർബൻ റെയിൽവെ വഴി സാധിതമാകുന്ന യാത്രാലഭ്യതയുടെ വർധന സൃഷ്ടിക്കുന്ന തൊഴിലവസരങ്ങളും പ്രാദേശിക വികസനവും, ദേശീയപാത 47-ലും എം.സി റോഡിലും യാത്രക്കുരുക്കും മലിനീകരണവും ഒഴിവാകൽ, തന്മൂലമുള്ള ഊർജലാഭം എന്നിവയൊക്കെ സബർബൻ റെയിൽവേയുടെ നേട്ടങ്ങളായി സാധ്യതാപഠന റിപ്പോർട്ട് എടുത്തുപറയുന്നു. ■



■ രാജുപോൾ




# കേരളത്തിലെ പൊതു ഗതാഗതം: ചില ജൂബിലി ചിന്തകൾ

**പൊതുഗതാഗത സംവിധാനങ്ങൾ കാര്യക്ഷമാക്കുന്നതിനൊപ്പം യാത്രക്കാരുടെ മനോഭാവത്തിലും മാറ്റം വരേണ്ടതുണ്ട്**

കേരളത്തിൽ വ്യവസ്ഥാപിതമായ പൊതുഗതാഗത സംവിധാനം നിലവിൽ വന്നിട്ട് 75 വർഷം പിന്നിട്ടിരിക്കുന്നു. 1938 ൽ സ്ഥാപിതമായ തിരുവിതാംകൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവീസിലൂടെയാണ് ഇതിനു തുടക്കം കുറിച്ചത്. പാവപ്പെട്ടവർക്കും സാധാരണക്കാർക്കും കുറഞ്ഞ ചെലവിൽ ഗതാഗത ആവശ്യങ്ങൾ നടത്താനുള്ള ഉപാധിയാണ് പൊതുഗതാഗത സംവിധാനം. വർധിച്ചുവരുന്ന വാഹന പെരുപ്പം സൃഷ്ടിക്കുന്ന ഗതാഗത കുരുക്കും പാരിസ്ഥിതിക പ്രശ്നങ്ങളും ഒരു പരിധി വരെ കുറയ്ക്കാനും കാര്യക്ഷമമായ പൊതുഗതാഗത സംവിധാനം ആവശ്യമാണ്. 2011 ൽ കേരള സർക്കാർ പുറത്തിറക്കിയ കേരള സംസ്ഥാന (കരടു) ഗതാഗത നയം കേരളത്തിലെ പൊതുഗതാഗത സംവിധാനത്തെക്കുറിച്ച് ചില നിരീക്ഷണങ്ങൾ മുന്നോട്ടു വെക്കുന്നു.

കേരളത്തിലെ ഗതാഗത സംവിധാനം പ്രധാനമായും റോഡ് മാർഗത്തെ ആശ്രയിച്ചാണുള്ളത്. വ്യവസ്ഥാപിതമായ പൊതുഗതാഗത സംവിധാനം നിലവിൽ വന്നിട്ട് 75 വർഷം കഴിഞ്ഞിട്ടും കേരളത്തിലെ മൊത്തം യാത്രാഗതാഗതത്തിന്റെ 33 ശത



മാനം മാത്രമേ പൊതുഗതാഗതം വഴി നടക്കുന്നുള്ളൂ. ന്യൂനപക്ഷമായ പൊതുഗതാഗത വാഹനങ്ങൾ ഭൂരിപക്ഷം വരുന്ന സ്വകാര്യ വാഹനങ്ങൾക്കു പിന്നിൽ ഇഴയാൻ നിർബന്ധിതരാകുന്നു. ഇതിന്റെ ഫലമായി ജനങ്ങൾക്ക് പൊതുഗതാഗതത്തിലുള്ള വിശ്വാസം നഷ്ടപ്പെടുകയും പൊതുഗതാഗത സംരംഭങ്ങൾ സാമ്പത്തിക നഷ്ടം നേരിടുകയും ചെയ്യുന്നതായി കേരള ഗതാഗത നയരേഖ പറയുന്നു. പ്രസ്തുത നയരേഖ പ്രകാരം കേരളത്തിലെ പൊതുഗതാഗത സംവിധാനം ശൈശവ ദശയിലുള്ളതും ചെലവേറിയതും ആശ്രയിക്കാൻ പറ്റാത്തതുമാണ്. 2025 ഓടെ കേരളത്തിലെ യാത്രാഗതാഗതത്തിന്റെ 80 ശതമാനവും പൊതുഗതാഗതം വഴിയാക്കാനാണ് ഗതാഗത നയം ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം നേടാനായാൽ സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ യാത്ര ചെയ്യാനുള്ള സംവിധാനം വിപുലപ്പെടും. പരിസ്ഥിതി സന്തുലിതാവസ്ഥയ്ക്കും ഇതു വളരെ ഗുണം ചെയ്യും.


> 2025 ഓടെ കേരളത്തിലെ യാത്രാഗതാഗതത്തിന്റെ 80 ശതമാനവും പൊതുഗതാഗതം വഴിയാക്കാനാണ് ഗതാഗത നയം ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം നേടാനായാൽ സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ യാത്ര ചെയ്യാനുള്ള സംവിധാനം വിപുലപ്പെടും. പരിസ്ഥിതി സന്തുലിതാവസ്ഥയ്ക്കും ഇതു വളരെ ഗുണം ചെയ്യും.


പക്ഷെ നിലവിലുള്ള പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കിയാൽ മാത്രമേ ഇത് സാധ്യമാകൂ. ഈ കാര്യക്ഷമതയ്ക്ക് രണ്ട് ഘടകങ്ങളുണ്ട്. ഒന്ന് - ലഭ്യതയിലുള്ള വർധന - അതായത് പൊതുഗതാഗത സംവിധാനം ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. ഈ രണ്ടു ഘടകങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ കേരളത്തിലെ ഏറ്റവും പ്രധാന പൊതുഗതാഗത മാധ്യമമായ റോഡ് വഴിയുള്ള പൊതുഗതാഗതത്തിനാണ് ഇവിടെ കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്.

ആദ്യമായി ലഭ്യതയിലുള്ള വർധനയുടെ കാര്യമെടുക്കാം. കേരള മോട്ടോർ വാഹന വകുപ്പിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ 12 വർഷത്തിനിടയിൽ കേരളത്തിലെ സാധാരണ ബസ്സുകളുടെ എണ്ണം ഇരട്ടിയായി വർധിച്ചു. ഇതേ കാലയളവിൽ മറ്റു വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർധനയേക്കാൾ കുറവാണ് ഇത് എങ്കിലും ഈ നേട്ടം കുറച്ചു കാണേണ്ടതില്ല. പക്ഷെ ഈ നേട്ടം നിലനിർത്തണമെങ്കിൽ ബസ്സുകൾ ഓടുന്നതിന് ആവശ്യമായ വലിപ്പമുള്ള കൂടുതൽ റോഡുകൾ ആവശ്യമാണ്. കേരളത്തിലെ ഭൂരിപക്ഷം റോഡുകളും പഞ്ചായത്തുകളുടെ കീഴിലാണ്. ഗതാഗത നയരേഖ പ്രകാരം കേരളത്തിൽ പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളിൽ 95 ശതമാനത്തിനും ബസ് സർവീസ് നടത്തുന്നതിന് ആവശ്യമായ വീതി ഇല്ല. ഈ പ്രശ്നം രണ്ടു രീതിയിൽ പരിഹരിക്കാം. ഒന്ന് റോഡുകളുടെ വീതി കൂട്ടാം (വീതിയുള്ള പല റോഡുകളിൽ, ഉദാഹരണമായി ചില ബൈപ്പാസ് റോഡുകളിൽ ആവശ്യത്തിന് ബസ് സർവീസ് ഇല്ല എന്നത് വേറെ കാര്യം). രണ്ട് - വീതി കുറഞ്ഞ റോഡുകളിൽ ഉപയോഗിക്കാൻ പറ്റിയ വലിപ്പം കുറഞ്ഞ വാഹനങ്ങൾ ഉപയോഗിച്ചുള്ള പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുക. വീതി കുറഞ്ഞ വഴികളിലെ പൊതുഗതാഗതത്തിനായി വലിപ്പം കുറഞ്ഞ മിനി ബസുകൾ വേണമെന്ന് കേരള ഗതാഗത നയം നിർദേശിക്കുന്നു. ഈ നിർദേശം നടപ്പിലായാൽ വലിപ്പം കുറഞ്ഞ വഴികളുള്ള പ്രദേശങ്ങൾക്കു മാത്രമല്ല പ്രയോജനം. ഉദാ



ഹരണമായി എ എന്ന സ്ഥലത്തു നിന്നും ബി എന്ന സ്ഥലം വഴി വേണം സി എന്ന സ്ഥലത്തേക്കു പോകാൻ എന്നു സങ്കൽപ്പിക്കുക. ബിയിൽ നിന്നും സിയിലേക്ക് ധാരാളം ബസ് സർവീസുകൾ ഉണ്ട് എങ്കിൽ എയ്ക്കും സിക്കും / എയ്ക്കും ബിക്കും ഇടയിൽ ബസ് സർവീസുകൾ കുറയും. എ ഒരു ജനസാന്ദ്രത കുറഞ്ഞ പ്രദേശമാണെങ്കിൽ ചെറിയ മിനി ബസ്സുകൾ ഉപയോഗിച്ച് എയ്ക്കും ബിക്കും ഇടയിൽ പൊതുഗതാഗത സംവിധാനം ഏർപ്പെടുത്താൻ കഴിയും. കാര്യം ഇങ്ങനെയൊക്കെ ആണെങ്കിലും ഗതാഗത നയത്തിലെ ഈ നിർദേശം ഇനിയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇത് നടപ്പിലാക്കാൻ ചില ചോദ്യങ്ങൾക്ക് ഉത്തരം കിട്ടേണ്ടതുണ്ട്. (1) മിനി ബസുകളേക്കാൾ ചെറുതും എന്നാൽ പൊതുഗതാഗതത്തിന് ഉപയോഗിക്കാൻ തക്ക രീതിയിൽ രൂപകൽപ്പന ചെയ്തതുമായ വാഹനങ്ങൾ വിപണിയിൽ ലഭ്യമാണോ? (2) ലഭ്യമാണ് എങ്കിൽ അവ പൊതുഗതാഗതത്തിന് ഉപയോഗിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലനിൽക്കുന്നുണ്ടോ? (3) അത്തരം വാഹനങ്ങൾപൊതുഗതാഗതത്തിന് ഉപയോഗിച്ചാൽ അവയിലെ യാത്രാനിരക്ക് എന്തായിരിക്കും?



### ഗതാഗതമാർഗങ്ങളുടെ ഏകോപനം

പൊതുഗതാഗത ലഭ്യത വർധിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട മറ്റൊരു വിഷയമാണ് വിവിധതരം ഗതാഗത മാർഗങ്ങൾ തമ്മിലുള്ള ഏകോപനം. ഉദാഹരണമായി, ഈ അടുത്ത കാലത്തായി തിരുവനന്തപുരത്തെ കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ നിന്നും പല ദീർഘദൂര ട്രെയിനുകളും സർവീസ് ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ട്രെയിൻ യാത്രക്കാർക്കിടയിൽ സാമാന്യം പ്രചുരപ്രചാരത്തിലുള്ള ഒരു (അനൗദ്യോഗിക) ട്രെയിൻ സമയ പട്ടികയുടെ ആദ്യ പേജിൽത്തന്നെ പറയുന്നത് 'മുൻകൂട്ടി ആവശ്യമായ യാത്രാസൗകര്യം ഒരുക്കാതെ കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ യാത്രക്കാർ വന്നിറങ്ങരുത്' എന്നാണ്. പല ദീർഘദൂര ട്രെയിനുകളും പുറപ്പെടുന്ന ഒരു റെയിൽവേ സ്റ്റേഷന്റെ ഗതി ഇതാണ് എങ്കിൽ മറ്റു പല ചെറുകിട-ഇടത്തരം റെയിൽവേ സ്റ്റേഷനുകളുടെ അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. സമയം വൈകിയും മറ്റും എത്തുന്ന ട്രെയിനുകളിലെ യാത്രക്കാർ ഒരുപക്ഷെ പൊതുഗതാഗത സംവിധാനത്തിനായി കാത്തുനിന്നു എന്നു വരില്ല. ഇത്തരം യാത്രക്കാർക്ക് സൗകര്യപ്രദമായ രീതിയിൽ കേരളത്തിലെ മികച്ച ബസ് സൗകര്യങ്ങൾ ലഭ്യമല്ലാത്ത റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കൂടുതൽ ബസ് സർവീസുകൾ ആരംഭിക്കാവുന്നതാണ്. ഇതുപോലെ കേരളത്തിലെ ചില നഗരങ്ങളിലെ ബസ് സ്റ്റാന്റുകളുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം മൂലം അവയിൽ അവസാനിക്കുന്ന ബസുകളിൽ വന്നിറങ്ങുന്ന യാത്രക്കാർക്ക് ആ നഗരങ്ങളിലെ വളരെ തിരക്കേറിയ സ്ഥലങ്ങളിലേക്കു പോലും പൊതുഗതാഗത സൗകര്യം ലഭ്യമല്ല. ഈ പ്രശ്നം പരിഹരിക്കാൻ തിരഞ്ഞെടുത്ത നഗരങ്ങളിലെ ആൾത്തിരക്കുള്ള പ്രധാന പ്രദേശങ്ങൾ കേന്ദ്രീകരിച്ച്






സർക്കുലർ ബസ് സർവീസുകൾ ആരംഭിക്കാവുന്നതാണ്.

### പൊതുമേഖലയിലൂടെ പ്രധാനം

ഈ വിധമെല്ലാം പൊതുഗതാഗത ലഭ്യത വർധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന ഒരു പ്രധാന അഭിപ്രായവ്യത്യാസം പൊതു/സ്വകാര്യ മേഖലകളുടെ പങ്കിനെ സംബന്ധിച്ചാണ്. കേരളത്തിലെ പൊതുഗതാഗത മേഖലയിലെ സർക്കാർ സ്ഥാപനമായ കെ.എസ്.ആർ.ടി.സിയുടെ ഇന്നത്തെ അവസ്ഥയെപ്പറ്റി ഏറെ വാർത്തകൾ പ്രത്യക്ഷപ്പെടുന്നുണ്ട്. പക്ഷെ അതിന്റെ പേരിൽ പൊതുഗതാഗത രംഗത്ത് പൊതുമേഖല സ്ഥാപനങ്ങൾ വേണ്ട എന്നു തീരുമാനിക്കുന്നത് വിവേകപൂർണമായിരിക്കില്ല. ബസ് ചാർജ് വർധന ഉൾപ്പെടെ പല കാര്യങ്ങളിലും സ്വകാര്യ ബസ്സുടമകളുടെ സമ്മർദങ്ങൾ പൂർണമായി ഫലിക്കാത്തത് ഒരു ബദൽ സംവിധാനമായി കെ.എസ്.ആർ.ടി.സി നിലനിൽക്കുന്നതുകൊണ്ടാണ്. 50 ഓളം വർഷങ്ങളായി നിലനിൽക്കുന്ന ഈ സ്ഥാപനത്തെ സ്വയംപര്യാപ്തമാക്കുകയാണ് ചെയ്യേണ്ടത്. ഇതിനുള്ള പല നിർദേശങ്ങളും വിദഗ്ധർ മുൻപോട്ടു വെച്ചിട്ടുണ്ട്. അവ നടപ്പിലാക്കാനുള്ള ആർജവമാണ് വേണ്ടത്. എങ്കിലും തത്ക്കാലം കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക അരക്ഷിതാവസ്ഥ കണക്കിലെടുക്കുമ്പോൾ വർധിച്ച പൊതുഗതാഗത ലഭ്യതയ്ക്ക് സ്വകാര്യമേഖലയെ ആശ്രയിക്കേണ്ടിവന്നേക്കാം. പൊതുഗതാഗത രംഗത്ത് പണം മുടക്കുന്ന സ്വകാര്യ സംരംഭകർക്ക് ന്യായമായ ലാഭം ഉറപ്പാക്കേണ്ടതാണ്. കേരളത്തിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം വളർത്തിയെടുക്കുന്നതിനെപ്പറ്റിയുള്ള ചർച്ചകളിൽ ഒരിക്കലും പൊതുഗതാഗത മേഖലയെപ്പറ്റി പരാമർശിച്ചു കണ്ടിട്ടില്ല. ലാഭകരമായ രീതിയിൽ പൊതുഗതാഗത സംരംഭം നടത്തുന്നതിനെപ്പറ്റി ചിന്തിക്കുമ്പോൾ കേരളത്തിലെ പല പട്ടണങ്ങളിലെയും ഗതാഗതക്കുരുക്കിനെപ്പറ്റി പരാമർശിക്കാതെ തരമില്ല. വർധിച്ചുവരുന്ന ഗതാഗതക്കുരുക്ക് ഭാവിയിൽ പൊതുഗതാഗത സംരംഭം നടത്തുന്നവരുടെ ലാഭത്തെ ബാധിച്ചേക്കാം. ഗതാഗതക്കുരുക്കിൽ പെടുന്നതുമൂലം പൊതുഗതാഗത വാഹനങ്ങൾക്ക് സമയക്ലിപ്തത പാലിക്കാൻ കഴിയാതെ വരുന്നു. ഇത് പൊതുഗതാഗത സംവിധാനത്തിന്റെ വിശ്വാസ്യതയെ ബാധിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥിരമായി ഗതാഗതക്കുരുക്ക് നിലനിൽക്കുന്ന മേഖലകൾക്കു പുറത്ത് സിറ്റി സർവീസ് ഒഴികെയുള്ള പൊതുഗതാഗത വാഹനങ്ങൾ സർവീസ് അവസാനിപ്പിക്കണം. ഇങ്ങനെ സർവീസ് അവസാനിപ്പിക്കുന്ന സ്ഥലങ്ങളിൽ നിന്നും കൂടുതൽ സിറ്റി സർവീസുകൾ ആരംഭിക്കണം.

> ബസ് ചാർജ് വർധന ഉൾപ്പെടെ പല കാര്യങ്ങളിലും സ്വകാര്യ ബസ്സുടമകളുടെ സമ്മർദങ്ങൾ പൂർണമായി ഫലിക്കാത്തത് ഒരു ബദൽ സംവിധാനമായി കെ.എസ്.ആർ.ടി.സി നിലനിൽക്കുന്നതുകൊണ്ടാണ്. 50 ഓളം വർഷങ്ങളായി നിലനിൽക്കുന്ന ഈ സ്ഥാപനത്തെ സ്വയംപര്യാപ്തമാക്കുകയാണ് ചെയ്യേണ്ടത്. ഇതിനുള്ള പല നിർദേശങ്ങളും വിദഗ്ധർ മുൻപോട്ടു വെച്ചിട്ടുണ്ട്

പൊതുഗതാഗതത്തിന്റെ ലഭ്യത വർധിപ്പിക്കുന്നതിനെപ്പറ്റിയാണ് ഇതുവരെ പറഞ്ഞത്. പക്ഷെ പൊതുഗതാഗത ലഭ്യത വർധിച്ചതുകൊണ്ടു മാത്രം കാര്യമില്ല. പൊതുഗതാഗത സേവനങ്ങൾ ജനങ്ങൾക്ക് ആകർഷകമായാൽ മാത്രമേ പൊതുഗതാഗത ഉപയോഗം വർധിക്കുകയുള്ളൂ. ഒരേ സമയം പൊതുഗതാഗതവും സ്വകാര്യഗതാഗതസൗകര്യവും പ്രാപ്യമായവർ പൊതുഗതാഗതം തിരഞ്ഞെടുക്കുന്ന സാഹചര്യം ഉണ്ടാകണം. ഇതിന് പൊതുഗതാഗതം സ്വകാര്യഗതാഗത സംവിധാനങ്ങളേക്കാൾ ചിലവുകുറഞ്ഞതും സൗകര്യപ്രദവും ആയിരിക്കണം. കേരളത്തിൽ ദീർഘദൂര യാത്രയ്ക്ക് പൊതുഗതാഗത സംവിധാനത്തിൽ സ്വകാര്യഗതാഗത സംവിധാനങ്ങളേക്കാൾ ചെലവുകുറവായിരിക്കാം. എന്നാൽ ഹ്രസ്വദൂര യാത്രയുടെ കാര്യത്തിൽ എല്ലായ്പ്പോഴും ഇങ്ങനെയല്ല. മിനിമം ബസ് ചാർജ് ഏഴു രൂപയിൽ എത്തിനിൽക്കുന്നു. അഞ്ചു കിലോമീറ്റർ വരെ എത്ര കുറഞ്ഞ ദൂരം സഞ്ചരിച്ചാലും ഏഴു രൂപ തന്നെ കൊടുക്കണം. ഒന്നോ രണ്ടോ കിലോമീറ്റർ ദൂരം ഇരുചക്രവാഹനത്തിൽ യാത്രചെയ്യാനുള്ള ചെലവ് ഏഴു രൂപ ആണെങ്കിൽപ്പോലും ആളുകൾ ഇരുചക്രവാഹനത്തിൽ യാത്രചെയ്യാൻ ശ്രമിക്കും. അവ കൂടുതൽ സൗകര്യപ്രദമാണെന്നതു തന്നെ കാരണം. വളരെ കുറഞ്ഞ ദൂരത്തിലുള്ള യാത്രയ്ക്കുപോലും രണ്ടു ബസ്

മാറിക്കയറേണ്ട സാഹചര്യം കേരളത്തിൽ പലയിടത്തും നിലനിൽക്കുന്നു. ഇങ്ങനെ വരുമ്പോൾ വളരെ കുറഞ്ഞ ദൂരം യാത്ര ചെയ്യാൻ പോലും 14 രൂപ ചെലവാക്കേണ്ടിവരുന്നു. ഈ സാഹചര്യവും സ്വകാര്യവാഹന ഉപയോഗം പ്രോത്സാഹിപ്പിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ട്രെയിനുകളിലെ സീസൺ ടിക്കറ്റുകൾക്ക് സമാനമായ രീതിയിൽ യാത്രാപാസുകൾ ഏർപ്പെടുത്താവുന്നതാണ്. ഹ്രസ്വദൂരബസുകളിൽ ഉൾപ്പെടെ ഇതു ലാഭകരമായി നടത്താൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്.

ലഭ്യതയും ആവശ്യവും/ചോദനവും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന ശക്തികളാണ്. പൊതുഗതാഗതത്തിന്റെ ലഭ്യത വർധിപ്പിക്കുന്നത് ജനങ്ങളുടെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്തായിരിക്കണം. ചിലയിടങ്ങളിൽ ബസുകൾ യാത്രക്കാരില്ലാതെ ഓടുകയോ യാത്രക്കാർക്കായി മത്സരിക്കുകയോ ചെയ്യുമ്പോൾ മറ്റിടങ്ങളിൽ യാത്രക്ലേശം നിലനിൽക്കുന്ന സ്ഥിതി ഉണ്ടാകരുത്. അതാത് പ്രദേശത്തെ ജനങ്ങളുടെ യാത്രാ ആവശ്യങ്ങൾ പൊതുഗതാഗത രംഗത്തെ സംരംഭകരിലേക്ക് എത്തിക്കാൻ കഴിയണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റും ഇതിൽ നിർണായക പങ്കുവഹിക്കാൻ കഴിഞ്ഞേക്കും.

## സൗകര്യപ്രദമായ യാത്രയ്ക്ക്

ഇതൊക്കെ നടന്നാലും എല്ലാ ജനവിഭാഗങ്ങളും സ്വകാര്യ ഗതാഗതത്തിൽ നിന്ന് പൊതുഗതാഗതത്തിലേക്ക് മാറണമെന്നില്ല. കേരളത്തിന്റെ പ്രത്യേക സാഹചര്യം കൂടി ഇവിടെ പരിഗണിക്കേണ്ടതുണ്ട്. (1) വിദേശ പണത്തിന്റെയും മറ്റനുകൂല സാഹചര്യങ്ങളുടെയും ഫലമായി കേരളത്തിൽ ജീവിത നിലവാരം താരതമ്യേന ഭേദപ്പെട്ട നിലയിലാണ് (പാർശ്വവത്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ നിലനിൽക്കുന്നു എന്നത് വേറെ കാര്യം). (2) ആഗോളീകരണത്തിന്റെയും ഉദാരീകരണത്തിന്റെയും ഫലമായി ആധുനിക വാഹനങ്ങൾ സ്വന്തമാക്കുകയെന്നത് ഇന്നു വളരെ എളുപ്പമാണ്. സ്വന്തമായി ഒരു വാഹനം ഉണ്ടാവുക എന്നത് ഒരുവന്റെ അന്തസ്സിന്റെ അടയാളമായി പലരും കരുതുന്നു. തവണവ്യവസ്ഥയിൽ വാഹനങ്ങൾ സ്വന്തമാക്കാനുള്ള സൗകര്യം കൂടിയാകുമ്പോൾ എല്ലാ വിഭാഗക്കാരും കൂടുതൽ സൗകര്യപ്രദമായ സ്വകാര്യവാഹനങ്ങളിലേക്ക് മാറാൻ ശ്രമിക്കുന്നത് സ്വാഭാവികമാണ്. ഈ സാഹചര്യത്തിൽ സൗകര്യപ്രദമായ യാത്രയ്ക്കും പൊതുഗതാഗത സംവിധാനം മുൻഗണന നൽകണം.

തിക്കും തിരക്കും ഇല്ലാതെയും കാത്തുനിൽപ്പ് ഒഴിവാക്കിയും യാത്രചെയ്യാം എന്നതാണ് സ്വകാര്യവാഹനങ്ങളുടെ ഗുണം. പൊതുഗതാഗത സംവിധാനത്തിൽ ഇതു രണ്ടും സാധ്യമാക്കാൻ കേരളത്തിൽ അടുത്തിടെ നടത്തിയ ചില ശ്രമങ്ങൾ പരിശോധിക്കാം.



തിരഞ്ഞെടുത്ത അന്തർനഗര റൂട്ടുകളിലെ സാധാരണ ബസുകളിൽ സീറ്റ് റിസർവേഷൻ ഏർപ്പെടുത്താൻ ശ്രമം നടന്നെങ്കിലും ഹ്രസ്വദൂര യാത്രക്കാർക്കായി ഏർപ്പെടുത്തിയ ചില നിയന്ത്രണങ്ങൾ ആ സംവിധാനത്തിന്റെ ഉപയുക്തത കുറച്ചോ എന്നു സംശയിക്കണം. ഉദാഹരണമായി എറണാകുളത്തു നിന്നും കോട്ടയത്തേക്കു പുറപ്പെടുന്ന ബസിൽ റിസർവേഷൻ ആരംഭിക്കുന്നത് അവിടെ നിന്നും അര മുക്കാൽ മണിക്കൂർ എങ്കിലും യാത്രചെയ്താൽ മാത്രം എത്തിച്ചേരുന്ന തലയോലപ്പറമ്പ് എന്ന സ്ഥലം മുതൽക്കാണ്. അര മുക്കാൽ മണിക്കൂർ ബസിൽ നിന്നതിനുശേഷം ഇരുന്നു യാത്രചെയ്യുന്നതിനുവേണ്ടി എറണാകുളത്തുനിന്നും കയറുന്ന യാത്രക്കാരൻ

> എത്രകണ്ട് കാര്യക്ഷമമാക്കിയാലും എല്ലാ യാത്രക്കാരും പൊതുഗതാഗതത്തിലേക്ക് മാറുമെന്ന് ഉറപ്പിക്കാനാവില്ല. സ്വകാര്യ വാഹനങ്ങളുടെ ഉടമസ്ഥതയും ഉപയോഗവും അന്തസ്സിന്റെ അടയാളമായി കാണുന്നവർ നമുക്കിടയിലുണ്ട്. പൊതുഗതാഗതം എത്രമാത്രം സൗകര്യപ്രദമായാലും അത്തരക്കാർ സ്വകാര്യവാഹനങ്ങളിൽ സഞ്ചരിക്കാനേ ഇഷ്ടപ്പെടൂ

പണം നൽകുമോ? പരമാവധി റൂട്ടുകളിൽ സീറ്റുകളുടെ ലഭ്യതയനുസരിച്ച് സീറ്റ് റിസർവേഷൻ നൽകുന്നതാണ് കൂടുതൽ അഭികാമ്യം. റിസർവേഷൻ യാത്രക്കാർക്കായി ആധുനിക സുഖസൗകര്യങ്ങളുള്ള പ്രത്യേക ബസുകളും പരിഗണിക്കാവുന്നതാണ്. പ്രധാന ദീർഘദൂര-മധ്യദൂര റൂട്ടുകൾക്കു പുറമെ സ്വകാര്യവാഹന ഉപയോഗം കൂടുതലായി കണ്ടുവരുന്ന ഹ്രസ്വദൂര റൂട്ടുകളിലും ഇത്തരം സർവീസുകൾ പരിഗണിക്കാവുന്നതാണ്. ഈ സർവീസുകളുടെ പ്രധാന ഉപഭോക്താക്കൾ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന മധ്യവർഗമായിരിക്കും എന്നതിനാൽ സ്ഥാപനങ്ങളിലെ ജോലി സമയത്തിനനുയോജ്യമായി വേണം ഇവ ക്രമീകരിക്കാൻ. ജനോറം പദ്ധതിയിൽ ലഭിക്കുന്ന ബസുകൾ ഈ രീതിയിൽ ഉപയോഗിക്കാനുള്ള നിയമപരമായ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

ഇങ്ങനെയുള്ള ബസുകൾ നിലവിൽ വരുമ്പോൾ അവയുടെ ഉപയോഗം കൂടുതൽ സൗകര്യപ്രദമാക്കാൻ ചില പശ്ചാത്തല സൗകര്യങ്ങളും ആവശ്യമാണ്. ബസ് സ്റ്റാന്റുകളിൽ സ്വകാര്യ വാഹനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കാനുള്ള സൗകര്യമൊരുക്കണം. വൈറ്റില മൊബിലിറ്റി ഹബ് പോലുള്ള ചുരുക്കം സ്ഥലങ്ങളിലേ ഈ സൗകര്യമുള്ളൂ. ഈ സൗകര്യം ഒരുക്കിയാലും എത്തിച്ചേരുന്ന സ്ഥലത്തെ ആവശ്യത്തിന് പൊതുഗതാഗത സൗകര്യം ഇല്ലെങ്കിൽ ആളുകൾ സ്വകാര്യവാഹനങ്ങൾ ഉപയോഗിക്കാൻ സാധ്യതയുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ റെയിൽവേ സ്റ്റേഷനിലെന്നപോലെ പ്രീപെയ്ഡ് ഓട്ടോ/ടാക്സി സൗകര്യം ബസ് സ്റ്റാന്റുകളിലും വ്യാപിപ്പിക്കണം. യാത്രാടിക്കറ്റിന്റെ കൂടെത്തന്നെ പ്രീപെയ്ഡ് ഓട്ടോ/ടാക്സി ടിക്കറ്റും ബുക്ക് ചെയ്യാൻ അവസരമൊരുക്കണം.

## കാത്തിരിപ്പ് ഒഴിവാക്കാൻ

ഹ്രസ്വദൂര റൂട്ടുകളിലടക്കം എപ്പോഴൊക്കെ എങ്ങോട്ടെല്ലാം പൊതുഗതാഗത സൗകര്യം ഉണ്ട് എന്നതിനെ സംബന്ധിച്ച വിവരം എല്ലാവർക്കും എപ്പോഴും ലഭ്യമാക്കാനായാൽ കാര്യമായ കാത്തുനിൽപ്പ് കൂടാതെ തന്നെ പൊതുഗതാഗത സംവിധാനം വഴി യാത്ര ചെയ്യാനാകും. കെ.എസ്.ആർ.ടി.സി. തങ്ങളുടെ ദീർഘദൂര ബസുകളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കാനുള്ള ശ്രമത്തിലാണ്. ഇതുവഴി ഒരു ബസ് ഇപ്പോൾ എവിടെയാണ് എന്ന് കൃത്യമായി പറയാൻ കഴിയും. കെ.എസ്.ആർ.ടി.സി. ബസുകളെ നിരീക്ഷിക്കാനുള്ള ഈ സംവിധാനത്തിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ തത്ക്കാലം പൊതുജനങ്ങൾക്ക് ലഭ്യമല്ല എന്നാണ് അറിവ്.

എല്ലാത്തരം കെ.എസ്.ആർ.ടി.സി./ സ്വകാര്യ ബസ്സുകളിലും ജി.പി.എസ്. കുറഞ്ഞ ചെലവിൽ ഘടിപ്പിക്കാനായാൽ ചില ബസ് സ്റ്റോപ്പുകളിൽ കാണുന്ന ബസ് സമയവിവര പട്ടികയുടെ ഒരു ഹൈടെക് പതിപ്പ് നിലവിൽ വരും. ചില റെയിൽവേ സ്റ്റേഷനുകളിൽ ആ സ്റ്റേഷൻ വഴി ഏതെല്ലാം ട്രെയിനുകൾ എപ്പോഴൊക്കെ കടന്നുവരുമെന്നും, പ്രസ്തുത ട്രെയിനുകൾ ഏത് സമയത്ത് എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു എന്നും ഇപ്പോൾ അവ എവിടെ എത്തി എന്നും അറിയാനുള്ള എൽ.സി.ഡി. സ്ക്രീൻ ഉണ്ട്. ഇന്ത്യയിൽ ഓടുന്ന ട്രെയിനുകളുടെ തത്സമയ സ്ഥിതിവിവരം അറിയാനുള്ള വെബ്സൈറ്റും നിലവിലുണ്ട്. ഇതേ സംവിധാനങ്ങൾ കേരളത്തിലെ ബസുകൾക്കും ഏർപ്പെടുത്തിക്കൂടേ? കേരളത്തിൽ എല്ലാ ബസുകൾക്കും അവരവരുടേതായ പ്രവർത്തനസമയമുണ്ട്. ഓരോ സമയത്തും അവ എവിടെ എത്തിച്ചേരും എന്നത് സംബന്ധിച്ച് അതാത് ബസുകളുമായി ബന്ധപ്പെട്ടവർക്ക് ധാരണയുണ്ടാകും. ഈ തരത്തിലുള്ള ഒരു സമയവിവര പട്ടികയുടെ കൂടെ ജി.പി.എസ്. വഴി ലഭിക്കുന്ന ബസുകളുടെ തത്സമയ സ്ഥിതിവിവരവും കൂടിച്ചേരുമ്പോൾ റെയിൽവേ സ്റ്റേഷനുകളിലേതിന് സമാനമായി യാത്രക്കാർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്ന ഒരു സംവിധാനം ഏർപ്പെടുത്താനാകും. അനുയോജ്യമായ ജി.പി.എസ്. സംവിധാനം എല്ലാ ബസ്സുകളിലും ഘടിപ്പിക്കാനായാൽ ഒരു ബസ് സ്റ്റോപ്പിൽ നിൽക്കുന്ന യാത്രക്കാരന് അതുവഴി എങ്ങോട്ടൊക്കെ എപ്പോഴൊക്കെ ബസ് സർവീസുകൾ ഉണ്ടെന്നും എത്ര സമയത്തിനുള്ളിൽ അവ അവിടെ എത്തിച്ചേരുമെന്നും അറിയാൻ കഴിയും. ഈ വിവരങ്ങൾ ഒരു എൽ.സി.ഡി. സ്ക്രീൻ ഉപയോഗിച്ച് അതാത് ബസ് സ്റ്റോപ്പുകളിൽ പ്രദർശിപ്പിക്കാവുന്നതാണ്. എൽ.സി.ഡി. സ്ക്രീനിൽ വാണിജ്യ പരസ്യങ്ങൾ പ്രദർശിപ്പിച്ച് ഈ സംവിധാനത്തിനാവശ്യമായ പണം കണ്ടെത്തുകയും ചെയ്യാം. സാമൂഹികവിരുദ്ധരുടെ ആക്രമണങ്ങളിൽ നിന്നും ഈ സംവിധാനങ്ങളെ രക്ഷിക്കാൻ അവയുടെ സംരക്ഷണച്ചുമതല പരിസരവാസികളെയോ സന്നദ്ധസംഘടനകളെയോ ഏൽപ്പിക്കാവുന്നതാണ്. ഈ സംവിധാനത്തിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും വിവിധ സ്ഥലങ്ങളിലേക്കുള്ള ബസുകളുടെ സമയവിവരപട്ടികയും തത്സമയ സ്ഥിതിവിവരവും ലഭ്യമാകുന്ന ഒരു വെബ്സൈറ്റ് തുടങ്ങാനാവും. ഇതുപയോഗിച്ച് പൊതുഗതാഗത സംവിധാനം വഴിയുള്ള യാത്രകൾ യാത്രക്കാർക്ക് എളുപ്പത്തിൽ ആസൂത്രണം ചെയ്യാനാകും. ഈ സൗകര്യം മൊബൈൽ ഫോണുകളിലും ലഭ്യമാക്കിയാൽ എവിടെ നിന്നുവേണമെങ്കിലും ഈ സൗകര്യം ഉപയോഗിക്കാം. ഇപ്രകാരമെല്ലാം ഒരു സ്ഥലത്തു ലഭ്യമായ പൊതുഗതാഗത സംവിധാനങ്ങളുടെ തത്സമയ വിവരം ലഭ്യമായാൽ യാത്രക്കാർക്ക് പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കാനുള്ള താത്പര്യം വർധിക്കും.

മേൽ വിവരിച്ച രീതിയിലെല്ലാം പൊതുഗതാത സംവിധാനം കാര്യക്ഷമമാക്കുക എന്നത് ഒട്ടും എളുപ്പമല്ല. പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള വിവിധ നിർദേശങ്ങളുടെ പ്രായോഗികതയെപ്പറ്റി വിശദമായ തുടർ പഠനങ്ങൾ ആവശ്യമാണ്. തന്നെയുമല്ല എത്രകണ്ട് കാര്യക്ഷമമാക്കിയാലും എല്ലാ യാത്രക്കാരും പൊതുഗതാഗതത്തിലേക്ക് മാറുമെന്ന് ഉറപ്പിക്കാനാവില്ല. സ്വകാര്യ വാഹനങ്ങളുടെ ഉടമസ്ഥതയും ഉപയോഗവും അന്തസ്സിന്റെ അടയാളമായി കാണുന്നവർ നമുക്കിടയിലുണ്ട്. പൊതുഗതാഗതം എത്രമാത്രം സൗകര്യപ്രദമായാലും അത്തരക്കാർ സ്വകാര്യവാഹനങ്ങളിൽ സഞ്ചരിക്കാനേ ഇഷ്ടപ്പെടൂ. ഈ മനോഭാവത്തിൽ മാറ്റം വരുത്തേണ്ടതും പൊതുഗതാഗത സംവിധാനത്തിന്റെ വളർച്ചയ്ക്ക് ആവശ്യമാണ്. ഇതിനായി വിപുലമായ പ്രചാരണ പരിപാടികൾ ആവശ്യമാണ്. പക്ഷെ ചെലവുകുറഞ്ഞതും, സൗകര്യപ്രദവും കാര്യക്ഷമവുമായ പൊതുഗതാഗത സംവിധാനങ്ങളുടെ അഭാവത്തിൽ അത്തരം പ്രചാരണങ്ങൾ പൊള്ളയായിത്തീരുമെന്നു മാത്രമാണ് പറയാനുള്ളത്. ■



■ ബി.ജി.ശ്രീദേവി



# റോഡുകൾ നാടിന്റെ ജീവനാഡികൾ

**മാറി മാറി വരുന്ന കാലാവസ്ഥയെ അതിജീവിക്കാൻ കഴിയുന്ന തരത്തിലുള്ള റോഡ് നിർമിക്കുക എന്നത് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് അതുകൊണ്ടു തന്നെ പുതിയ റോഡുകൾ നിർമിക്കുക എന്നതിലുപരി ഉള്ള റോഡുകൾ നല്ല അവസ്ഥയിൽ നിലനിർത്തുക എന്നതിൽ നാം കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതായി വരുന്നു.**

ഒരു നാടിന്റെ സാമൂഹികവും സാമ്പത്തികവും വ്യാവസായികവുമായ വളർച്ചയിൽ അവിടുത്തെ ഗതാഗത സംവിധാനത്തിന് വിലയേറിയ പങ്കുണ്ട്. ചെലവുകുറഞ്ഞതും ആധുനികവും സുരക്ഷിതവും ജനങ്ങളുടെ ആവശ്യങ്ങൾക്ക് പര്യാപ്തവുമായ ഗതാഗത സൗകര്യങ്ങൾ ഉണ്ടെങ്കിൽ മാത്രമെ, നാടിന്റെ വളർച്ച ത്വരിതഗതിയിലാവൂ. ലോകത്തെവിടെയുമുള്ള വികസിതരാജ്യങ്ങളുടെ ഗതാഗത സംവിധാനങ്ങൾ പരിശോധിച്ചാൽ നമുക്ക് ഈ വസ്തുത മനസ്സിലാവും. റോഡ്, റെയിൽവെ വായു മാർഗമുള്ള ഗതാഗതം, ജലപാതകൾ എന്നിവയാണ് കേരളത്തിൽ നിലവിലുള്ള പ്രധാന ഗതാഗത മാർഗങ്ങൾ. ഇതിൽ തന്നെ പ്രധാന പങ്കുവഹിക്കുന്നത് റോഡ് മാർഗമുള്ള ഗതാഗതമാണ്. യാത്ര ചെയ്യാനും ചരക്കുകൾ കൊണ്ടുപോവാനും ജനങ്ങൾ ഏറ്റവുമധികം ആശ്രയിക്കുന്നത് റോഡിനെയാണ്. റെയിൽവെ സ്റ്റേഷൻ, വിമാനത്താവളം, തുറമുഖങ്ങൾ, ബോട്ടു ജട്ടികൾ എന്നിവിടങ്ങളിൽ എത്തിച്ചേരുന്നതിനും നാം റോഡുപയോഗിക്കുന്നു. അതുകൊണ്ട് തന്നെ റോഡുകൾ നമ്മുടെ നാടിന്റെ ജീവനാഡികളാണ്.

2.43 ലക്ഷം കി. മീ. നീളത്തിലുള്ള റോഡ് ശൃംഖലയാണ് നമുക്കുള്ളത്. നീളത്തിന്റെ കാര്യത്തിൽ നാം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിലാണ്. എന്നാൽ അങ്ങോളമിങ്ങോളമുള്ള കൊച്ചു കൊച്ചു ഗ്രാമങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് കടന്നു പോവുന്ന നമ്മുടെ റോഡിന്റെ അവസ്ഥ പരിതാപകരമാണ്. മാറി മാറി വരുന്ന കാലാവസ്ഥയെ അതിജീവിക്കാൻ കഴിയുന്ന തരത്തിലുള്ള റോഡ് നിർമിക്കുക എന്നത് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് അതുകൊണ്ടു തന്നെ പുതിയ റോഡുകൾ നിർമിക്കുക എന്നതിലുപരി ഉള്ള റോഡുകൾ നല്ല അവസ്ഥയിൽ നിലനിർത്തുക എന്നതിൽ നാം കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതായി വരുന്നു. സർക്കാരിന്റെ പരിധിക്കപ്പുറമുള്ള വിഭവസമാഹരണം നമ്മുടെ റോഡ് വികസന മേഖലയിൽ ആവശ്യമാണ്. സർക്കാരിതര ഏജൻസികളെയും സ്ഥാപനങ്ങളെയും സ്വകാര്യ/കോർപ്പറേറ്റ് സംരംഭകരെയും ഈ മേഖലയിലേയ്ക്ക് ആകർഷിക്കേണ്ടതാവശ്യമാണ്.

2012-13 ലെ നമ്മുടെ റോഡിന്റെ നീളം 2,43,373.398 കി. മീ. ആയി. നമ്മുടെ റോഡിന്റെ സാന്ദ്രത 100 ചതുരശ്ര കി. മീ. ന് 626.23 കീ. മി ആണ്. ഇത് ദേശീയ സാന്ദ്രതയായ 142.67 കി. മീ ക്കാൾ ഉയർന്നതാണ്. ഒരു ലക്ഷം ജനസംഖ്യയ്ക്ക് 728 കീ. മി എന്ന നിരക്കിലാണ് റോഡിന്റെ നീളം.

പഞ്ചായത്തുകൾ, പൊതുമരാമത്ത് വകുപ്പ്, മുനിസിപ്പാലിറ്റികൾ, കോർപറേഷനുകൾ, വനം വകുപ്പ്, ജലസേചന വകുപ്പ്, റെയിൽവെ, വൈദ്യുതി ബോർഡ് തുടങ്ങിയ വിവിധ സർക്കാർ ഏജൻസികളുടെ മേൽനോട്ടത്തിലാണ് റോഡ് നിർമാണവും പരിപാലനവും നടക്കുന്നത്. ആകെ റോഡിന്റെ നീളത്തിൽ 72.92 ശതമാനം റോഡും പഞ്ചായത്തിന്റെ മേൽനോട്ടത്തിലാണ്. 13.7 ശതമാനം പൊതുമരാമത്ത് കൈകാര്യം ചെയ്യുന്നു. 7.57 ശതമാനം മുനിസിപ്പാലിറ്റികളും 2.73 ശതമാനം കോർപറേഷനുകളും, 1.88 ശതമാനം വനം വകുപ്പും കൈകാര്യം ചെയ്യുന്നു.

### വിവിധ ഏജൻസികളുടെ അധീനതയിലുള്ള റോഡുകളുടെ നീളം

| Name of Department | Road Length |
|---|---|
| Panchayats | 177466.257 |
| PWD(R&B$) | 31811.601 |
| Muncipalities | 18411.87 |
| Corporations | 6644 |
| Forests | 4575.77 |
| Irrigation | 2611.9 |
| PWD(NH) | 1524 |
| Others(Railways, KSEB) | 328 |

പഞ്ചായത്തു റോഡുകളിൽ 29.66 ശതമാനം ടാറിട്ടതും 43.5 ശതമാനം കല്ലുപാകിയതുമാണ്. പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്യുന്ന റോഡിൽ ഭൂരിഭാഗവും (10.8 ശതമാനം) കോട്ടയം ജില്ലയിലാണ്. ഏറ്റവും കുറഞ്ഞ ഭാഗം വയനാട്ടിലാണ് (മൂന്ന് ശതമാനം) PWD റോഡുകളിൽ 2240 പാലങ്ങളും 51360 കലുങ്കുകളും ഉണ്ട്. ഇവയിൽ 85 പാലങ്ങളും 1591 കലുങ്കുകളും പുതുക്കി പണിയേണ്ടതാണ്.

കേരളത്തിലെ റോഡ് നിർമാണത്തിന് ഇന്ത്യൻ റോഡ് കോൺഗ്രസ്സ് നിഷ്കർഷിക്കുന്ന നിലവാരവും MORTH നൽക്കുന്ന മാനദണ്ഡങ്ങളും നിർബന്ധമായും പാലിക്കേണ്ടതാണ്. ഇ. ശ്രീധരന്റെ (മെമ്പർ, ആസൂത്രണ ബോർഡ്) നേത്രത്വത്തിലുള്ള വിദഗ്ധ സമിതി തയാറാക്കി കേരള സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ റോഡ് നിർമാണത്തെയും റോഡ് സുരക്ഷയെയും സംബന്ധിച്ച് നിരവധി പുതിയ നിർദേശങ്ങൾ അടങ്ങിയിട്ടുണ്ട്. റബ്ബർ തുടങ്ങിയ ബിറ്റ്മിൻ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ റോഡ് നിർമാണത്തിനുപയോഗിക്കുന്നത് സാങ്കേതികമായും സാമ്പത്തികമായും ഗുണകരമാണെന്ന് പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.


റോഡ് നിർമാണത്തിനും വികസനത്തിനുമായി ഗവൺമെന്റ് നിരവധി പദ്ധതികൾ രൂപപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റിന്റേയും പൊതുമരാമത്ത് വകുപ്പിന്റേയും സംയുക്ത ശ്രമഫലമായി രൂപംകൊണ്ട കേരള സംസ്ഥാന ഗതാഗത പദ്ധതി (KSTP) ലോക ബാങ്കിന്റെ സഹായത്തോടെ ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു. കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ തിരുവനന്തപുരം റോഡ് വികസന പദ്ധതി വളരെ വിജയപ്രദമായി നടപ്പാക്കുകയും ഇത് കൊച്ചിയിലും കോഴിക്കോടും നടത്താനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ വർധിച്ചു വരുന്ന ഗതാഗത കുരുക്കിന് പരിഹാരമായ നിരവധി പാലങ്ങളും മേൽപ്പാലങ്ങളും മറ്റും നിർമിക്കാനുള്ള പദ്ധതിയും രൂപപ്പെട്ടു വരുന്നു. റോഡുകളുടെ ജ്യാമീതിയ തകരാറുകൾ പരിഹരിച്ചും കവലകൾ പരിഷ്കരിച്ചും പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നിലവിലുള്ള റോഡുകളുടെ അവസ്ഥ പരിഹരിക്കാനുള്ള നടപടികൾ സംസ്ഥാന റോഡ് വികസന പദ്ധതി (SRIP) പ്രകാരം രൂപപ്പെടുത്തുന്നു.


ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കൂടുതൽ മികച്ചതും സുരക്ഷിതവും ചെലവു കുറഞ്ഞതുമായ ഗതാഗത സംവിധാനം വികസിപ്പിച്ചെടുക്കാനായി നിരവധി ഗവേഷണ സ്ഥാപനങ്ങൾ ഈ രംഗത്ത് ഗവേഷണ പഠനങ്ങൾ നടത്തുന്നുണ്ട് DRIQ BOARD, KHRI, NATPAC തുടങ്ങിയ സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു. DRIQ BOARD നിരവധി പാലങ്ങളും റോഡുകളും രൂപകല്പന ചെയ്തു കഴിഞ്ഞു. പൊതുമരാമത്ത് വകുപ്പ് നടത്തുന്ന റോഡ് നിർമാണങ്ങളുടെ ഗുണമേന്മ KHRI ഉറപ്പുവരുത്തുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വേണ്ട പരിശീലനവും നൽകി വരുന്നുണ്ട്.

ഗതാഗത രംഗത്തും അതുമായി ബന്ധപ്പെട്ട മേഖലകളിലും വർഷങ്ങളായി നിരവധി ഗവേഷണ പഠനങ്ങൾ നാറ്റ്പാക്കിൽ നടന്നു വരുന്നു. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെയും നിരവധി പദ്ധതികൾ നടത്തിവരുന്നു. കൂടാതെ റോഡു സുരക്ഷാ ബോധവൽക്കരണത്തിനായി വിവിധ തലത്തിൽപ്പെട്ട ജനങ്ങൾക്ക് പരിശീലനപദ്ധതികളും നടത്തുന്നുണ്ട്. PWD, ഗതാഗതം, വിനോദസഞ്ചാരം തുടങ്ങി നിരവധി സർക്കാർ ഏജൻസികൾക്കും കൊച്ചി മെട്രോ റെയിൽകമ്പനി, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുതലായ സ്ഥാപനങ്ങൾക്കും വേണ്ടിയും ഗവേഷണ പഠനങ്ങൾ നടത്താറുണ്ട്. ആധുനിക നിർമാണ വിദ്യയിലൂടെ ഗുണമേൻമയേറിയതും മികച്ച നിലവാരമുള്ളതുമായ റോഡുകൾ രൂപകല്പനചെയ്യാൻ ഈ പഠനങ്ങൾ സഹായിച്ചിട്ടുണ്ട്.

നമ്മുടെ വാഹന സാന്ദ്രത മറ്റ് പല സംസ്ഥാനങ്ങളയും അപേക്ഷിച്ച് വളരെ കൂടുതലാണ്. റോഡ് ഗതാഗതത്തിന്റെ ഭൂരിഭാഗവും കൈകാര്യം ചെയ്യുന്നത് സ്വകാര്യ സർവീസുകളാണ്. റോഡിലൂടെയുള്ള ചരക്കുഗതാഗതം പൂർണമായും സ്വകാര്യമേഖലയിലാണെന്ന് പറയാം.


കേരളത്തിലെ ഏറ്റവും വലിയ ഏക പൊതുമേഖലാസ്ഥാപനം കെ.എസ്.ആർ.ടി.സി. ആണ്. അതുകൊണ്ട് തന്നെ ജനങ്ങൾ യാത്രകൾക്കായി കൂടുതൽ സ്വകാര്യ മേഖലയെ ആശ്രയിക്കേണ്ടി വരുന്നു.





സാധാരണ, സൂപ്പർഫാസ്റ്റ്, സൂപ്പർ ഡീലക്സ്, ഏ.സി. എയർ ബസ്, ഹൈടെക് വോൾവോ ബസ് തുടങ്ങിയ വിവിധ നിലവാരത്തിലുള്ള ബസുകൾ കെ.എസ്.ആർ.ടി.സി ഓടിക്കുന്നുണ്ട്. എങ്കിലും ജനങ്ങളുടെ ആവശ്യങ്ങൾക്ക് ഇവ തികയുന്നില്ല. ഉള്ളവയിൽ തന്നെ ഏതാണ്ട് 12 ശതമാനം അറ്റകുറ്റപണികൾക്കായി

## വാഹനങ്ങളുടെ എണ്ണം









മാറ്റിവയ്ക്കേണ്ടിവരുന്നു. 28.8 ശതമാനം ബസുകൾ സമയപരിധി കഴിഞ്ഞവയാണ്.

കെ.എസ്.ആർ.ടി.സിയുടെ വരുമാനം മുൻ വർഷത്തെ അപേക്ഷിച്ച് കൂടിയെങ്കിലും വരവു ചെലവുകൾ പരിശോധിക്കുമ്പോൾ കോർപറേഷൻ സാമ്പത്തികമായി നഷ്ടത്തിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

കേരളത്തിൽ വാഹനങ്ങൾ വർഷാവർഷം കൂടിക്കൊണ്ടിരിക്കുകയാണ്. 2012-13 കാലത്ത് ഇത് 8048673 ൽ എത്തി നിൽക്കുന്നു. സ്വകാര്യ വാഹനങ്ങളാണ് ഏറ്റവും അധികം വർദ്ധിക്കുന്നത്. അവയിൽ തന്നെ ഇരുചക്രവാഹനങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. ഇപ്പോഴത്തെ കണക്കനുസരിച്ച് ഓരോ ദിവസവും 3171 വാഹനങ്ങൾ പുതുതായി വന്നുകൊണ്ടിരിക്കുന്നു. എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ (15.4 ശതമാനം) വാഹനമുള്ളത്. തൊട്ടു പിന്നിൽ തിരുവനന്തപുരം (12 ശതമാനം). ഏറ്റവും കുറവ് ഇടുക്കി ജില്ലയിലാണ് (1.75 ശതമാനം).

## അപകടനിരക്ക്




വാഹനങ്ങളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയും റോഡ് അതിനാനുപാതികമായി മെച്ചപ്പെടാതിരിക്കുകയും ചെയ്യുന്നത് റോഡ് ഗതാഗതം കൂടുതൽ ദുഷ്കരമാകുന്നു. ഈ അവസ്ഥ റോഡപകടങ്ങൾക്കും കാരണമാവുന്നു. നിരവധി മുൻകരുതലുകൾ എടുത്തിട്ടും റോഡപകട നിരക്കിന് കാര്യമായ കുറവൊന്നും കാണുന്നില്ല. ഇത് വളരെ ഗൗരവമേറിയ ഒരു കാര്യം തന്നെയാണ്.

കേരളത്തിൽ 2013 ൽ 35230 റോഡപകടങ്ങളും അതിൽ 4151 മരണവും രേഖപ്പെടുത്തി. 10000 വാഹനത്തിന് 44 അപകടം എന്ന കണക്കിൽ നടക്കുന്നു. ഇത് താരതമ്യേന വലിയ സംസ്ഥാനങ്ങളായ ഉത്തർപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത് ഇവയേക്കാൾ കൂടുതലാണ്. ഇവിടെ 100 അപകടങ്ങളിൽ ഏതാണ്ട് 12 പേർ മരണമടയുന്നു. ഒരു ദിവസം ഏതാണ്ട് 97 അപകടങ്ങളിൽ 11 പേർ മരിക്കുന്നു. ഇരുചക്രവാഹനങ്ങളാണ് ഏറ്റവും കൂടുതൽ അപകടത്തിൽപെടുന്നത്. വാഹനമോടിക്കുന്നവരുടെ പിഴവാണ് 95 അപകടങ്ങൾക്കും കാരണം. റോഡിന്റെ അവസ്ഥ, മോശം കാലാവസ്ഥ തുടങ്ങിയവയും കാരണങ്ങളാണ്.

## റെയിൽവേ

ലോകത്തിലെ രണ്ടാമത്തെ വലിയ റെയിൽവേ ശൃംഖലയാണ് ഇന്ത്യയിലേത്. 1257 കി.മീ. നീളമുള്ള ഇന്ത്യൻ റെയിൽ സംവിധാനത്തിന് 13 റൂട്ടുകളുണ്ട്. പാലക്കാട്, തിരുവനന്തപുരം, മധുര എന്നീ ഡിവിഷനുകൾ ചേർന്ന് കേരളത്തിലെ പ്രവർത്തനം നിയന്ത്രിക്കുന്നു. ദക്ഷിണ റെയിൽവെയിലെ ഏറ്റവും വലിയ കോച്ച് ഡിവിഷൻ തിരുവനന്തപുരമാണ്.

## കൊച്ചി മെട്രോ

കൊച്ചി നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമായാണ് കൊച്ചി മെട്രോ പദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യൻ ഗവൺമെന്റിന്റെയും സംസ്ഥാന സർക്കാറിന്റെ കൂട്ടു സംരഭമായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ആണ് പദ്ധതി നടപ്പിൽ വരുത്തുന്നത്. ഒന്നാം ഘട്ടത്തിന് ഏതാണ്ട് 25.612 കി.മീ. നീളമുണ്ട്.

## തിരുവനന്തപുരം, കോഴിക്കോട് മോണോറെയിൽപദ്ധതി

കോഴിക്കോടും തിരുവനന്തപുരത്തും 525 യാത്രക്കാർക്ക് ഒരേ സമയം സഞ്ചരിക്കാവുന്ന അതിവേഗം യാത്രചെയ്യുന്ന മോണോറെയിൽ സംവിധാനത്തിനുള്ള പദ്ധതി ഒന്നാം ഘട്ടത്തിൽ കോഴിക്കോട് 14.2 കി.മീ.ഉം തിരുവനന്തപുരം 22.537 കി.മീ. ഉം നീളമാണ്.

## വായുമാർഗം

തിരുവനന്തപുരം, കോഴിക്കോട്, നെടുമ്പാശ്ശേരി എന്നിവയാണ് കേരളത്തിൽ നിലവിലുള്ള വിമാനത്താവളങ്ങൾ. കണ്ണൂർ അന്തർദേശീയ വിമാനത്താവളം പുരോഗതിയിലാണ്. 2012-13 ൽ ഏതാണ്ട് 83,74,104 യാത്രക്കാർ വിമാനമാർഗം യാത്രചെയ്തിട്ടുണ്ട്. വിനോദ സഞ്ചാര മേഖലയുടെ വികസനത്തിൽ ഇവയ്ക്ക് വലിയ പങ്കുണ്ട്.

## ജലമാർഗം

കേരളത്തിന് 585 കി.മീ. നീളവും 60 കി.മീ. വീതിയുമുള്ള തീരമുണ്ട്. ഇവിടെ ഒരു വലിയ തുറമുഖവും 17 ചെറിയ തുറമുഖങ്ങളുമുണ്ട്. നിരവധി തീരദേശ വികസന പദ്ധതികൾ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അഞ്ച് ചെറിയ തുറമുഖങ്ങളെ വികസിപ്പിക്കാൻ ഗവൺമെന്റ് പദ്ധതിയിട്ടിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖവും സഫലപാതയിലാണ്. ജലഗതാഗതം കേരളത്തിന്റെ പരിസ്ഥിതിക്ക് യോജിച്ച ചെലവു കുറഞ്ഞ ഗതാഗത മാർഗമാണ്. ■

*(നാറ്റ്പാക് ഡയറക്ടറാണ് ലേഖിക)*

# പ്രവാസികൾക്ക് സമഗ്ര പുനരധിവാസ പദ്ധതി



**പ്രഖ്യാപിച്ച പദ്ധതികൾ സർക്കാരിന്റെ ഭരണകാലയളവായ 676 ദിവസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് മിഷൻ 676 ഉദ്ദേശിക്കുന്നത്. പ്രവാസികാര്യം, സാംസ്കാരികം, ഗ്രാമവികസനം, ക്ഷീരോത്പാദനം തുടങ്ങിയ വകുപ്പുകളുടെ പദ്ധതികളെപ്പറ്റി മന്ത്രി കെ.സി. ജോസഫ്**

മിഷൻ 676 ൽ പെടുത്തി മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിന് സമഗ്രമായ പദ്ധതികൾ നടപ്പാക്കുമെന്ന് പ്രവാസികാര്യ മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ കുറഞ്ഞ പലിശനിരക്കിൽ, സബ്സിഡിയോടെ നടപ്പിലാക്കുന്ന പദ്ധതികൾ 100 ദിവസത്തിനുള്ളിൽ തയാറാക്കും. കാപ്പിറ്റൽ സബ്സിഡിയും പലിശ സബ്സിഡിയും സർക്കാർ വഹിക്കും. പദ്ധതി പ്രകാരം 100 ദിവസത്തിനകം ഒരു ജില്ലയിൽ, കുറഞ്ഞത് 50 സംരംഭകർക്ക് വായ്പ നൽകും. തുടർന്ന് ബാങ്കുകളുമായി സഹകരിച്ച് ജില്ലകളിൽ അദാലത്തുകൾ സംഘടിപ്പിച്ച് അർഹരായ എല്ലാ അപേക്ഷകർക്കും വായ്പ ലഭ്യമാക്കാനുള്ള പദ്ധതി നടപ്പിലാക്കും.

സംസ്ഥാനത്തെ ബാങ്കുകളുടെ നിക്ഷേപത്തിൽ വലിയ പങ്ക് പ്രവാസികളുടേതാണ്. ആയതിനാൽ മടങ്ങിവന്ന പ്രവാസികളെ പുനരധിവസിപ്പിക്കാൻ പദ്ധതി തയാറാക്കാൻ ബാങ്കുകൾക്ക് ധാർമികമായ ചുമതലയുണ്ട്. പ്രവാസി പുനരധിവാസകാര്യം അടുത്ത സ്റ്റേറ്റ് ലെവൽ ബാങ്കിങ് കമ്മിറ്റിയിൽ ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. പുനരധിവാസ പദ്ധതിക്ക് ബജറ്റിൽ പ്രഖ്യാപിച്ച 50 കോടി രൂപ വിനിയോഗിച്ച് സംരംഭകർക്ക് പരിശീലനം നൽകുകയും സബ്സിഡികൾ അനുവദിച്ചു കൊണ്ടുള്ള ബാങ്ക് വായ്പ ലഭ്യമാക്കുകയും ചെയ്യും. ഇതിന് നോർക്ക റൂട്സിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കും. വിശദമായ സ്കീം വർക്കിങ് ഗ്രൂപ്പിൽ അവതരിപ്പിക്കും. കൂടാതെ നോർക്ക റൂട്സ് എല്ലാ ജില്ലകളിലും ഹെൽപ്പ് ഡസ്ക് ആരംഭിക്കും.

നോർക്കക്ക് മേഖലാ ഓഫീസുകൾ ഇല്ലാത്ത കാസറഗോഡ്, പത്തനംതിട്ട, പാലക്കാട്, ആലപ്പുഴ, വയനാട്, ഇടുക്കി ജില്ലകളിൽ നോർക്ക സെല്ലുകൾ രൂപീക




**മലയാള പഠനം നിർബന്ധമാക്കാൻ സഹായകമായ രീതിയിൽ മലയാള ഭാഷാനിയമത്തിന്റെ കരട് അടിയന്തിരമായി തയാറാക്കാൻ ഔദ്യോഗിക ഭാഷാവകുപ്പിന് നിർദേശം നൽകി**

രിക്കും. ഇവിടെ നിന്നും വിദേശ മലയാളികൾക്കുള്ള ക്ഷേമപദ്ധതികൾക്കുള്ള അപേക്ഷാ ഫാറങ്ങൾ വിതരണം ചെയ്യുകയും, സ്വീകരിക്കുകയും ചെയ്യുന്നതിനൊപ്പം വകുപ്പിൽനിന്നുള്ള എല്ലാ സേവനങ്ങളും ലഭിക്കും.

ഗൾഫ് രാജ്യങ്ങളിൽ ഘട്ടംഘട്ടമായി നോർക്ക ഉപദേശക സമിതികൾ രൂപീകരിക്കും. ഗൾഫ് മേഖലയിലെ മലയാളികളായ ഉദ്യോഗദാതാക്കളുടെ യോഗം വിളിച്ച് മടങ്ങിവന്ന പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് ജോലിക്ക് അവസരം ലഭ്യമാക്കാൻ തൊഴിൽ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കും. പ്രവാസി ക്ഷേമനിധി നവീകരിക്കാനും കൂടുതൽ ആകർഷകമാക്കാനും 100 ദിവസത്തിനുള്ളിൽ നടപടി.

പ്രവാസി മലയാളി സംഘടനകളുമായി സഹകരിച്ച് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ സജീവമാക്കാൻ നടപടി. സംസ്ഥാനത്തിന്റെ വികസന സംരംഭങ്ങളിൽ പ്രവാസികളെ പങ്കെടുപ്പിക്കാനുള്ള നടപടികൾ 100 ദിവസത്തിനുള്ളിൽ സ്വീകരിക്കും. വിദേശ രാജ്യങ്ങളിൽ സാംസ്കാരിക വകുപ്പുമായി സഹകരിച്ച് പ്രവാസി കലാമേളകൾ സംഘടിപ്പിക്കും. ഇന്ത്യൻ എംബസികളുമായും പ്രവാസി സംഘടനകളുമായും സഹകരിച്ച് ഗൾഫിൽ നിസ്സാരമായ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവർക്ക് നിയമസഹായം നൽകാൻ നടപടികൾ. നിലവിലുള്ള നിബന്ധനകളിൽ ഇളവുവരുത്തി യഥാർഥ ഗുണഭോക്താക്കൾക്ക് സഹായങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതിന് ബജറ്റിൽ നാലു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## 548 ഗ്രാമീണ റോഡുകൾ പൂർത്തിയാക്കും

പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതിയിൽ മുടങ്ങിക്കിടക്കുന്ന 1308 കി.മീ. ദൈർഘ്യമുള്ള 548 ഗ്രാമീണ റോഡുകൾ മിഷൻ 676ൽ പെടുത്തി നിർമാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമെന്ന് ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ് പറഞ്ഞു ഇതിൽ പണി പുരോഗമിക്കുന്ന 61 റോഡുകൾ 100 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കും. രണ്ടാം ഘട്ടമായി 570 കി.മീ. റോഡിന്റെ ഡി.പി.ആർ. കേന്ദ്രത്തിന് സമർപ്പിച്ച് അംഗീകാരം വാങ്ങും.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ 676 ദിവസം കൊണ്ട് 1400 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കും. ജലസംരക്ഷണം, നീർത്തട പരിപാലനം, സൂക്ഷ്മചെറുകിട ജലസേചനം, മരംവച്ചു പിടിപ്പിക്കൽ, ഭൂവികസനം, മൃഗസംരക്ഷണം, മാലിന്യ നിർമാർജനം തുടങ്ങിയ മേഖലകളിലാണ് പദ്ധതി നടപ്പാക്കുന്നത്. കൂടാതെ 500 ഗ്രാമപഞ്ചായത്തിലും 100 ബ്ലോക്കു പഞ്ചായത്തിലും രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പണി പൂർത്തിയാക്കും.

ഇന്ദിര ആവാസ് യോജന പ്രകാരം 10,000 വീടുകൾ 100 ദിവസത്തിനുള്ളിലും, ഒരു ലക്ഷം വീടുകൾ 676 ദിവസം കൊണ്ടും പൂർത്തിയാക്കും. കൂടാതെ പുതുതായി അനുവദിച്ച കാറഡുക്ക, പരപ്പ, കല്യാശ്ശേരി, പാനൂർ, പനമരം, കാളികാവ് ബ്ലോക്കുകളിൽ രണ്ടു കോടി രൂപാ വീതം ചെലവിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടവും പൂർത്തിയാക്കും.

## മലയാള ഭാഷാനിയമം നിർമിക്കും

വ്യത്യസ്ഥ തലങ്ങളിൽ മലയാള പഠനം നിർബന്ധമാക്കാൻ സഹായകമായ രീതിയിൽ മലയാള ഭാഷാനിയമത്തിന്റെ കരട് അടിയന്തിരമായി തയാറാക്കാൻ ഔദ്യോ



തൊഴിലുറപ്പ് പദ്ധതി

ഗിക ഭാഷാവകുപ്പിന് നിർദേശം നൽകിയതായി സാംസ്കാരികമന്ത്രി കെ.സി. ജോസഫ് അറിയിച്ചു. നിയമം സംബന്ധിച്ച പ്രാഥമിക ചർച്ചകൾ പൂർത്തിയായിട്ടുണ്ട്. തമിഴ്-കർണ്ണാടക നിയമങ്ങൾകൂടി പരിശോധിച്ചായിരിക്കും നിയമനിർമാണം നടത്തുന്നത്.

സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ ടെന്റ് തിയേറ്റർ പദ്ധതി. കായംകുളത്ത് കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയം. കിളിമാനൂരിൽ രാജാരവിവർമ ആർട്ട് ഗാലറി, 14 ജില്ലകളിലും വഴിയോര ശില്പങ്ങൾ. ശ്രീകണ്ഠാപുരത്ത് കലാഗ്രാമം എന്നിവ ആരംഭിക്കും. കോട്ടയം വെള്ളാവൂർ ഫോക്‌ലോർ ഗ്രാമം പൂർത്തീകരിക്കും.

അംബേദ്കർ ഫൗണ്ടേഷന് അനുവദിച്ച ചെയർ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കും. സർവവിജ്ഞാനകോശം വാല്യങ്ങളുടെ ഉള്ളടക്കം കീവേർഡ് സേർച്ചിലൂടെ വിക്കിപീഡിയ മോഡലിൽ ലോകത്തുള്ള മലയാളിക്ക് ലഭ്യമാകുന്ന പദ്ധതിയുടെ പൈലറ്റ് പ്രോജക്ട്, കേരള കലാമണ്ഡലം അഞ്ചു മേഖലാ കേന്ദ്രങ്ങൾ എന്നിവ 100 ദിവസത്തിനകം ആരംഭിക്കും.

ജില്ലാതല പൈതൃക മ്യൂസിയങ്ങൾ ഏഴ് എണ്ണം പൂർത്തീകരിക്കും. കേന്ദ്രസഹായത്തോടെ തിരുവനന്തപുരം കോയിക്കൽ കൊട്ടാരം മ്യൂസിയം, തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശി മ്യൂസിയം എന്നിവയുടെ നവീകരണം, മതിലകം രേഖകളുടെ ഡിജിറ്റലൈസേഷൻ എന്നിവ പൂർത്തിയാക്കും

വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യസമര മെമ്മോറിയൽ ആറു മാസത്തിനകം പൂർത്തീകരിക്കും. കൂടാതെ തിരുവനന്തപുരത്ത് സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം സ്ഥാപിക്കും. വൈക്കം സത്യഗ്രഹ മ്യൂസിയവും ഗാന്ധി പ്രതിമയും വൈക്കത്ത് സ്ഥാപിക്കുന്നതിന് നടപടി. തകഴി സ്മാരകത്തിന്റെ പണി പൂർത്തീകരിക്കും. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ വീടും സ്ഥലവും ഏറ്റെടുത്ത് സംരക്ഷിച്ച് സ്മാരകമാക്കുന്ന പദ്ധതി നടപ്പിലാക്കും.

### സുതാര്യ കേരളം ഇ-ഗവേണൻസ് 100 ദിവസത്തിനകം

മുഖ്യമന്ത്രിക്ക് ലഭിക്കുന്ന പരാതികൾ പൊതു പ്ളാറ്റ്ഫോമിൽ കൊണ്ടുവന്ന് ഫയൽ നടപടികളിൽ ഓട്ടോമേഷൻ നടപ്പാക്കുന്നതിനുള്ള സുതാര്യ കേരളം ഇ-ഗവേണൻസ് സംവിധാനം 100 ദിവസത്തിനകം നടപ്പിലാക്കുമെന്ന് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. അതുപോലെ ബ്ലോക്ക് തലത്തിൽ പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഇന്റഗ്രേറ്റഡ് ന്യൂസ് ഗ്രിഡിന്റെ വികസിത രൂപമായ പബ്ലിക് റിലേഷൻ ഇൻഫർമേഷൻ ആൻഡ് സർവീസ് മാനേജ്മെന്റ് -പ്രിസം പദ്ധതിയും നടപ്പാക്കും.

## പത്മനാഭപുരം കൊട്ടാരം ലോകപൈതൃക സ്മാരകങ്ങളുടെ കരട് പട്ടികയിൽ



തക്കല പത്മനാഭപുരം കൊട്ടാരത്തെ യുനസ്കോയുടെ ലോകപൈതൃക സ്മാരകങ്ങളുടെ കരട് പട്ടികയിൽ ഉൾപ്പെടുത്തി അറിയിപ്പ് ലഭിച്ചതായി സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് അറിയിച്ചു. ഏപ്രിൽ 15 ന് ന്യൂഡൽഹിയിൽ ചേർന്ന ലോക പൈതൃക സ്മാരക ഉപദേശക സമിതിയാണ് തീരുമാനമെടുത്തത്. വയനാട്ടിലെ എടയ്ക്കൽ ശിലാ ലിഖിതങ്ങളും കൊത്തു ചിത്രങ്ങളുമുള്ള ഗുഹയെ അടുത്ത ഘട്ടത്തിൽ കരട് ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമെന്നും ഉപദേശക സമിതി അറിയിച്ചിട്ടുണ്ട്.

തക്കലയിലെ പത്മനാഭപുരം കൊട്ടാരത്തെയും വയനാട്ടിലെ എടയ്ക്കൽ ഗുഹയും ലോകപൈതൃക സ്മാരക പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് കേരളം പ്രത്യേകം റിപ്പോർട്ടുൾപ്പെടെ അപേക്ഷ സമർപ്പിച്ചിരുന്നതായും മന്ത്രി പറഞ്ഞു. കേരള ശൈലിയിൽ തനതു തച്ചുശാസ്ത്രത്തെ അടിസ്ഥാനമാക്കി പണിത 500 വർഷം പഴക്കമുള്ള കൊട്ടാരത്തിന്റെ ഭൂരിഭാഗവും തടികൊണ്ട് നിർമിച്ചതാണ്.

എടയ്ക്കൽ ഗുഹയുടെ കലാസാംസ്കാരിക പ്രാധാന്യം പരിഗണിച്ചാണ് രണ്ടാം ഘട്ടത്തിൽ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നത്. കേരള ചരിത്ര പൈതൃക മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ ലോക പൈതൃക സ്മാരക പട്ടികയിലേക്ക് ഇടം പിടിക്കുന്നതിനുള്ള ഗവേഷണ റിപ്പോർട്ട് കേരളം സമർപ്പിച്ചുകഴിഞ്ഞു. പുരാവസ്തു ഗവേഷകയായ ഡോ. എലിസബത്ത് തോമസിന് പൈതൃക സ്മാരക സ്പെഷ്യൽ ഓഫീസറുടെ ചുമതല നൽകിയതായും മന്ത്രി അറിയിച്ചു. ■

പത്രക്കാർക്കും പത്രസ്ഥാപനങ്ങൾക്കും നൽകുന്ന സേവനങ്ങൾ ഓൺലൈനിൽ നൽകും. അക്രഡിറ്റേഷൻ, പെൻഷൻ, പരസ്യത്തുക തുടങ്ങിയവ ഓൺലൈൻ ആക്കുന്നതുമൂലം സേവനങ്ങൾ താമസം കൂടാതെ ലഭിക്കുകയും വിവരങ്ങൾ വേഗത്തിൽ കണ്ടെത്താനും കഴിയും. കൂടാതെ പെൻഷനും പരസ്യത്തുകയും നൽകുന്നതിന് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനവും ഏർപ്പെടുത്തും.

സംസ്ഥാനതല ഇൻഫർമേഷൻ ഹബ്ബ് തിരുവനന്തപുരത്ത് ആരംഭിക്കും. സർക്കാർ നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ചും മറ്റും സംസ്ഥാനത്തിന്റെ ഏത് ഭാഗത്തുനിന്നുമുള്ള അന്വേഷണങ്ങൾക്കും വഴികാട്ടിയാകുന്ന ഒരു വിവര കൈമാറ്റ കേന്ദ്രമാണിത്. കേന്ദ്ര -സംസ്ഥാന സർക്കാരുകളുടേയും സർക്കാർ സ്ഥാപനങ്ങളുടേയും പദ്ധതികളെക്കുറിച്ചും ഇവിടെ നിന്നും വിവരങ്ങൾ ലഭിക്കും.

കോട്ടയത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ കെട്ടിടം നിർമിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ട്. കെട്ടിടം പണി ഉടൻ ആരംഭിക്കും. അതുപോലെ ചലച്ചിത്ര-ടെലിവിഷൻ മാധ്യമങ്ങളുടെ നിർമാണ-വിപണനത്തിനുള്ള സൗകര്യങ്ങൾ

ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിന് തിരുവനന്തപുരത്ത് രാജ്യന്തര നിലവാരത്തിൽ ഒരു മീഡിയ സിറ്റി ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിക്കും.

ഫോട്ടോഗ്രാഫി വിഭാഗത്തിൽ ആധുനികവത്ക്കരണം എപ്രകാരം നടപ്പാക്കാമെന്ന് പഠിച്ച് ശുപാർശകൾ നൽകുന്നതിന് ഒരു കമ്മിറ്റിയെ നിയമിക്കും. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാലു മാസത്തിനുള്ളിൽ പദ്ധതി നടപ്പാക്കും.

സി-ഡിറ്റിന്റെ സാങ്കേതികവിദ്യ ലോകോത്തര നിലവാരത്തിലേക്കുയർത്തി



കിളിമാനൂർ രവിവർമ്മ സ്മാരകം സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് സന്ദർശിക്കുന്നു

## പാൽ ഉത്പാദനം ഇരട്ടിയാക്കുന്നതിന് ക്ഷീരഗ്രാമം പദ്ധതി

ക്ഷീരവികസന വകുപ്പിന്റെ പൈലറ്റ് പദ്ധതിയായ ക്ഷീരഗ്രാമം എറണാകുളത്തെ കുന്നുകരയിൽ നടപ്പാക്കും. നിലവിലുള്ള പ്രതിദിന പാലുത്പാദനം ഇരട്ടിയാക്കുന്നിനുള്ള പ്രത്യേക പാക്കേജാണിത്. ക്ഷീരവികസന വകുപ്പും മിൽമ ഫെഡറേഷനും മേഖലാ യൂണിയനുകളുമായി ചേർന്ന് മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ പാലുത്പാദനം വർധിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ 100 ദിവസത്തിനകം ആരംഭിക്കും. തിരുവനന്തപുരത്തെ സ്റ്റേറ്റ് കാറ്റിൽ ഫീഡ് ടെസ്റ്റിങ് ലാബ് പ്രവർത്തനക്ഷമമാക്കും. കൂടാതെ കണ്ണൂരിലെ ഡയറി പ്ലാന്റിന്റെ പണി പൂർത്തിയാക്കുമെന്നും മന്ത്രി അറിയിച്ചു.

## മലയോരവികസന ഏജൻസി പ്രവർത്തനം വിപുലീകരിക്കും

മലയോരമേഖലയുടെ സമഗ്രവികസനത്തിനുവേണ്ടി രൂപവത്കരിച്ച് മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ

> മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ നബാർഡിന്റെയും മറ്റു ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ വിപുലീകരിക്കും

നബാർഡിന്റെയും മറ്റു ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ വിപുലീകരിക്കുമെന്ന് ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. മലയോരവികസന ഏജൻസി 525 റോഡുകളിലായി 390 കി.മീ. പുനരുദ്ധരിക്കും. 34 റോഡുകളിലായി 25 കി.മീ. പുനരുദ്ധരിക്കുന്നതിന് അഞ്ചു കോടി രൂപ ബജറ്റിൽ ലഭ്യമാണ്. കൂടാതെ നബാർഡിൽനിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് 77 റോഡുകളിലായി 108 കി.മീ. പുനരുദ്ധരിക്കും. 2014-15 ൽ പൂർത്തിയാക്കാൻ സാധിക്കുന്ന മറ്റ് 90 റോഡുകളിൽ 67 കി.മീ. പുനരുദ്ധരിക്കുന്നതിനുള്ള തുക ധനപുനർവിനിയോഗത്തിലൂടെ കണ്ടെത്തും. 2015-16ൽ 50 കോടി രൂപ ഉപയോഗിച്ച് 324 റോഡുകളിലായി 190 കി.മീ. പുനരുദ്ധരിക്കാനാണ് ലക്ഷ്യമിടുന്നത്.

മഴക്കുഴികളുടെയും ചെറുകിട തടയണകളുടെയും നിർമാണത്തിന് മുൻഗണന നൽകും. കുളങ്ങളുടെ നവീകരണത്തിന് അഞ്ചു കോടി രൂപ ബജറ്റിൽ ലഭ്യമാണ്. 16 കുളങ്ങൾ 2015-16ൽ നവീകരിക്കും. നടപ്പുവർഷം 10 കോടി രൂപ ചെലവിൽ 33 പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതികളും നടപ്പിലാക്കും.

ആസൂത്രണ സാമ്പത്തീക കാര്യ വകുപ്പിന്റെ അധീനതയിലുള്ള വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ കോർപറേഷൻ, വർക്കലയുടെ സമഗ്രവികസനത്തിന് വിവിധ വകുപ്പുകളുടെ പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നു. വിനോദസഞ്ചാര സഹകരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന വർക്കല സെന്റർ ഫോർ പെർഫോർമിങ് ആർട്സിന്റെ ഒന്നാംഘട്ട നടത്തിപ്പിന് രണ്ട് ഏക്കർ സ്ഥലം ലഭിച്ചിട്ടുണ്ട്. സെന്ററിന്റെ നിർമാണം 100 ദിവസത്തിനുള്ളിൽ ആരംഭിക്കും. ■




ഓസ്ട്രേലിയയിലെ സിഡ്നിയിൽ ഡൂയിംഗ് ബിസിനസ് വിത്ത് ഇന്ത്യ എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ പ്രവാസികാര്യമന്ത്രി കെ.സി. ജോസഫ് സംസാരിക്കുന്നു

■ പ്രൊഫ. എം. സത്യപ്രകാശം

**ദേശീയോദ്ഗ്രഥനത്തെയും സാംസ്കാരിക നവോത്ഥാനത്തെയും മതസൗഹാർദത്തെയും ഊട്ടിയുറപ്പിക്കുന്നതായിരുന്നു ഗുരുദേവന്റെ ചിന്തയും പ്രവർത്തനവും**

# ദേശീയോദ്ഗ്രഥനം പ്രചരിപ്പിച്ച കർമയോഗി



ഒരു സഞ്ചിത സംസ്കാരത്തിന്റെ മഹോന്നതസ്ഥാനമാണ് ഭാരതത്തിനുള്ളത്. ധർമം ക്ഷയിക്കുകയും അധർമം പെരുകിവരുകയും ചെയ്തിരുന്ന കാലഘട്ടത്തിൽ, ഇവിടുത്തെ പട്ടിണിപ്പാവങ്ങളുടെയും താഴ്ന്ന ജാതിക്കാരുടെയും മോചനത്തിനായി അവതരിച്ച ജ്യോതിസ്സാണ് ശ്രീനാരായണ ഗുരുദേവൻ. അന്ധകാരത്തിലാണ്ടുപോയ ജനസമൂഹത്തിന് വെളിച്ചം പകരുകയാണ് യഥാർഥത്തിൽ ശ്രീനാരായണ ഗുരു ചെയ്തത്. 'തമസോമ ജ്യോതിർഗമയ' എന്ന ആദർശത്തിന്റെ പൊരുൾ അദ്ദേഹം പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കിത്തീർക്കുകയും ചെയ്തു. ദേശീയോദ്ഗ്രഥന ആശയങ്ങളുമായി ബന്ധപ്പെട്ടുപോരുന്ന ഭാഷ, വർഗം, മതം, ജാതി എന്നിവയ്ക്ക് അതീതമായി ജനങ്ങൾ എല്ലാം ഒന്നാണെന്ന് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും പ്രേരിപ്പിക്കുന്ന ഒരു വികാരമാണ് 'ദേശീയോദ്ഗ്രഥനം' എന്ന പദം കൊണ്ട് അർഥമാകുന്നത്. ഇതിന്റെ നാലതിരുകൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ വൈവിധ്യമാർന്ന ഇന്ത്യൻ ജനതയ്ക്ക് ആ സന്യാസി ശ്രേഷ്ഠൻ വെളിച്ചം പകരുകയും ചെയ്തു. ആ മഹാത്മാവ് ഇന്ത്യയ്ക്കു മാത്രമല്ല ലോകത്തിനു തന്നെ നൽകിയ അമൂല്യ ആശയങ്ങൾ അദ്ദേഹത്തിന്റെ ശിഷ്യന്മാർ വിശ്വത്തിലെങ്ങും പ്രചരിപ്പിക്കുകയുണ്ടായി. മഹാകവി കുമാരനാശാൻ ഈ ആശയത്തെവെച്ചുകൊണ്ട് 'പ്രഭാതനക്ഷത്രങ്ങൾ' എന്ന തലക്കെട്ടിൽ ഒരു കവിത രചിച്ചിട്ടുണ്ട്.

20 ാം നൂറ്റാണ്ടിന്റെ മധ്യകാലഘട്ടത്തിൽ സനാതനധർമത്തിന് കാര്യമായ ഉലച്ചിൽതട്ടി. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കൊടികുത്തിവാണ്, അധഃപതിക്കാൻ തുടങ്ങി. ആ സന്ദർഭത്തിൽ സനാതനമായ ധർമങ്ങളെ സമുദ്ധരിച്ച് സംരക്ഷണം നൽകാൻ അവതരിച്ച മഹാത്മാവാണ് ഗുരുദേവൻ. 'മനുഷ്യൻ' എന്ന ഒരൊറ്റമതത്തിനുള്ളിലായിരുന്നു ഗുരുവിന്റെ പ്രവർത്തനങ്ങൾ. ഈ മതത്തിൽ വിശ്വാസം അർപ്പിച്ച്, ലോകജനതയുടെ നന്മയ്ക്കുവേണ്ടിയാണ് സ്വാമികൾ ജീവിച്ചത്. എല്ലാവർക്കും തുല്യമായ പരിഗണന എന്ന സമത്വസിദ്ധാന്തത്തിന്റെ ശരിയായ പ്രവാചകനുമായിരുന്നു സ്വാമികൾ. സമത്വം, സാഹോദര്യം, ഏകമതവിശ്വാസം എന്നിവ മുൻനിർത്തി പ്രവർത്തിക്കുവാൻ ഗുരുദേവൻ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. അദ്ദേഹത്തിന് തന്റെ പ്രവൃത്തികളെയും വാക്കുകളെയും ഒരുമിച്ചുകൊണ്ടുപോകാനും കഴിഞ്ഞു.


സാമൂഹികനന്മയെ ഉന്നംവെച്ചുകൊണ്ട് തന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന് പരശ്ശതം പ്രതിബന്ധങ്ങളുമായി മല്ലിടേണ്ടിവന്നു. അവയെ ആത്മനിയന്ത്രണത്തോടുകൂടി നേരിടുന്നതിനാണ് ഗുരുദേവൻ യത്നിച്ചത്. ചട്ടമ്പിസ്വാമികൾ, ഡോ. പൽപ്പു, സരസകവി മൂലൂർ, മൂർക്കോത്തുകുമാരൻ, കെ.അയ്യപ്പൻ, ടി.കെ. മാധവൻ, ഗുരുനിത്യചൈതന്യയതി തുടങ്ങിയവർ ഗുരുവിന്റെ യത്നങ്ങൾക്ക് ശക്തിപകർന്നവരാണ്. അങ്ങനെ ആ ദിവ്യജ്യോതിസ്സ് അന്ധകാരത്തിന്റെ ആവരണങ്ങളെ ദൂരീകരിച്ചുകൊണ്ട് വിജയത്തിന്റെ വെന്നിക്കൊടി പാറിച്ചു. ആ വിജയം അവശതയിൽ ആണ്ടുകിടന്ന് മരിച്ചുമരവിച്ചുകൊണ്ടിരുന്ന ജനലക്ഷങ്ങളെ ഉണർത്തി ഉദ്ധരിക്കുകയും ശരിയായ ഏകീ

കരണം സാധ്യമാക്കുകയും ചെയ്തു. ജനങ്ങൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച്, അവർക്കുവേണ്ടി പ്രവർത്തിച്ചിരുന്ന സ്വാമികളെ അതേ ജനങ്ങൾതന്നെ നിന്ദിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്തു. എന്നാൽ അവരോട് സ്വാമികൾക്ക് വിദ്വേഷം ഉണ്ടായില്ല. മാത്രവുമല്ല അവർക്കുവേണ്ടിയുള്ള പ്രവർത്തനം പൂർവാധികം ഭംഗിയാക്കി. ഇതിൽ നിന്നും പ്രത്യക്ഷമായി മനസ്സിലാക്കാവുന്ന വസ്തുത അദ്ദേഹം സമത്വവും സാഹോദര്യവും വളർത്തുവാൻ സ്വജീവിതം തന്നെ ഹോമിച്ചു എന്നാണല്ലോ. ജനങ്ങൾ ഒന്നാണെന്ന് ചിന്തിപ്പിക്കുവാൻ പര്യാപ്തമായ ഒരു പ്രത്യേകവികാരം അഥവാ ദേശീയോദ്ഗ്രഥനം വളർത്തുവാനും അതുവഴി ജനങ്ങളെ ഒന്നാക്കിമാറ്റുവാനും ഗുരുദേവൻ നടത്തിയ ശ്രമങ്ങൾ ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ ഈ സിദ്ധിവിശേഷമാണ് ഇതരമഹാത്മാക്കളെ ഗുരുവുമായി അടുപ്പിച്ചത്. മഹാകവി കുമാരനാശാൻ, ഗുരുദേവന്റെ ആശയം തന്റെ ഒരു കവിതയിൽ പകർത്തിയിട്ടുണ്ട്.

> ദേശീയോദ്ഗ്രഥന സങ്കല്പവും ഹരിജനോദ്ധാരണവും നേടിയെടുക്കാൻ ആദ്യമായി അവശരായ ജനങ്ങളെ മറ്റുള്ളവരോട് സമാനമാക്കുവാൻ ശ്രമിച്ചു. ഗുരുദേവന്റെ ഈ ശ്രമം ഗാന്ധിജിയെയും ടാഗോറിനെയും ആകർഷിച്ചു. കേരളത്തിൽ നിലനിന്നിരുന്ന ജാതിസമ്പ്രദായം ഇവിടെയുള്ള ജനങ്ങളുടെ മനുഷ്യബന്ധങ്ങളെ അകറ്റി നിർത്തിയിരുന്നു.

'സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം
സ്നേഹിക്ക ഉണ്ണീ, നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും'

ഗുരുദേവന്റെയും ആശാന്റെയും ചിന്തകൾ സാംസ്കാരിക നവോത്ഥാനത്തെയും ദേശീയോദ്ഗ്രഥന സങ്കല്പത്തെയും മതസൗഹാർദത്തെയും ഊട്ടിയുറപ്പിക്കാൻ പര്യാപ്തമത്രെ. ആത്മജ്ഞാനം നേടാൻ വേണ്ടിയാണ് ഗുരുദേവൻ തപസ്സാരംഭിച്ചത്. കുളിരിളം തെന്നലും കുസുമനികുഞ്ജങ്ങളും പാട്ടുപാടുന്ന കുരുവികളും ആധ്യാത്മിക ചൈതന്യം വിളയുന്ന മരുത്വാമലകളും വനാന്തരങ്ങളും എല്ലാം ആ മഹാത്മാവിന് ആത്മജ്ഞാനം നേടുന്നതിന് ഉത്സാഹം പകർന്നുകൊടുത്തു. അനശ്വര തേജസ്സാർന്ന തന്റെ അനിതരസാധാരണമായ വ്യക്തിത്വവും ജ്ഞാനവുമെല്ലാം, അവശരും ആലംബഹീനരുമായ സാമാന്യ



# ആത്മസാക്ഷാത്കാരത്തിന്റെ കാവ്യസമ്പത്ത്

**സുകുമാർ അഴീക്കോട്**

അരുണോദയത്തെത്തുടർന്നുവരുന്ന സൂര്യപ്രഭപോലെ പരപ്പേറിയ ഒരു വിചാരവാരാശിയിലാണ്, രണ്ടാം ഘട്ടത്തെ പിൻതുടർന്നുവരുന്ന അനുഭൂതി ഘട്ടത്തിൽ, നാം എത്തിച്ചേരുന്നത്. വെറും ദേവസ്തുതികളുടെ നുരയല്ല. ആത്മസാക്ഷാത്കാരത്തിന്റെ തിരയാണ് ഈ ഘട്ടത്തിൽ പരന്നിരിക്കുന്ന്. 'ആത്മോപദേശശതകം', 'ദർശനമാല', 'ദൈവദശകം' തുടങ്ങി സ്ഥൂലത്തിൽ നിന്നു സൂക്ഷ്മതയിലേക്കു കടന്ന ആശയങ്ങൾ ഇരമ്പിമറിയുന്ന കൃതികൾ ഈ ഭാഗത്തിൽ വിലസുന്നു. ഇവയിൽ 'ആത്മോപദേശശതകം' മലയാളിയുടെ ഭഗവദ്ഗീതയാണ്. നവീനകേരളത്തിന്റെ അകമതിലിന്മേൽ എന്നെന്നേക്കുമായി കുറിക്കപ്പെട്ട പരിനിർമലസന്ദേശങ്ങൾ അതിൽ അന്തർഭവിച്ചവയാണല്ലോ. ഇതാ നോക്കൂ:

'അവനവനെന്നറിയുന്നതൊക്കെയോർത്താ-
ലവനിയിലാദിമമായൊരാത്മരൂപം;
അവരവരാത്മസുഖത്തിനാചരിക്കു-
ന്നവ, യപരന്നു സുഖത്തിനായി വരേണം'

പ്രഥമഘട്ടത്തിൽ കണ്ടതരം ഇന്ദ്രജാലങ്ങൾ ഇവിടെ ഒട്ടുമില്ലെന്നു മാത്രമല്ല, ഹൃദയസ്പർശിയായ ആത്മാർഥതയും സാരള്യവും പ്രസാദവും ഇവിടെ ഓളംവെട്ടുകകൂടി ചെയ്യുന്നു. ഈ ഗുണങ്ങൾക്കു മകുടോദാഹരണം-എന്നുതന്നെ പറയട്ടെ -ആണ് 'ദൈവദശകം' എന്ന ലഘുകൃതി. ആസ്തികരായ കേരളീയബാലരുടെ നാവിൻതലപ്പത്തു ചാഞ്ചാടുന്ന ആ രസബിന്ദുക്കളെ മറക്കുക അസാധ്യം;

ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ;

'ആത്മോപദേശശതകം' കൊണ്ട്, മുതിർന്ന കേരളത്തിന്റെ മാനസസാമ്രാജ്യത്തിൽ കനകസിംഹാസനത്തിൽ അഭിഷിക്തനായ ശ്രീനാരായണൻ, 'ദൈവദശകം' കൊണ്ട് പിഞ്ചുകേരളത്തിന്റെ ഹൃദയവേദിയിൽ കൊടിപറപ്പിച്ചിരിക്കുന്നു. കൈരളിക്ക് ഉപഹാരം ചെയ്യപ്പെട്ട ആദ്യത്തെ ബാലസാഹിത്യകൃതികളിൽ മികച്ച ഒന്നത്രേ 'ദൈവദശകം.'

## ദൈവദശകം

ദൈവമേ! കാത്തുകൊൾകങ്ങു കൈവിടാതിങ്ങു ഞങ്ങളെ;
നാവികൻ നീ ഭവാബ്ധിക്കൊരാവിവൻതോണി നിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണിത്തൊട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം നിന്നിലസ്പന്ദമാകണം.

അന്നവസ്ത്രാദി മുട്ടാതെ തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നുതന്നെ ഞങ്ങൾക്കു തമ്പുരാൻ.

ആഴിയും തിരയും കാറ്റും ആഴവും പോലെ ഞങ്ങളും
മായയും നിൻമഹിമയും നീയുമെന്നുള്ളിലാകണം.

നീയല്ലോ സൃഷ്ടിയും സ്രഷ്ടാവായതും സൃഷ്ടിജാലവും
നീയല്ലോ, ദൈവമേ! സൃഷ്ടിക്കുള്ള സാമഗ്രിയായതും.

നീയല്ലോ മായയും മായാവിയും മായാവിനോദനും
നീയല്ലോ മായയേ നീക്കിസ്സായുജ്യം നൽകുമാരനും.

നീ സത്യം ജ്ഞാനമാനന്ദം നീ തന്നേ വർത്തമാനവും
ഭൂതവും ഭാവിയും വേറല്ലോതും മൊഴിയുമോർക്കിൽ നീ.

അകവും പുറവും തിങ്ങും മഹിമാവാർന്ന നിൻപദം
പുകഴ്ത്തുന്നു ഞങ്ങളങ്ങേ, ഭഗവാനേ! ജയിക്കുക.

ജയിക്കുക, മഹാദേവ ദീനാവനപരായണ!
ജയിക്കുക, ചിദാനന്ദ! ദയാസിന്ധോ? ജയിക്കുക.

ആഴമേറും നിൻമഹസ്സാമാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം വാഴണം വാഴണം സുഖം.


ജനങ്ങൾക്ക് ഉപകാരപ്രദമാക്കാൻതക്ക ആത്മീയജ്ഞാനം ഉപനിഷത് പഠനത്തിലൂടെ അദ്ദേഹം നേടി. ദേശീയോദ്ഗ്രഥന പ്രവർത്തനവും ദളിതോദ്ധാരണവും അദ്ദേഹം ജീവിതലക്ഷ്യമാക്കി സ്വീകരിച്ച് അരുവിപ്പുറം ശിവക്ഷേത്രത്തിൽ സ്വന്തം കൈപ്പടയിൽ എഴുതിവെച്ച വരികളും ഈ ആശയത്തെയാണ് വിളംബരം ചെയ്യുന്നത്.

'ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്'

ദേശീയോദ്ഗ്രഥന സങ്കല്പവും ഹരിജനോദ്ധാരണവും നേടിയെടുക്കാൻ ആദ്യമായി അവശരായ ജനങ്ങളെ മറ്റുള്ളവരോട് സമാനമാക്കുവാൻ ശ്രമിച്ചു. ഗുരുദേവന്റെ ഈ ശ്രമം ഗാന്ധിജിയെയും ടാഗോറിനെയും ആകർഷിച്ചു. കേരളത്തിൽ നിലനിന്നിരുന്ന ജാതിസമ്പ്രദായം ഇവിടെയുള്ള ജനങ്ങളുടെ മനുഷ്യബന്ധങ്ങളെ അകറ്റി നിർത്തിയിരുന്നു. അന്നത്തെ ശോച്യസ്ഥിതിയെപ്പറ്റി ആശാൻ പറയുന്നത് നോക്കുക.

'തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർതമ്മിലുണ്ണാത്തോരിങ്ങനെ
ഒട്ടല്ലഹോ ജാതിക്കോമരങ്ങൾ'

അന്ന് താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രത്തിൽ പ്രവേശിക്കുവാൻ അവകാശമില്ലായിരുന്നു. അത് ശരിയല്ലെന്ന് ഗുരു വാദിച്ചു.



**ശ്രീനാരായണഗുരുവും കുമാരനാശാനും**

'ഈശ്വരാരാധന' മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമാണെന്ന് ആ യതിവര്യൻ അരുൾ ചെയ്തു. അധഃകൃതർക്കു വേണ്ടി സ്വയം ക്ഷേത്ര പ്രതിഷ്ഠ നടത്താൻ ഗുരു നിർബന്ധിതനായി. അങ്ങനെ അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തി. എതിർപ്പുകളുണ്ടായെങ്കിലും വീണ്ടും പല യിടങ്ങളിലും ഗുരുദേവൻ പ്രതിഷ്ഠകൾ നടത്തുകയും ക്ഷേത്രങ്ങൾ നിർമിക്കുകയും ചെയ്തു. അരുവിപ്പുറം ക്ഷേത്രപരിപാലനത്തിനായി നിർമിച്ച സംഘമാണ് പീൽക്കാലത്ത് 'ശ്രീനാരായണ ധർമപരിപാലനയോഗം' ആയിത്തീർന്നത്.

ആ കർമയോഗി പ്രതിഷ്ഠനടത്തിയിട്ടുള്ള എല്ലാ ക്ഷേത്രങ്ങളിലും നാനാജാതി മതസ്ഥർക്കും പ്രവേശിച്ച് ആരാധന നടത്തുവാൻ അനുവദിച്ചുകൊണ്ടുള്ള മഹത്തായ പ്രഖ്യാപനമായിരുന്നു അത്. ജാതിഭേദം കൂടാതെ ക്ഷേത്രങ്ങളിൽ എല്ലാവർക്കും ആരാധന നടത്താൻ അനുവദിച്ച ആ മനോഭാവം അദ്ദേഹത്തിന്റെ ദേശീയോദ്ഗ്രഥന പ്രവർത്തനത്തിന് ഉത്തമോദാഹരണമാണ്. സ്വാമികൾ വളരെ ദൂരം സഞ്ചരിക്കുകയും അവധൂതവൃത്തി നിർവഹിക്കുകയുമുണ്ടായി. ജനോപകാരപ്രദമായി പരിണമിക്കാവുന്ന അനർഘശക്തികളെ ഉള്ളിൽ നിർവഹിച്ചുകൊണ്ട് ജീവിച്ചു. ആവശ്യമുള്ളവർ കണ്ടറിഞ്ഞു പ്രയോജനപ്പെടുത്തിക്കൊള്ളത്തക്കവിധം തെക്കെ ഇന്ത്യയിലെ കാവേരി നദിപോലെ സ്വാമികൾ അവധൂതനായി ഒഴുകിക്കൊണ്ടിരുന്നു. ഗുരുദേവൻ നൽകിയിട്ടുള്ള പല തത്വങ്ങളും ദേശീയോദ്ഗ്രഥനത്തെ സഹായിക്കുന്നവയാണ്.

ഈ ഘട്ടത്തിൽത്തന്നെ പെട്ടെന്നു തിരുക്കുറളിലെ ചില ഭാഗങ്ങൾക്കും ഈശാവാസ്യോപനിഷത്തിനും ഗുരുദേവൻ എഴുതിയ വിവർത്തനങ്ങൾ തങ്ങളുടെ ഉത്കർഷത്തെപ്പറ്റി സ്വയം സംസാരിക്കുന്ന രണ്ടു ഖണ്ഡങ്ങൾ - രണ്ടിലെയും അതിപ്രസിദ്ധങ്ങളായ ആദ്യപദ്യങ്ങൾ തന്നെ - ഉദ്ധരിച്ചുകൊണ്ട് ഈ വിവർത്തനപ്രകരണത്തെ അവസാനിപ്പിക്കുന്നു.

തിരുക്കുറളിന്റെ ഭാഷയിൽ നിന്ന്:

"അകാരമാമെഴുത്താദിയാകുമെല്ലാമെഴുത്തിനും;
ലോകത്തിന്നേകനാമാദിഭഗവാനാദിയായിടും."

ഈശാവാസ്യത്തിന്റെ ഭാഷയിൽനിന്ന്:

"ഈശൻ ജഗത്തിലെല്ലാമാ-
വസിക്കുന്നതുകൊണ്ടു നീ
ചരിക്ക മുക്തനാ,യാശി-
ക്കരുതാരുടെയും ധനം."

ഏതു മതാചാര്യനും മണ്ഡലമായി മിന്നിത്തിളങ്ങുന്ന കാവ്യലാവണ്യം ശ്രീനാരായണനിലും പ്രതിഭാസിക്കുന്നുവെന്ന സംഗതിയിൽ സംശയത്തിനേ അവകാശമില്ല. യതിയിലുണ്ടായ ആ പ്രകാശത്തിന്റെ പുഞ്ജീഭാവമത്രേ 'അവനിവാഴ്‌വുകിനാവു കഷ്ടം', എന്നു പാടിയ മഹാകവിയുടെ കാവ്യപ്രസ്ഥാനം. ഒരു നിലയ്ക്കു നോക്കിയാൽ, ശ്രീനാരായണന്റെ കവനഹസ്തം ചെയ്ത ഏറ്റവും വലിയ ഉപകാരം കുമാരകവിയെ അതു സൃഷ്ടിക്കുകയും അനുഗ്രഹിക്കുകയും ചെയ്തുവെന്നതല്ലേ. ■

*പി.കെ. ബാലകൃഷ്ണന്റെ ശ്രീനാരായണ ഗുരു എന്ന പുസ്തകത്തിൽ നിന്നാണ് ഈ ലേഖനം (പ്രസാ: ഡി.സി. ബുക്സ്, 2012)*



ചെമ്പഴന്തിയിലെ വയൽവാരം വീട്

"ഒരുജാതി, ഒരുമതം, ഒരുദൈവം മനുഷ്യന്
ഒരുയോനി, ഒരാകാരം ഒരു ഭേദവുമില്ലതിൽ"

ഒരു ജാതി എന്നതുകൊണ്ട് മനുഷ്യജാതിയെയും ഒരു മതം എന്നുള്ളത് സ്നേഹമതമായും ഒരു ദൈവമെന്നത് വിശ്വാസത്തിന് അനുസരണമായി ആരാധിക്കുന്ന ശക്തി എന്നുമാണ് സ്വാമി ലക്ഷ്യമാക്കിയിട്ടുള്ളത്. ഏതെങ്കിലും മതത്തിൽ വിശ്വസിക്കണമെങ്കിൽ 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്നും ഗുരുദേവൻ ഉപദേശിച്ചു. ഒരു മതത്തോടും സ്വാമികൾക്ക് വിരോധമില്ല. സ്വാമികൾ ഒരു ഹിന്ദുവായി ജനിച്ചു ഹിന്ദുവായിത്തന്നെ മറ്റുള്ളവരുടെ ഇടയിൽ ജീവിച്ചു. എന്നാൽ അദ്ദേഹം എല്ലാ മതവിശ്വാസങ്ങളുടെയും അന്തഃസാരം ഉൾക്കൊണ്ടിരുന്നതായി നമുക്ക് കാണാൻ കഴിയും.

നിത്യസമാധാനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ അദ്ദേഹം ഉപദേശിച്ചു. ഏതൊരാളിനും തന്റെ വിശ്വാസത്തിനനുസരണമായി ആരാധന നടത്തുവാനുള്ള സ്വാതന്ത്ര്യമുണ്ട്. യഥാർഥത്തിൽ ദേശിയോദ്ഗ്രഥനസങ്കൽപത്തിന്റെയും സമത്വസാഹോദര്യത്തിന്റെയും മുഖം, ഗുരുദേവതത്വങ്ങളിൽ പ്രതിഫലിച്ചുകാണുന്നു. ഈ ലക്ഷ്യം സാധിക്കാൻ സർവതസമ്മേളനം വിളിച്ചുകൂട്ടുകയും മഹാസന്ദേശങ്ങൾ ജനങ്ങൾക്ക് പകർന്നുകൊടുക്കുകയും ചെയ്തു.

ഒരു ജാതിയിൽനിന്നല്ലോ
പിറന്നീടുന്നു സന്തതി
നരജാതിയിതോർക്കുമ്പോൾ
ഒരു ജാതിയിലുള്ളതാ



ശിഷ്യന്മാരോടൊപ്പം

മനുഷ്യരെല്ലാം ഒന്നാണെന്നും ഒരു ജാതിയാണെന്നും (മനുഷ്യജാതി) സമർഥിക്കുകയാണ് ഗുരുദേവൻ ഇവിടെ ചെയ്തത്. ജാതി ചോദിക്കരുത്, പറയരുത്, വിചാരിക്കരുത് എന്നും അദ്ദേഹം ജനങ്ങളെ ഉപദേശിച്ചിട്ടുണ്ട്. മനുഷ്യരുടെ മതം, വേഷം, ഭാഷ എന്നിവ എങ്ങനെ ഇരുന്നാലും അവരുടെ ജാതി ഒന്നായിത്തീർന്നാൽ അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന് ദോഷമില്ല എന്ന് ജനങ്ങളെ ഉദ്ബോധിപ്പിച്ചു. ഈ ആശയം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനാണ് സഹോദരനയ്യപ്പനും ശ്രമിച്ചത്. വിദ്യകൊണ്ടു സ്വതന്ത്രരാകുക, സംഘടനകൊണ്ട് ശക്തരാകുക എന്ന് ജനങ്ങളെ അദ്ദേഹം ഉപദേശിച്ചു. ഈ തത്വവും ദേശീയോദ്ഗ്രഥനപ്രചാരണത്തിന് കരുത്തേകാൻ പര്യാപ്തമാണ്. അനേക നൂറ്റാണ്ടുകാലത്തെ അടിമത്തം കൊണ്ട് മരവിച്ചുപോയ മനുഷ്യചേതനയെ തട്ടിയുണർത്തുകയും അതിനെപ്പറ്റിയുള്ള ബോധം ജനങ്ങളിലുണ്ടാക്കുകയും ചെയ്യാനാണ് ഗുരു ശ്രമിച്ചത്. വിദ്യാഭ്യാസപരമായി ഉണ്ടാകുന്ന ഏകീകരണവും ദേശീയോദ്ഗ്രഥന സങ്കല്പത്തോടുള്ള അനുഭാവവും പ്രദർശിപ്പിക്കുന്നു എന്ന വസ്തുതയും നമുക്ക് വിസ്മരിക്കാൻ സാധ്യമല്ല. സമുദായത്തിന് പൊതുവിൽ ഗുണപ്രദമായതും ആചാരം, വിദ്യാഭ്യാസം, വ്യവസായം തുടങ്ങിയവയെക്കുറിച്ച് പ്രചരണം നടത്താനും അദ്ദേഹം ജനങ്ങളെ ഉപദേശിച്ചു.

സത്യം, സമത്വം, അധർമഭയം, ശുചിത്വം, ആസ്തികത തുടങ്ങിയ ഗുണങ്ങൾ ജനങ്ങളിൽ വളർത്തിയെടുക്കാൻ വേണ്ടിയാണ് ശിവഗിരിതീർഥാടനം പോലെയുള്ള വലിയ പ്രസ്ഥാനങ്ങൾക്ക് രൂപം നൽകുവാൻ ഗുരുദേവൻ ജനങ്ങളോട് നിർദേശിച്ചത്.



# തുടിതാളമുയർന്നു ദേശത്തനിമ പദചലനങ്ങളായി





2014 ഫെബ്രുവരി 24 മുതൽ 27 വരെ കൊച്ചിയിൽ ആദ്യമായി രാജ്യാന്തര നാടൻ കലാമേള അരങ്ങേറി. ഫോക്‌ലോർ അക്കാദമദിയുടെ നേതൃത്വത്തിൽ നടന്ന കലാമേളയിൽ ആഫ്രിക്ക, കമ്പോഡിയ, നേപ്പാൾ, ശ്രീലങ്ക തുടങ്ങിയ വിദേശരാജ്യങ്ങൾ ഉൾപ്പെടെ ഇന്ത്യയിലെ 20 സംസ്ഥാനങ്ങളിൽ നിന്നുള്ള 500 ഓളം കലാകാരന്മാർ മേളയിൽ പങ്കെടുത്തു. എറണാകുളം, ഫോർട്ട് കൊച്ചി, തൃപ്പൂണിത്തുറ, കാക്കനാട് എന്നിവിടങ്ങളിലായി നടന്ന കലാമേള ആസ്വാദ കർക്ക് പുത്തൻ അനുഭവമായിരുന്നു.

കേന്ദ്ര ഭക്ഷ്യമന്ത്രി പ്രൊഫ. കെ.വി. തോമസ് മേള ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സാംസ്കാരിക മന്ത്രി കെ.സി. ജോസഫ്, എം.എൽ.എമാരായ ഹൈബി ഈഡൻ, ഡൊമനിക് പ്രസന്റേഷൻ, ലൂഡി ലൂയിസ്, ഫോക്‌ലോർ അക്കാദമി മെമ്പർകൂടിയായ ഡോ. എൻ. ജയരാജ് എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസി ഡന്റ് എൽദോസ് കുന്നപ്പിള്ളി, ഫോക്‌ലോർ അക്കാദമി വൈസ് ചെയർമാൻ സുരേഷ് കൂത്തുപറമ്പ്, സാംസ്കാരിക വകുപ്പ് സെക്രട്ടറി റാണി ജോർജ്, ഫോക്‌ലോർ അക്കാദമി സെക്രട്ടറി എം. പ്രദീപ് കുമാർ തുടങ്ങിയവർ പങ്കെ ടുത്തു.

കളമെഴുത്ത്, നാട്ടറിവു പാട്ടുകൾ, നാടൻ കലാമേള, ശില്പശാല തുടങ്ങി യവയും ആദ്യ രാജ്യാന്തര നാടൻകലാമേളയോട് അനുബന്ധിച്ച് നടന്നു.

# രാജ്യാന്തര നാടൻ കലാമേള


















international
folk fest of
kerala 2014


South Zone Cultural Centre
East Zone Cultural Centre, Kolkotta
LTURAL CENTRE, THANJAVUR & EASTER
IN ASSOCIATION WIT
ERALA FOLKLO
MENT OF
Bhuratotsav and Purvots






എം.സി. രാജനാരായണൻ

# ഏകാന്തവർഷങ്ങളും മഞ്ഞശലഭങ്ങളും

**വായനക്കാരെ വിസ്മയിപ്പിച്ച മാർകേസിന്റെ മാജിക്കൽ റിയലിസത്തിന് ദൃശ്യഭാഷ ഒരുക്കുന്നതിൽ ചലച്ചിത്രലോകം പരാജയപ്പെട്ടു – നോ വൺ റൈറ്റ്സ് ടു കേണലൊഴികെ**

അമേരിക്കൻ സാഹിത്യകാരനും നൊബേൽ പുരസ്കാര ജേതാവുമായ സോൾ ബെല്ലോയെപ്പോലെ സിനിമയുമായി അടുത്ത ബന്ധം പുലർത്തിയ എഴുത്തുകാരനായിരുന്നു ലാറ്റിൻ അമേരിക്കൻ ഇതിഹാസമായ ഗബ്രിയേൽ ഗാർസിയ മാർകേസ്. കൊളംബിയൻ നോവലിസ്റ്റായ മാർകേസിന്റെ സാഹിത്യവും ജീവിതവും എന്നും വിസ്മയകരമായിരുന്നു. സോൾ ബെല്ലോയെപ്പോലെ മാർകേസും സിനിമയ്ക്കായി തിരക്കഥകൾ രചിക്കുകയും അദ്ദേഹത്തിന്റെ പല സാഹിത്യ കൃതികളും സിനിമയിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ മാർകേസിനെ നൊബേൽ സമ്മാനത്തിന് അർഹനാക്കിയ 'ഏകാന്തതയുടെ നൂറു വർഷങ്ങൾ' എന്ന നോവൽ സിനിമയിലേക്ക് മൊഴിമാറ്റം ചെയ്യുവാൻ ലാറ്റിൻ അമേരിക്കയ്ക്ക് അകത്തും പുറത്തും നിരവധി ശ്രമങ്ങൾ നടന്നുവെങ്കിലും അത് സഫലീകരിക്കാതെ പോവുകയായിരുന്നു. ചലച്ചിത്രഭാഷയ്ക്ക് എളുപ്പം വഴിപ്പെടുന്ന കൃതിയല്ലെന്ന തിരിച്ചറിവുതന്നെ കാരണം. മാത്രവുമല്ല മാർകേസിന് തന്റെ മാസ്റ്റർപീസ് സിനിമയാക്കുന്നതിൽ



വലിയ താത്പര്യവുമില്ലായിരുന്നു. വൺ ഹൺഡ്രഡ് ഇയേഴ്സ് ഓഫ് സോളിറ്റ്യൂഡ് സിനിമയാക്കുന്നതിന് അനുകൂലമായും പ്രതികൂലമായും നിരവധി പ്രമുഖ എഴുത്തുകാരും ചലച്ചിത്രകാരന്മാരും അണിനിരന്നപ്പോഴും അത് സംവിധാനം ചെയ്യുവാൻ ഏറ്റവും അർഹതയുണ്ടായിരുന്ന ഇഗ്‌മാർ ബെർഗ്മാൻ സംവാദങ്ങളിൽ നിന്നും വിവാദങ്ങളിൽ നിന്നും വിട്ടുനിൽക്കുകയാണ് ചെയ്തത്. മാർകേസിന്റെ രചനാശൈലിയോടും മാജിക്കൽ റിയലിസത്തോടും ചേർത്തുവായിക്കാവുന്ന ബർഗ്മാന്റെ ക്രൈസ് ആൻഡ് വിസ്പേഴ്സ്, ഫാനി ആൻഡ് അലക്സാണ്ടർ തുടങ്ങിയ ക്ലാസിക്കുകൾ കണ്ടിട്ടുള്ള മാർകേസും അങ്ങനെയാരാഗ്രഹം പരസ്യമായെങ്കിലും പ്രകടിപ്പിച്ചിരുന്നില്ല. ബർഗ്മാൻ, ഫെഡറിക്കോ ഫെല്ലിനി, അകിരോ കുറസോവ തുടങ്ങിയ സിനിമയിലെ എക്കാലത്തെയും മഹാരഥന്മാർക്കു മാത്രം കൈവെക്കാവുന്നതും സഫലീകരിക്കാവുന്നതും പരിഭാഷയിൽ ആധികാരികത പുലർത്താവുന്നതുമായ കൃതിയാണ് ഏകാന്തതയുടെ നൂറ് വർഷങ്ങൾ.

ഏകാന്തതയുടെ നൂറ് വർഷങ്ങൾ ഉൾപ്പെടെയുള്ള മാർകേസിന്റെ നോവലുകൾ എല്ലാം തന്നെ ദൃശ്യപ്രധാനമാണ്. പൊതുവെ നല്ല സാഹിത്യകൃതികളെല്ലാം തന്നെ വായനക്കാരനെ വാക്കുകളിൽ നിന്ന് ദൃശ്യങ്ങളിലേക്കുതന്നെയാണ് നയിക്കുക. ആ ദൃശ്യങ്ങൾ എത്രമാത്രം ശക്തവും സുരഭിലവും ഹൃദയസ്പർശിയുമാണെന്നതാണ് ഒരു എഴുത്തുകാരന്റെ മഹത്വം നിശ്ചയിക്കുന്നത്. ഒരർഥത്തിൽ വായനക്കാരനും കാണിതന്നെയാണ്. വായനയിലൂടെ അക്ഷരങ്ങൾ കാഴ്ചയ്ക്ക് വഴിമാറുമ്പോൾ കഥയിലെ കഥാപാത്രങ്ങൾ ജീവനുള്ളവരായി അയാളുടെ മനസ്സിലെത്തുന്നു. അപ്പോൾ മാർകേസിന്റെ ഉർസുല വായനക്കാരന്റെ ഉർസുലയായിമാറുന്നു. മൊഴിമാറ്റത്തിന് വഴങ്ങുന്നതാണ് മാർകേസിന്റെ കൃതികളെങ്കിലും അവയിലെ മാജിക്കൽ റിയലിസം അതിന്റെ ശക്തി സൗന്ദര്യങ്ങളോടെ സിനിമയിൽ ആവിഷ്കരിക്കുകയെന്നത് ഏളുപ്പമല്ല.

## ദൃശ്യാവിഷ്കാരം ദുഷ്കരം

കഥാപാത്രങ്ങൾ എന്നപോലെ പ്രധാനമാണ് മാർകേസ് രചനകളിൽ അവർ പ്രത്യക്ഷപ്പെടുന്ന പശ്ചാത്തലം. ഏകാന്തതയുടെ നൂറ് വർഷങ്ങളിലെ ഒരു കഥാപാത്രം പ്രത്യക്ഷപ്പെടുമ്പോഴെല്ലാം അയാളുടെ ചുറ്റും മഞ്ഞ ശലഭങ്ങളുണ്ട്. സിനിമയിൽ അതിന്റെ സ്വാഭാവികമായ ചിത്രീകരണം ദുഷ്കരമായിരിക്കും - അവിശ്വസനീയവും. എന്നാൽ മാർകേസ് ആ കഥാപാത്രത്തെക്കുറിച്ച് പിന്നീട് പറഞ്ഞത് അത് പ്രതീകാത്മകമോ മാജിക്കൽ റിയലിസമോ ഒന്നുമല്ലെന്നും യഥാർഥ ജീവിതത്തിൽ അദ്ദേഹം കണ്ടുമുട്ടിയ ഒരു വ്യക്തിയുടെ പുനരാവിഷ്കാരമാണെന്നുമാണ്. അതാണ് ലാറ്റിൻ അമേരിക്കൻ യാഥാർഥ്യം! വിസ്മയത്തിന്റെ തലം, വർണങ്ങളുടെ ലയം യാഥാർഥ്യത്തെ മാജിക്കൽ ആക്കി ഇന്ദ്രജാലത്തിന്റെ പൊലിമ നൽകുന്നു. ഏകാന്തതയുടെ നൂറു വർഷങ്ങളിൽ ആദ്യമായി ഐസ് കാണുന്നതിന്റെ, കടൽ കാണുന്നതിന്റെ വർണനയുണ്ട്. അതെല്ലാം ദൃശ്യവത്കരണത്തിൽ സഫലമാകുക ഏറെ ദുഷ്കരം തന്നെ. ബാഹ്യകാഴ്ചയും ആന്തരിക ചിന്തയും ചേർന്നൊരു അനുഭൂതിയുടെ രസരുചിരമായ അനുഭവം ദൃശ്യാവിഷ്കാരത്തിന് വഴങ്ങുന്നതല്ല. ആവിഷ്കാരത്തിന്റെ മൗലികമായ മറ്റൊരു തലം, കാഴ്ചയുടെ നവീനമായൊരു പാത കണ്ടെത്തേണ്ടിവരുന്നു.




ക്രോണിക്കിൾ ഓഫ് എ ഡെത്ത് ഫോർടോൾഡ്

ദി വുമൺ ഹു കെയിം അറ്റ് സിക്സ് ഓ ക്ലോക്, ഇന്നസെന്റ് എറൻഡ്രിയ തുടങ്ങിയ മാർകേസ് കഥകൾ ത്രില്ലർ ഫോർമാറ്റിലെ പടങ്ങൾക്ക് പ്രമേയമാക്കാമെങ്കിലും സാഹിത്യത്തിലെ വിജയം സിനിമയിൽ ലഭിക്കുമോ എന്നത് സംശയകരമാണ്. സാധാരണ കഥയിലും നോവലിലുമെല്ലാം പരിണാമഗുപ്തി പ്രധാനമെങ്കിലും അതേക്കുറിച്ച് തീരെ ആകുലപ്പെടാത്ത രചയിതാവാണ് മാർകേസ്. അന്ത്യരംഗം അല്ലെങ്കിൽ കഥയുടെ ക്ലൈമാക്സ് ആദ്യം തന്നെ പറയുവാൻപോലും മടിക്കാത്ത ആത്മവിശ്വാസം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു.




'ക്രോണിക്കിൾ ഓഫ് എ ഡെത്ത് ഫോർ ടോൾഡ്' ഇത്തരത്തിൽ അന്ത്യരംഗത്തെക്കുറിച്ച് ആദ്യം പ്രസ്താ



വിക്കുന്നു. പിന്നീട് ഈ കഥ സിനിമയായപ്പോൾ ശ്രദ്ധിക്കപ്പെട്ടുവെങ്കിലും നോവലിനു ലഭിച്ച സ്വീകാര്യത സിനിമയ്ക്ക് നേടാനായില്ല. വായനയുടെ അനുഭവത്തിൽ നിന്ന് കാഴ്ചയുടെ അനുഭവത്തിലേക്കുള്ള ചുവടുമാറ്റത്തിൽ സംഭവിക്കുന്ന നഷ്ടവും കോട്ടവും 'ക്രോണിക്കിൾ ഓഫ് എ ഡെത്ത് ഫോർ ടോൾഡ്' പറയുന്നു.

> കോളറക്കാലത്തെ പ്രണയം നൽകുന്ന വായനാനുഭവത്തോട് ഒരു രീതിയിലും നീതി പുലർത്താനാവാതെ ദൃശ്യാനുഭവം കടപുഴകി വീഴുമ്പോൾ മാർകേസ് സാഹിത്യം എളുപ്പത്തിൽ സിനിമയ്ക്കു വഴങ്ങുന്നതല്ലെന്നതിന് ഒരിക്കൽക്കൂടി അടിവര വീഴുകയാണ്.

ഉപജീവനത്തിന് പത്രപ്രവർത്തനമെന്നപോലെ മാത്രമേ സിനിമയുമായുള്ള മാർകേസിന്റെ ബന്ധത്തെ കാണാനാകൂ. സാഹിത്യത്തിലൂപരി മറ്റൊരു സർഗാത്മക പ്രവർത്തനത്തിലും വ്യാപരിക്കാനാവാത്ത മാനസികാവസ്ഥയും പ്രതിബദ്ധതയുമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. സോൾ ബെല്ലോയെപ്പോലെ ഉപജീവനത്തിന്റെ വഴിത്താരയായി മാത്രമാണ് മാർകേസും സിനിമയെ കണ്ടത് എന്നത് സ്പഷ്ടമാണ്. നൊബേൽ സമ്മാനം സമ്മാനം ലഭിച്ചതിനുശേഷം അദ്ദേഹം സിനിമാബന്ധം പാടെ ഉപേക്ഷിക്കുകയും ചെയ്തു. പിന്നീട് സ്വന്തം കൃതികൾ സിനിമയാക്കുവാൻ സമ്മതം നൽകുക മാത്രമാണ് മാർകേസ് ചെയ്തത്. വലിയ സമ്മർദമുണ്ടായിരുന്നെങ്കിലും അദ്ദേഹം തിരക്കഥയെഴുതുവാൻ വിസമ്മതിച്ചിരുന്നു.

'ലൗ ഇൻ ദി ടൈം ഓഫ് കോളറ' (കോളറാ കാലത്തെ പ്രണയം) ദൃശ്യാവിഷ്കാരത്തിൽ പരാജയപ്പെട്ട അതുല്യ കൃതിയാണ്. സാഹിത്യത്തിന്റെ ഭൂമികയിൽ അതിന്റെ സ്ഥാനം അദ്വിതീയമെങ്കിലും സിനിമയിൽ അത് ചലനം സൃഷ്ടിച്ചില്ല. പല തലങ്ങളിലും അർഥസമ്പന്നവും ചിന്തോദ്ദീപകവുമായ ചരിത്രവും പ്രണയവും രാഷ്ട്രീയവും എല്ലാം പ്രവഹിക്കുന്ന 'കോളറക്കാലത്തെ പ്രണയം' അത്രയും വലിയൊരു ക്യാൻവാസിലെ പൂർണതയുടെ ഛായാചിത്രംപോലെയാണ്. വാർധക്യത്തിന്റെ സമസ്യകൾ, ഏകാന്തതയും ജീവിതകാമനയും ഏകാകിതയും ആസക്തിയും മോഹവും വിരക്തിയും അനുപമമായ രീതിയിൽ ആവിഷ്കരിക്കപ്പെട്ട കോളറക്കാലത്തെ പ്രണയം നൽകുന്ന വായനാനുഭവത്തോട് ഒരു രീതിയിലും നീതിപുലർത്താനാവാതെ ദൃശ്യാനുഭവം കടപുഴകി വീഴുമ്പോൾ മാർകേസ് സാഹിത്യം എളുപ്പത്തിൽ സിനിമയ്ക്കു വഴങ്ങുന്നതല്ലെന്നതിന് ഒരിക്കൽക്കൂടി അടിവര വീഴുകയാണ്. ഒരു പക്ഷെ വൈൽഡ് സ്ട്രോബറീസ് (ബർഗ്മാൻ) പോലെ ഒരു ക്ലാസിക്കായി മാറേണ്ടിയിരുന്നതാണ് കോളറക്കാലത്തെ പ്രണയം. പക്ഷെ ഏത് തള്ളണം ഏത് കൊള്ളണം എന്ന കടമ്പ കടക്കാനാവാതെ കൃതിയിലേക്കുള്ള മൊഴിമാറ്റം അസാധ്യമാകുകയാണ്.

മാർകേസിന്റെ രാഷ്ട്രീയ ബന്ധങ്ങൾ സുവിദിതമാണല്ലോ. അദ്ദേഹത്തിന്റെ ആദ്യ വായനക്കാരനും വിമർശകനും ആത്മാർഥ സുഹൃത്തുമായിരുന്ന സാക്ഷാൽ ഫിഡൽ കാസ്ട്രോ തന്നെയായിരുന്നു. രാഷ്ട്രീയകാര്യങ്ങളിൽ, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ തമ്മിലെ പ്രശ്നങ്ങളിൽ തുറന്ന അഭിപ്രായ പ്രകടനം നടത്തുക മാത്രമല്ല ശക്തമായ നിലപാടുകൾ സ്വീകരിച്ച് തർക്കങ്ങളിൽ ഇടപെട്ടുകൊണ്ട് പരിഹാരങ്ങൾക്കായി ഉദ്യമങ്ങൾ നടത്തുവാനും ശ്രദ്ധിച്ചിരുന്നു. എന്നാൽ സിനിമാ രംഗത്തെ ബന്ധങ്ങളെക്കുറിച്ചും തന്റെ ഇഷ്ടാനിഷ്ടങ്ങളെക്കുറിച്ചും അദ്ദേഹം ഏറെയൊന്നും വാചാലനായില്ല. സ്വന്തം കൃതികളെ ആധാരമാക്കി നിർമിച്ച ചിത്രങ്ങളെപ്പോലും വിലയിരുത്തുന്നതിലും വിമർശിക്കുന്നതിലും അദ്ദേഹം വിമുഖനായിരുന്നു.



ലൗ ഇൻ ദി ടൈം ഓഫ് കോളറ

## ആരും കേണലിന് എഴുതുന്നില്ല

ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ, ആരാധ്യനായ എഴുത്തുകാരനായ ഗബ്രിയ ഗാർസിയ മാർകേസിന്റെ ഐതിഹാസിക രചനയായ 'കുലപതിയുടെ ശരത്കാലം' (The autumn of the patriarch) സിനിമയാക്കുവാനുള്ള ചർച്ചകളും വഴിമുട്ടി നിൽക്കുകയാണ് ചെയ്തത്. മഹത്തും ബൃഹത്തുമായ നോവലിന്റെ ഒരു സംക്ഷിപ്തരൂപം സിനിമയാക്കി ഒരുക്കിയ സംവിധായകർക്കൊന്നും അദ്ദേഹത്തിന്റെ അനുവാദം ലഭിച്ചില്ല. മാർകേസ് കഥകൾ സിനി




നോ വൺ റൈറ്റ്സ് ടു കേണൽ

മയ്ക്ക് എളുപ്പം വഴങ്ങുന്നതല്ലെന്നതിന് തെളിവുകൾ ലഭിച്ചിട്ടും വീണ്ടും സംവിധായകർ മാർകേസ് നോവലുകൾ തേടിയെത്തുവാനുള്ള പ്രധാന കാരണം അദ്ദേഹത്തിനുണ്ടായിരുന്ന ആഗോള പ്രശസ്തി തന്നെയെന്ന് നിസ്സംശയം പറയാം. ഏകാന്തതയുടെ നൂറ് വർഷങ്ങൾ ലോകത്താകെ മുപ്പതിലധികം ഭാഷകളിൽ വിവർത്തനം ചെയ്യപ്പെടുകയും മുപ്പതുകോടിയിലധികം കോപ്പികൾ വിറ്റഴിക്കപ്പെടുകയും ചെയ്ത കൃതിയാണ്. മലയാളത്തിലെ പ്രമുഖ സാഹിത്യകാരന്മാരുടെ കൃതികൾക്ക് ലഭിക്കുന്ന പ്രാധാന്യവും വരവേല്പും വില്പനയുമാണ് കേരളത്തിലും 'ഏകാന്തതയുടെ നൂറ് വർഷങ്ങൾ' നേടിയത്.

സിനിമയെന്ന നിലയിൽ മറ്റു കൃതികളേക്കാൾ സഫലമായ മാർകേസ് നോവലാണ് 'ആരും കേണലിന് എഴുതുന്നില്ല' എന്നത്. ആർതുറോ റിപ്സ്റ്റിൻ എന്ന വിഖ്യാതസംവിധായകൻ ഒരുക്കിയ 'നോ വൺ റൈറ്റ്സ് ടു ദി കേണൽ' (1999) മാർകേസിയൻ മാജിക് സെല്ലുലോയ്ഡിൽ പിടിച്ചെടുക്കുന്നതിൽ ഏറെക്കുറെ വിജയം കണ്ടെത്തിയ സൃഷ്ടിയാണ്. മാർകേസിയൻ രചനയുടെ മർമം അറിഞ്ഞുകൊണ്ടുള്ള അവതരണമാണ് റിപ്സ്റ്റീൻ സാക്ഷാത്കരിച്ചത്. കോളറക്കാലത്തെ പ്രണയത്തിലെന്നപോലെ വൃദ്ധദമ്പതികളാണ് 'നോ വൺ റൈറ്റ്സ് ടു കേണ'ലിലെയും പ്രധാന കഥാപാത്രങ്ങൾ. ഏകാന്തവും ദുരിതപൂർണവും രോഗഗ്രസ്തവുമായ ജീവിതം നയിക്കുകയാണ് അവർ. പട്ടാളത്തിൽനിന്ന് കാൽ നൂറ്റാണ്ടിനുമുമ്പ് പിരിഞ്ഞ കേണലിന് അതുവരെ പെൻഷൻ അനുവദിച്ചുകിട്ടിയിരുന്നില്ല. ദിവസവും കേണൽ പോസ്റ്റ്മാനെയും കാത്തിരിക്കുന്നു - എഴുത്തിനും പെൻഷൻ ലഭിക്കുമെന്ന അറിയിപ്പിനുമായി. എന്നാൽ പോസ്റ്റ്മാന്റെ കയ്യിൽ കേണലിനുള്ള കത്ത് മാത്രമുണ്ടായിരുന്നില്ല. ദാരിദ്ര്യത്തിന്റെ നാളുകളിലും ആസ്ത്മാ രോഗിയായ ഭാര്യയുടെ പരിചരണത്തിലും മനംമടുക്കാതെ പ്രതീക്ഷയോടെയാണ് കേണൽ ഭാവിയെ നോക്കുന്നത്. അകാലത്തിൽ അസ്വഭാവിക മരണത്തിനിരയായ മകന്റെ പോർക്കോഴിയെ കേണൽ പൊന്നുപോലെ നോക്കിയിരുന്നു. ഒരിക്കൽ അവൻ അങ്കത്തിൽ വിജയിച്ച് വലിയ സമ്പത്ത് നേടിത്തരുമെന്ന് കേണൽ വൃഥാ സ്വപ്നം കാണുന്നു.

**ആർതുറോ റിപ്സ്റ്റിന്റെ സംവിധാനത്തിൽ 'നോ വൺ റൈറ്റ്സ് ടു കേണൽ' സാഹിത്യകൃതിയുടെ അന്തഃസത്തയുൾക്കൊണ്ട് ഐതിഹാസികമാനം നേടിയ ചലച്ചിത്രരചനയായി മാറിയിരിക്കുന്നു – മാർകേസ് മാജിക് സിനിമയിലെത്തിച്ച ഒരേയൊരു സിനിമ.**




നിത്യ ദാരിദ്ര്യത്തിലാണെങ്കിലും അങ്കക്കോഴിയെ ആരാധിക്കുന്ന തെരുവുപിള്ളേർക്ക് കേണലിനെ ഇഷ്ടവും ബഹുമാനവുമാണ്. മകന്റെ ഇഷ്ടക്കാരിയായിരുന്ന എന്നാൽ ഇപ്പോൾ മകന്റെ മരണത്തിന് കാരണക്കാരനെന്ന് സംശയിക്കുന്നവന്റെ വെപ്പാട്ടിയായ അഭിസാരിക വീട്ടുസാധനങ്ങൾ വാങ്ങി കേണലിനെ എൽപ്പിക്കുന്നുണ്ടെങ്കിലും കേണൽ അത് തിരസ്കരിക്കുന്നു. പെൻഷൻ ശരിയാക്കിക്കൊടുക്കാമെന്ന് മകന്റെ ശത്രു പറയുന്നതും അഭിമാനിയായ കേണൽ ചെവിക്കൊള്ളുന്നില്ല. അങ്കക്കോഴിയെ പലിശക്കാരന് വിറ്റ് സൂക്ഷിപ്പ് ഏറ്റെടുക്കുന്ന കേണൽ ഏറെ ഖിന്നനാണ്. എന്നാൽ ദുരന്തങ്ങളുടെ വലയത്തിൽപ്പെട്ട് ഉഴലുമ്പോഴും പെൻഷൻ വാർത്തയുമായി വരുന്ന പോസ്റ്റുമാനിലും അങ്കക്കോഴിയിലും കേണൽ പ്രതീക്ഷ പുലർത്തുന്നു.

ആർതുറോ റിപ്സ്റ്റിന്റെ സംവിധാനത്തിൽ 'നോ വൺ റൈറ്റ്സ് ടു കേണൽ' സാഹിത്യകൃതിയുടെ അന്തഃസത്തയുൾക്കൊണ്ട് ഐതിഹാസികമാനം നേടിയ ചലച്ചിത്രരചനയായി മാറിയിരിക്കുന്നു - മാർകേസ് മാജിക് സിനിമയിലെത്തിച്ച ഒരേയൊരു സിനിമ. ■

■ എസ്. സീതികുമാർ



# വീട്ടിലിരുന്നും ഹാർവാർഡ് ബിരുദം

**ഇന്റർനെറ്റിലൂടെ പ്രശസ്തമായ സർവകലാശാലകളുടേതുൾപ്പെടെ കോഴ്സുകൾ പഠിക്കാനും ബിരുദങ്ങൾ എടുക്കാനും സാധിക്കുന്ന മൂക്സ് അഥവാ മാസീവ് ഓൺലൈൻ ഓപ്പൺ കോഴ്സുകളെ പരിചയപ്പെടുത്തുന്നു**

മുപ്പത് വയസിനു താഴെ പ്രായമുള്ളവർ 62 ശതമാനം. ഇതിൽ 15 ശതമാനം പേർ 'ടെക് സാവി'കൾ. ഇന്റർനെറ്റ് നമ്മുടെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും കടന്നു കയറുന്നു. വിവര സാങ്കേതിക വിദ്യ ഒരു സൂപ്പർ ഹൈവേ പോലെ നീണ്ടു നിവർന്നു കിടക്കുന്നു. അതിരുകളില്ലാത്ത, തടസ്സങ്ങളില്ലാത്ത അറിവിന്റെ പ്രവാഹമാണ് വരുന്നത്.

അടുത്തിടെ ഒരു ഇംഗ്ലീഷ് പത്രത്തിലെ ഒരു ലേഖനത്തിലൂടെ കടന്നുപോയതു ഞാൻ ഓർത്തു. 'മൂക്സ്' (MOOCs) എന്ന ഒരു വാക്ക് മറന്നില്ല. കുറേ സമയം ആ ലേഖനം തപ്പി. എതാണ്ട് രണ്ടു മണിക്കൂർ. ലേഖനം കണ്ടു കിട്ടിയില്ല. പെട്ടെന്ന് മനസ്സിൽ തോന്നി 'നെറ്റിൽ' നോക്കാം. നെറ്റ് ഓൺ ചെയ്ത് ന്യൂസ് പേപ്പറിന്റെ പേര് ടൈപ്പു ചെയ്ത് മൂക്സിനെ കുറിച്ചുള്ള ലേഖനങ്ങൾ ആവശ്യപ്പെട്ടു. അതാ: 'മൂക്സ്'-നെ കുറിച്ച് ആ പത്രത്തിൽ വന്ന എല്ലാ ലേഖനങ്ങളും. ഞാൻ ആവശ്യപ്പെട്ടതിലോ ഉദ്ദേശിച്ചതിലോ അധികം വിവരങ്ങൾ.



## എന്താണ് 'മൂക്സ്'?

മാസീവ് ഓൺലൈൻ ഓപ്പൺ കോഴ്സുകൾ എന്നതാണ് 'മൂക്സ്'-ന്റെ പൂർണ രൂപം. ഇന്റർനെറ്റ് വഴി ലോകത്തുള്ള ഏതാണ്ട് എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്ന ഒരു സംവിധാനത്തെയാണ് മൂക്സ് എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. ജവഹർലാൽ നെഹ്റുവിനെ പോലെയുള്ളവർ ഹാർവാഡിൽ പഠിച്ചത് അവർക്ക് അതിനുള്ള സാമ്പത്തികശേഷിയുള്ളതുകൊണ്ടാണ് എന്നാണ് നാം മനസ്സിലാക്കിയത്. വളരെ വലിയ സമ്പത്തുള്ളവർക്കേ അന്ന് വിദേശത്ത് പോയി പഠിക്കാൻ കഴിഞ്ഞിരുന്നുള്ളു. ഇപ്പോൾ ഹാർവാഡിലോ, മാസാചുസറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലോ, സ്റ്റാൻഫോഡിലോ, യെലേയിലോ പഠിക്കുവാൻ അവിടെ പോകണമെന്നില്ല. നമ്മുടെ വീട്ടിലിരുന്നു പഠിക്കാം.

## ബ്ലാക്ക് ബോർഡിൽ നിന്ന് കീ ബോർഡിലേക്ക്

ബ്ലാക്ക് ബോർഡിൽ നിന്നും കീ ബോർഡിലേക്കുള്ളത് ഒരു വലിയ വിപ്ലവമാണ്. നിങ്ങളുടെ കംപ്യൂട്ടറിന്റെ കീബോർഡ് ഉപയോഗിച്ച് ലോകത്തിന്റെ ഏതു ഭാഗത്തുമിരുന്ന് ഇന്റർനെറ്റിലൂടെ മുകളിൽ സൂചിപ്പിച്ചതുപോലെയുള്ള പ്രശസ്തമായ സർവകലാശാലകളിലെ കോഴ്സുകൾ പഠിക്കാം. നിങ്ങളുടെ സാങ്കേതിക കഴിവുകൾ മെച്ചപ്പെടുത്താനും ഡിഗ്രി, ഡിപ്ലോമകൾ എടുക്കാനും നിങ്ങൾക്ക് ഇഷ്ടമുള്ള വിഷയങ്ങളിൽ കൂടുതൽ അറിവുനേടാനും തക്കതരത്തിലുള്ള നൂറുകണക്കിന് കോഴ്സുകളും പ്രഭാഷണങ്ങളും ലഭ്യമാകുന്ന ഇന്റർനെറ്റ് സൈറ്റുകൾ നിലവിലുണ്ട്.

## മൂക്സ് ലഭ്യമാകുന്ന ചില സൈറ്റുകൾ

Alison, UHI, Coursera, edX, Udactiy, Academic Earth, MIT Open Courseware, Online College Courses എന്നിവ ഓൺലൈൻ കോഴ്സുകൾ ലഭ്യമാക്കുന്ന സൈറ്റുകളാണ്. ഈ വിദേശ സൈറ്റുകളുടെ ചുവട് പിടിച്ച് ഇന്ത്യയിലും ഓൺലൈൻ കോഴ്സുകൾ നടത്തുന്ന സൈറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സിക്കിം മണിപ്പാൽ യൂണിവേഴ്സിറ്റിയുടെ smude.edu.in, Khan Academy എന്നിവയാണ് പ്രധാനം. പ്രസ്തുത സൈറ്റുകളിൽ പേര് രജിസ്റ്റർ ചെയ്ത് കോഴ്സുകൾക്ക് ചേരാം. നൂറു കണക്കിന് കോഴ്സുകൾ സൗജന്യമായി ലഭ്യമാണ്. സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഡിഗ്രി എന്നിവ വേണ്ടവർ ഓൺലൈനിലൂടെ പണം അടച്ച്, ഓൺലൈനിലൂടെ തന്നെ പരീക്ഷകൾ എഴുതി സർട്ടിഫിക്കറ്റുകൾ നേടാവുന്നതാണ്. ഹ്രസ്വകാല കോഴ്സുകളാണ് കൂടുതലും. മിക്ക കോഴ്സുകളും 12 ആഴ്ച മുതൽ 15 ആഴ്ച വരെ ദൈർഘ്യമുള്ളവമാത്രം. വെബ്സൈറ്റ് ഡെവലപ്പ്മെന്റ് പഠിക്കാൻ ഒരുമാസം മാത്രം ദൈർഘ്യമുള്ള കോഴ്സ് ഉണ്ട്. ഹാർവാഡ്, എം.ഐ.ടി., ബർക്ക്‌ലി പോലെയുള്ള യൂണിവേഴ്സിറ്റികളിലെ പ്രൊഫസർമാരും വ്യവസായ പ്രമുഖരും ക്ലാസുകൾ എടുക്കുന്ന വളരെയേറെ കോഴ്സുകൾ സൗജന്യമായി പഠിക്കാം എന്നത് ഒരു ഭാഗ്യം തന്നെയല്ലേ?

## ഇന്ത്യൻ വിദ്യാർഥികളുടെ പങ്കാളിത്തം

ഇത്തരം കോഴ്സുകൾ നൽകുന്ന Coursera, Udacily; edX എന്നീ അമേരിക്കൻ സൈറ്റുകളിൽ വളരെയധികം ഇന്ത്യൻ വിദ്യാർഥികൾ രജിസ്റ്റർ ചെയ്തു പഠിക്കുന്നു. ഇതിൽ ഏറ്റവും വലിയ സൈറ്റായ Coursera യിൽ 43 ലക്ഷം വിദേശ വിദ്യാർഥികൾ പഠിച്ചുവരുന്നു. ഇതിൽ ഇന്ത്യൻ വിദ്യാർഥികളുടെ വർധിച്ച പങ്കാളിത്തം അതിശയിപ്പിക്കുന്നതാണെന്നാണ് അവരുടെ അഭിപ്രായം. കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഇന്ത്യൻ വിദ്യാർഥികളുടെ പങ്കാളിത്തം 139 ശതമാനമായി വർധിച്ചു എന്ന് അവർ അഭിപ്രായപ്പെടുന്നു. മൂക്സ് താരതേമ്യന ഒരു പുതിയ സംരംഭമാണെന്ന നിലയ്ക്ക് ഇന്ത്യൻ വിദ്യാർഥികളുടെ പങ്കാളിത്തം ഇനിയും ഏറെ വർധിക്കും എന്നാണ് പ്രതീക്ഷ. ഉന്നതനിലവാരം പുലർത്തുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവുള്ള ഇന്ത്യയിലെ വിദ്യാർഥികൾക്ക് ഈ അവസരം ഒരു വലിയ അനുഗ്രഹം തന്നെയാണ്.

ഇന്ത്യയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസും, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളും ഓൺലൈൻ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഇവരും സൗജന്യ കോഴ്സുകളാണ് ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ പോർട്ടലുകൾ കേന്ദ്ര മാനവ വിഭവശേഷി മന്ത്രി പള്ളം രാജു ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്തു. അതുപോലെ തന്നെ ഐ.ഐ.ടി മുംബൈ വിദേശ സ്ഥാപനമായ edx മായി യോജിച്ച് കോഴ്സുകൾ നടത്താനും ആലോചിച്ചു വരുന്നു.

## കേരളത്തിലെ വിദ്യാർഥികൾ

കേരളത്തിലെ എത്ര വിദ്യാർഥികൾ ഈ അസുലഭ സന്ദർഭങ്ങൾ ഉപയോഗപ്പെടുത്തുന്നു എന്നു കണക്കുകളില്ല. എങ്കിലും കേരളത്തിൽ നിന്നുള്ള വിദ്യാർഥികളുടെ പങ്കാളിത്തം വളരെ കുറവായിരിക്കാനേ ഇടയുള്ളു. കാരണം സർക്കാർ തലത്തിലോ, സർവകലാശാല തലത്തിലോ, മാധ്യമങ്ങളുടെ തലത്തിലോ ഇതിനു വേണ്ട പ്രചാരണം ലഭിച്ചിട്ടില്ല എന്നതാണ് വാസ്തവം.

സർക്കാർ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ, വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ് - ASAP), സർവകലാശാലകൾ, എൻജിനീയറിങ് കോളെജുകൾ, ആർട്സ് & സയൻസ് കോളെജുകൾ, ഐ.ടി.ഐകൾ എന്നിവയൊക്കെ ഈ അവസരങ്ങൾക്ക് പരാമാവധി പ്രചാരണം കൊടുക്കുകയും ഉപയോഗപ്പെടുത്തുകയും വേണ്ടതാണ്. അതൊടൊപ്പം തന്നെ കോളേജ് പ്രവേശനത്തിന്റെ പ്രയാസം ഇല്ലാതാക്കി ഇന്റർനെറ്റിലൂടെ ലഭ്യമാകുന്ന ഈ കോഴ്സുകൾ നൽകുന്ന അസുലഭ അവസരം ഏറ്റെടുക്കാൻ വിദ്യാർഥികളും, യുവാക്കളും തയാറായി മുന്നോട്ടുവരണം. ■

*(ലേഖകൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പിന്റെ മുൻ ഡെപ്യൂട്ടി ഡയറക്ടറാണ്)*



■ ആർട്ടിസ്റ്റ് കാട്ടൂർ നാരായണപിള്ള

# അനശ്വരമായ ദേവയാനം

കേരള ചിത്രകലാരംഗത്തെ കുലപതിയായും പ്രഗത്ഭനായ വാഗ്മിയായും അനുഗൃഹീതനായ എഴുത്തുകാരനായും ധിഷണാശാലിയായ സാംസ്കാരികനായകനായും പ്രതിഭാസമ്പന്നത കൊണ്ട് വിഖ്യാതനായും ഒക്കെ പലവിധത്തിൽ പ്രകീർത്തിക്കപ്പെട്ട എം.വി. ദേവൻ 2014 ഏപ്രിൽ 29 ന് നമ്മെ വിട്ടുപിരിഞ്ഞു. നമുക്ക് വീണ്ടും ആദരാഞ്ജലികളർപ്പിക്കാം. ആറുപതിറ്റാണ്ടുകളിലായി കേരളത്തിലെ സർഗാത്മക കലകളിലെ ആധുനിക ഭാവുകത്വത്തെ സർവവിധത്തിലും സ്വാഗതം ചെയ്ത് പ്രോത്സാഹനം നൽകിയ കലാചാര്യനാണ് അന്തരിച്ച എം.വി. ദേവൻ.

ചിത്രകാരൻ, ശില്പി, വാസ്തുശില്പി, പ്രഭാഷകൻ, സംഘാടകൻ, ചിന്തകൻ എന്നിങ്ങനെ വിവിധമേഖലകളിൽ മികവുറ്റ പ്രവർത്തനമായിരുന്നു എം. വി. ദേവൻ തന്റെ കലാലോകത്തിലൂടെ ചെയ്തുവന്നിരുന്നത്. പൊതുസമൂഹത്തിൽ അർഹമായ നല്ല സ്ഥാനം ചിത്രകാരനും സ്വന്തം തന്നെയാണെന്നു വ്യക്തമാക്കുന്ന പ്രവർത്തനശൈലിയായിരുന്നു ഇദ്ദേഹത്തിന്റേത്. കെ. സി.എസ്. പണിക്കരുടെ ശിഷ്യനാകാൻ കഴിഞ്ഞതിൽ അങ്ങേയറ്റം സന്തുഷ്ടി പ്രകടിപ്പിച്ചുകൊണ്ടാണ് തന്റെ ജീവിതപന്ഥാവ് എം.വി. ദേവൻ ദൃഢപ്പെടുത്തി



എം.വി. ദേവൻ

യത്. മാതൃഭൂമിയിൽ ജോലി ചെയ്യുമ്പോൾ അദ്ദേഹം ഇല്ലസ്ട്രേഷനുവേണ്ടി ചെയ്ത രേഖാചിത്രങ്ങളെല്ലാം തന്നെ (അറുപതുകളിൽ) അന്നു കണ്ടവർക്കാർക്കും തന്നെ മറക്കാനാവാത്ത ദൃശ്യവശ്യത നിറഞ്ഞവയായിരുന്നു. രേഖകളുടെ ശക്തി ഒരു ചിത്രകാരന് തന്റെ വരകളിലൂടെ എത്രകണ്ട് അനുഭവസ്ഥമായി പ്രകടിപ്പിക്കാനാവുമെന്നതിന്റെ ഉത്തമോദാഹരണങ്ങളായിരുന്നു ദേവന്റെ ചിത്രീകരണങ്ങൾ.

പാരമ്പര്യകലകളുടെയും ആധുനിക ചിത്രകലയുടെയും സ്വഭാവവൈവിധ്യങ്ങളാൽ അറുപതുകളിൽ കേരളീയ പൊതുസമൂഹത്തിൽ നിലനിന്ന ആശയക്കുഴപ്പങ്ങളെ നീക്കി സംശുദ്ധമാക്കുന്നതിന് പ്രതിഭാശാലികളായ ചിലർ രംഗത്തുവന്നവരിൽ

ഗണനീയസ്ഥാനമർഹിക്കുന്ന പേരാണ് എം.പി. ദേവനുള്ളത്. ചിത്ര-ശില്പരചനകളിൽക്കൂടിയും പ്രഭാഷണങ്ങളിലും എഴുത്തുകളിലും കൂടി ആധുനിക കലയിലെ സ്വതസിദ്ധമായ ദുരൂഹതയെ എങ്ങനെ സമീപിക്കാനാവുമെന്ന് തനിക്കു ചുറ്റിനുമുള്ളവരെക്കൂടി ബോധവാന്മാരാക്കാൻ നല്ല പരിശ്രമം നടത്തിയ കലാകാരനാണ് ദേവൻ.



## വാസ്തുശില്പ പരീക്ഷണങ്ങൾ

ബഹുമുഖമായ പ്രവർത്തനരംഗങ്ങളാണ് എം.വി. ദേവന്റെ കലായാത്രയിൽ വന്നുപതിച്ചത്. വാസ്തുശില്പരംഗത്ത് അദ്ദേഹം തനതു സംഭാവനയാണ് നിറവേറ്റിയത്. കേരളത്തിൽ നിന്നുതന്നെ കിട്ടാവുന്ന പരമ്പരാഗത പദാർഥങ്ങൾ ഉപയോഗപ്പെടുത്തി ചിലവുകുറഞ്ഞതും അതിമനോഹരവുമായ പാർപ്പിടം എങ്ങനെ ചെയ്യാമെന്ന് എം.വി. ദേവൻ പരീക്ഷണാർഥം പ്രാവർത്തികമാക്കി. കേരളത്തിന്റെ പാരമ്പര്യസൗന്ദര്യം നിലനിർത്തുന്ന വാസ്തുശില്പഭംഗി പുതുരൂപകല്പനകൾ കൂട്ടിച്ചേർത്തുകൊണ്ട് തനിമനിറഞ്ഞ വീടുകൾ ആവശ്യാനുസരണം ദേവൻ നിർമിച്ചു പലർക്കും നൽകിയിട്ടുള്ളത് ദേവസ്മൃതികളുണർത്തി ഇന്ന് കേരളത്തിലൂടനീളം നിലനിൽക്കുന്നുണ്ട്.

കെ.സി.എസ്. പണിക്കർ മദിരാശിയിൽ ചോളമണ്ഡലം ചിത്രകാരഗ്രാമം സ്ഥാപിച്ച അവസരത്തിൽ അതിന്റെ പൂർത്തീകരണത്തിന് മുഴുവൻസമയ സഹായവും ദേവൻ തന്റെ ഗുരുവിന് നൽകുകയായിരുന്നു. മദിരാശിയിലെ ലളിതകലാ അക്കാദമിയുടെ സെക്രട്ടറിയായും ദേവൻ പ്രവർത്തിച്ചിട്ടുണ്ട്. ആലുവയിലെ ഉദ്യോഗമണ്ഡൽ-ഫെഡോയിലെ ആർട് കൺസൾട്ടന്റായും ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. താൻ പ്രവർത്തിച്ച എല്ലാ മേഖലകളിലും നവീന-ഉണർവ് പ്രസരിപ്പിക്കുന്നതിന് ദേവൻ വിജയിച്ച ചരിത്രമാണുള്ളത്. കേരള ലളിതകലാഅക്കാദമിയുടെ ചെയർമാനായി പ്രവർത്തിച്ചപ്പോൾ അതിന്റെ പഴയകാല പ്രവർത്തനങ്ങളുടെ പോരായ്മകൾ പരിഹരിച്ച് കാലോചിതമായ പരിഷ്കാരങ്ങൾ പലവിധത്തിൽ സ്വീകരിച്ചാണ് മുന്നോട്ടുപോയത്. കൊച്ചിയിലെ കലാപീഠം, മാഹിയിലെ കലാഗ്രാമം എന്നിവ രൂപപ്പെടുത്തുന്നതിന് പ്രധാന സ്ഥാപക സ്ഥാനം എം.വി. ദേവനുള്ളതുതന്നെ. താൻ ഏറ്റെടുക്കുന്ന സ്ഥാപനങ്ങളിലെ സജീവ പ്രവർത്തനങ്ങൾക്ക് യാതൊരു മടിയും കൂടതെ ഉറച്ച തീരുമാനങ്ങൾ എടുത്ത് നടത്തുന്നതിന് എം.വി. ദേവൻ കാണിച്ച കരുത്ത് അനുകരണീയമാണ്.

ദേവസ്പന്ദനം, ദേവയാനം, സ്വാതന്ത്ര്യം കൊണ്ട് നാം എന്തുചെയ്തു എന്നിങ്ങനെ ദേവൻ മൂന്ന് പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. രാജാരവിവർമ പുരസ്കാരം, മാതൃഭൂമി പുരസ്കാരം, എം.കെ.കെ. നായർ അവാർഡ്, മലയാറ്റൂർ രാമകൃഷ്ണൻ സ്മാരക അവാർഡ്, ലളിതകലാ അക്കാദമി ഫെല്ലോഷിപ്പ്, പ്രവാസ കൈരളി സാഹിത്യ പുരസ്കാരം, രാമാശ്രമം അവാർഡ്, മയിൽപ്പീലി പുരസ്കാരം, സാഹിത്യ അക്കാദമി വൈജ്ഞാനിക പുരസ്കാരം തുടങ്ങിയവ എം.വി. ദേവന് ലഭിച്ചിട്ടുണ്ട്.

## ജീവിതം

തലശ്ശേരിയിലെ നെടുമ്പ്രത്ത് ചൊക്ലി എന്ന ഗ്രാമത്തിൽ 1928 ജനുവരി 15 ന് ഗോവിന്ദൻ ഗുരുക്കളുടെയും മാധവിയമ്മയുടെയും മകനായി മഠത്തിൽ വാസുദേവൻ എന്ന എം.വി. ദേവൻ ജനിച്ചു. ജന്മസിദ്ധമായി വരയ്ക്കാനുള്ള അഭിരുചി തിരിച്ചറിഞ്ഞ എം.വി. ദേവൻ ചെറുപ്പത്തിലേ വരക്കാൻ തുടങ്ങി. 1944 ൽ 16 വയസ്സുള്ളപ്പോൾ എം.വി. ദേവൻ വരച്ച ഒരു രേഖാചിത്രം മാതൃഭൂമിയിൽ വരാനിടയായത് അദ്ദേഹത്തിന് എന്നും പ്രചോദനമായി നിന്നിരുന്നു. മാഹിയിലെ ഹൈസ്കൂളിൽ നിന്നും പത്താം ക്ലാസ് വിജയിച്ച് 1948 ൽ മദിരാശി സ്കൂൾ ഓഫ് ആർട്സിൽ ചിത്രകല പഠിപ്പിക്കുന്നതിന് പ്രവേശനം ലഭിച്ചു. അന്ന് അവിടെ ഡി.പി. റോയ് ചൗധരി പ്രിൻസിപ്പലും കെ.സി.എസ്. പണിക്കർ കലാധ്യാപകനുമായിരുന്നു. മികവുറ്റ ചിത്രകാരനായി മദിരാശി സ്കൂൾ ഓഫ് ആർട്സിൽ നിന്നും കോഴ്സ് പൂർത്തിയാക്കി പരീക്ഷകൾ വിജയിച്ച് കേരളത്തിലേക്കുവന്നു. 1952 ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ചിത്രകാരനായി ജോലിയിൽ തുടർന്നു. അന്ന് അദ്ദേഹം മാതൃഭൂമിയിൽ വരച്ച രേഖാചിത്രങ്ങൾ കേരളത്തിലെ വര-കലയ്ക്ക് പുതിയ മാനം നൽകുന്നതായിരുന്നു. ഉറൂബിന്റെയും വൈക്കം മുഹമ്മദ് ബഷീറിന്റെയുമെല്ലാം കഥകൾക്കും നോവലുകൾക്കും അന്ന് എം.വി. ദേവൻ വരച്ച ഇല്ലസ്ട്രേഷനുകൾ വായനക്കാരുടെ മനസ്സിൽ എക്കാലവും തങ്ങിനില്ക്കത്തക്കവിധം രൂപഭാവങ്ങൾ നിറഞ്ഞ മാതൃകകളായിരുന്നു.

1984 മുതൽ ആലുവയിൽ പുളിഞ്ചോടിന് സമീപം 'ചൂർണി' എന്ന അദ്ദേഹം തന്നെ രൂപകല്പന ചെയതു നിർമിച്ച വീട്ടിൽ കുടുംബസമേതം താമസമായി. ഭാര്യ ശ്രീദേവി 2012 ഒക്ടോബർ 22 ന് അന്തരിച്ചു. ജമീലയും ശാലിനിയും മക്കളാണ്. എം.വി. ദേവൻ എന്ന ധിഷണാശാലിയായ കലാകാരനിലെ വൈവിധ്യമാർന്ന വ്യക്തി-സവിശേഷതകളെയും അനുഭവങ്ങളെയും ഏറെ പഠിക്കാനും എഴുതുവാനും ധാരാളമുണ്ട്. വരുംതലമുറ അതിനു തയാറാവുമെന്ന് ആശിക്കാം. ■

■ സി.ആർ. രവി നമ്പ്യാർ

**കേരളീയ ചിത്രകലയിലെ ശ്രദ്ധേയമായ സ്ത്രീസാന്നിധ്യമായിരുന്നു ടി.കെ. പത്മിനി. ശോകദീപ്തമായ ഏകാന്തത അനാവരണംചെയ്യുന്ന അവരുടെ ചിത്രലോകത്തെപ്പറ്റി**

# അനശ്വരതയിലേക്കു പറക്കുന്ന പറവകൾ



ചിത്രരചനാരംഗത്ത് സ്ത്രീസാന്നിധ്യമായി കടന്നുവരികയും അകാലത്തിൽ അന്തരിക്കുകയും ചെയ്ത വിശ്രുത ചിത്രകാരിയാണ് ടി.കെ. പത്മിനി. രേഖകൾക്ക് താളാത്മകതയും ഘടനകൾക്ക് നൈസർഗികതയും പുലർത്തുന്ന പത്മിനിയുടെ രചനകൾ പലതും ജീവിതത്തോടുതന്നെ സംവദിക്കുന്നവയാണ്. ശോകദീപ്തമായ ഏകാന്തത അനാവരണം ചെയ്യുന്ന ചിത്രങ്ങൾ പലതും ആവിഷ്കാരത്തിൽ വ്യത്യസ്തത പുലർത്തുന്നു. ഗ്രാമീണതയും ഏകാന്തതയും ഇഷ്ടവിഷയങ്ങളാക്കിയ ഈ ചിത്രകാരിയുടെ രചനകൾ ഏറെ ശ്രദ്ധേയങ്ങളാണ്.

പഴയ പൊന്നാനി താലൂക്കിലെ തൊഴുക്കാട് കാടഞ്ചേരി തറവാട്ടിൽ 1940 മേയ് 12 ാം തീയതിയാണ് പത്മിനി ജനിച്ചത്. കാടഞ്ചേരി സ്കൂൾ, പൊന്നാനി ബസൽ മിഷൻ സ്കൂൾ, പൊന്നാനിയിലെ എ.വി. ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. 1956 ൽ എസ്.എസ്.എൽ.സി. പാസ്സായ അവർ 1961 ൽ മദ്രാസ് കോളേജ് ഓഫ് ഫൈൻ ആർട്സ് ആൻഡ് ക്രാഫ്റ്റ്സിൽ ചേരുകയും 1965 ൽ പെയിന്റിങ്ങിൽ ഒന്നാം റാങ്കോടെ ഡിപ്ലോമ നേടുകയും ചെയ്തു. തുടർന്ന് 1969 വരെ മദ്രാസ് വിദ്യോദയ ഗേൾസ് സ്കൂൾ, ആദർശ് മെട്രിക്കുലേഷൻ സ്കൂൾ എന്നിവിടങ്ങളിൽ ചിത്രകലാ അധ്യാപികയായി ജോലിചെയ്തു. 1968 ൽ ചിത്രകാരൻ കൂടിയായിരുന്ന

കെ. ദാമോദരുമായുള്ള വിവാഹം നടന്നു. 1969 മേയ് 11 ന് ആദ്യ പ്രസവത്തിൽത്തന്നെ പത്മിനി ഈ ലോകത്തോട് വിടപറയുകയും ചെയ്തു. കുറഞ്ഞ ജീവിതകാലം കൊണ്ടുതന്നെ ഈ ചിത്രകാരി എണ്ണപ്പെട്ട ചിത്രങ്ങൾകൊണ്ടു ശ്രദ്ധേയയായി. ഡ്രോയിങ്ങുകളായും ഓയിൽകളറുകളായും ഇവർ വരച്ച ചിത്രങ്ങൾ സ്വന്തം മണ്ണിനെയും സംസ്കാരത്തിനെയും ഉൾക്കൊള്ളുന്നു. ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ മുറ്റി നിൽക്കുന്ന ചിത്രങ്ങളിൽ മാതൃത്വഭാവവും പ്രകടമാണ്. പത്മിനിയുടെ ചിത്രങ്ങളുടെ പ്രധാനപ്പെട്ട ശേഖരങ്ങൾ നാഷണൽ ഗാലറി ഓഫ് മോഡേൺ ആർട്സ് മദ്രാസ്, സലാർജംഗ് മ്യൂസിയം, ഹൈദ്രാബാദ്, കേരള ലളിതകലാ അക്കാദമി, കൊച്ചി എന്നിവിടങ്ങളിലും പൊന്നാനിയിലെ തറവാട്ട് വീട്ടിലുമാണുള്ളത്.

സ്വന്തം കഴിവുകളേയും ഉൾപ്രേരണകളെയും ചിത്രങ്ങളിലൂടെ പ്രകടമാക്കാൻ ഒരു ചിത്രകാരൻ/ചിത്രകാരി ശ്രമിക്കുകയും അതിനുവേണ്ടി അർപ്പിതമാവുകയും ചെയ്യുമ്പോഴാണ് സൃഷ്ടി പൂർണത പ്രാപിക്കുന്നത്. വിദ്യയോടുള്ള ആത്മാർഥതയും പ്രധാനമാണ്. പത്മിനിയുടെ കാര്യത്തിൽ ഈ വീക്ഷണം ഏറെ ശരിയുമാണ്. ഈ കലാകാരിയെ അനുസ്മരിച്ചുകൊണ്ട് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ (1969 നവംബർ 30 ലക്കം) ഇടശ്ശേരി ഇങ്ങനെ എഴുതി – "കേരളീയർക്ക് സാഹിത്യം പോലെ പരിചിതമല്ല ചിത്രകല. അഭിമതമല്ല എന്നു പറയുകയാവും ശരി. അക്ഷരാഭ്യാസം സാർവത്രികമായതോടെ സാഹിത്യത്തിന് വിപണന സാധ്യത വർധിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു കുട്ടി സാഹിത്യരചനയ്ക്കൊരുങ്ങുമ്പോൾ പണ്ടത്തെപ്പോലെ രക്ഷിതാക്കൾ അയാളെ ശാസിക്കാറില്ല. ചിത്രം വരയ്ക്കൽ അങ്ങനെയല്ല. മുതിർന്നവരുടെ മുന്നിൽ അതിപ്പോഴും സമയം കൊല്ലിയായ പാഴ്വേലയാണ്. പത്മിനിയിൽ വളർന്നുവന്ന അഭമ്യമായ കലാവാസന അവളുടേതായ ചുറ്റുപാടിൽ അത്രയ്ക്കൊന്നും അഭിനന്ദിക്കപ്പെട്ടിരുന്നില്ല''. അന്നത്തെ സാഹചര്യത്തിലും പത്മിനി എന്നൊരു ചിത്രകാരി ഉദയം കൊണ്ടതിലെ പ്രതികൂലാവസ്ഥ ഇവിടെ പ്രകടമാണ്. ചിത്രകലയെ തൊഴിലോ ഉപജീവനമോ ആയി കണക്കാക്കാനാവാത്ത കാലഘട്ടത്തിലായിരുന്നല്ലോ ഈ കലാകാരിയുടെ കടന്നുവരവ്! അതും തികച്ചുമൊരു നാട്ടിൻപുറ പശ്ചാത്തലത്തിൽ നിന്നാണെന്നുകൂടി ഓർക്കണം. പത്മിനിയെന്ന കലാകാരിയുടെ ആത്മവിശ്വാസവും കഴിവും തന്നെയാണ് പ്രതികൂലാവസ്ഥയിലും ആവിഷ്കാരം നേടാൻ അവരെ പ്രാപ്തയാക്കിയത്.

ഇടക്കാലത്ത് ആർട്ടിസ്റ്റ് നമ്പൂതിരിയുടെ ശിഷ്യത്വം പത്മിനിക്ക് ഏറെ ഗുണം ചെയ്തു. ആധുനിക ചിത്രകലാ സങ്കേതങ്ങളും സാധ്യതകളും പത്മിനിയിലെത്തിച്ചത് നമ്പൂതിരിയാണ്. അവനവനോടുതന്നെ സത്യസന്ധത പുലർത്തി സ്വന്തം വ്യക്തി





**പത്മിനിയുടെ ചിത്രങ്ങൾ**



ശ്രദ്ധേയമായ ചിത്രങ്ങളുടെ പ്രദർശനങ്ങൾ മദ്രാസിന് പുറമെ ബോംബെ, ഡൽഹി, ഹൈദരാബാദ്, ബാംഗ്ലൂർ തുടങ്ങി രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിക്കപ്പെടുകയുണ്ടായി. ചിത്രരചനാരംഗത്ത് സ്വന്തം ഖ്യാതി ഉയരുന്ന വേളയിലായിരുന്നു ജീവിതത്തിൽ നിന്ന് പത്മിനിയുടെ അകാല മടക്കയാത്ര.

സൃഷ്ടികളിലെ തീവ്രതയും സൂക്ഷ്മതയും മദ്രാസിലെ ചിത്രകലാപഠനത്തിന്റെ പ്രത്യേകതകളാണ്. ഈ സവിശേഷത പത്മിനിയുടെ രചനകളിലും പ്രകടമാണ്. കെ.സി.എസ്. പണിക്കരെന്ന മഹാരഥനായ ചിത്രകാരന്റെ ശിഷ്യത്വം കൂടി നേടിയപ്പോൾ ഈ കലാകാരി കൂടുതൽ ആവിഷ്കാരം നേടുകയായിരുന്നു. അന്നത്തെ മദ്രാസ് പഠനത്തിന്റെ ശക്തി അക്കിത്തം നാരായണൻ, നമ്പൂതിരി, ദേവൻ മുതലായ പ്രമുഖ ചിത്രകാരന്മാരിൽ ഏറെ പ്രകടമാണ്. സ്വന്തം എന്നവകാശപ്പെടാനുള്ള 'വ്യക്തിത്വം' സ്വന്തം ചിത്രങ്ങളിലുണ്ടാവണമെന്നായിരുന്നു കെ.സി.എസ്. എന്ന ഇവരുടെയെല്ലാം ഗുരുനാഥന്റെ പ്രേരണയും നിർദേശവും. ഈ ശിഷ്യരെപ്പോലെ പത്മിനിയിലും ഈ 'വ്യക്തിത്വ' വൈശിഷ്ട്യം ചിത്രങ്ങളിലെല്ലാം പ്രകടമാണ്.

ത്വത്തിൽ ഉറച്ചുനിൽക്കാൻ ഒരു കലാകാരിയെന്ന നിലയിൽ പത്മിനി ആഗ്രഹിക്കുകയും നിശ്ചയിക്കുകയും ചെയ്തിരുന്നു. ജീവിക്കാനുള്ള വ്യവസായമായി കലയെ കാണുന്നതിനെയും അവരെതിർത്തിരുന്നു. ഒരു പ്രമുഖ ആർട് ഗ്യാലറിയിൽ ഉയർന്ന ശമ്പളവാഗ്ദാനത്തോടെ സെയിൽസ് ഗേളാകാൻ ക്ഷണം ലഭിച്ചപ്പോൾ അത് നിരസിച്ചുകൊണ്ട് പത്മിനി പറഞ്ഞു – "പണമല്ല കാര്യം, ആർട്ടിൽ അഭിരുചിയുള്ളവരോടൊപ്പം തന്നെ പണിയൊന്നുമില്ലാത്തവർക്കും കയറിവരാവുന്ന സ്ഥലമാണ് ഗ്യാലറി. അവരോടും നന്നായി പെരുമാറി പ്രീതിപ്പെടുത്തേണ്ടിവരും. അതിന് ഗ്യാലറിക്കാവശ്യം പെൺകുട്ടികളെ മാത്രമാണ്".

ചിത്രരചനയ്ക്കുള്ള അക്കാദമി സർട്ടിഫിക്കറ്റുകൾക്ക് പുറമെ മദ്രാസ് സ്റ്റേറ്റ് ലളിതകലാ അക്കാദമി അവാർഡ്, അസോസിയേഷൻ ഓഫ് യങ് പെയ്ന്റേഴ്സ് അവാർഡ് തുടങ്ങിയ പുരസ്കാരങ്ങളും പത്മിനിയെത്തേടിയെത്തിയിട്ടുണ്ട്. 1962 മുതൽ 1969 വരെയുള്ളകാലത്ത് അവരുടെ

> ഭാരതീയതലത്തിൽ ഉൾച്ചേർന്ന മാതൃത്വ, വള്ളുവനാടൻ ടച്ച്, അതിലടങ്ങിയിരിക്കുന്ന ഗ്രാമീണത, നാട്ടിൻപുറത്തിന്റെ നിത്യത എന്നിവ പത്മിനിയുടെ ചിത്രങ്ങളുടെ പ്രത്യേകതകളാണ്. ചിത്രങ്ങളിലെ വർണവിന്യാസങ്ങളിൽ ലാളിത്യവും മിതത്വവും ഈ ചിത്രകാരി പുലർത്തുന്നു

ഭാരതീയതലത്തിൽ ഉൾച്ചേർന്ന മാതൃത്വ, വള്ളുവനാടൻ ടച്ച്, അതിലടങ്ങിയിരിക്കുന്ന ഗ്രാമീണത, നാട്ടിൻപുറത്തിന്റെ നിത്യത എന്നിവ പത്മിനിയുടെ ചിത്രങ്ങളുടെ പ്രത്യേകതകളാണ്. ചിത്രങ്ങളിലെ വർണവിന്യാസങ്ങളിൽ ലാളിത്യവും മിതത്വവും ഈ ചിത്രകാരി പുലർത്തുന്നു. പള്ളിക്കൂടത്തിലേക്ക് പോകുന്ന ബാലികാബാലന്മാർ, കുന്നിൻപുറങ്ങൾ, മൂന്ന് സ്ത്രീകൾ തുടങ്ങി പത്മിനി അവസാനം വരച്ച പട്ടം പറത്തുന്ന പെൺകുട്ടി വരെയുള്ള ചിത്രങ്ങളും സംവേദനം ചെയ്യുന്നത് ആകർഷകമായ വർണ സങ്കലനങ്ങളോടെയുള്ള സുഖാനുഭൂതിയാണ്.

സ്വന്തം മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പലരും ജീവിതത്തിന്റെ അവസാന ഘട്ടം മുൻകൂട്ടിയുള്ള ഉൾവിളികളോടെ വായിച്ചെടുത്ത് അത് സ്വന്തം സൃഷ്ടികളിലൂടെ പറയുന്ന അനുഭവം ചിലപ്പോഴൊക്കെ നമുക്ക് കാണാം. ഒരദൃശ്യശക്തിയുടെ പ്രേരണയോ മുൻനടത്തലോ ആയി ഇതിനെ വായിച്ചെടുക്കാം. പത്മിനിയുടെ കാര്യത്തിൽ ഇത് തികച്ചും ശരിയുമാണ്. ജീവിതാവസാനകാലത്ത് അവർ വരച്ച 'പറവ'യിൽ പക്ഷി തന്റെ ജീവിതാന്ത്യം തേടി അനശ്വരതയിലേക്ക് പറന്നകലുകയാണ്. പത്മിനിയുടെ അവസാനസൃഷ്ടിയായ 'പട്ടം പറത്തുന്ന പെൺകുട്ടി' താൻ കൊതിച്ച തന്റെ പെൺകുഞ്ഞ് 'മായ'യായിരുന്നോ! ആ പെൺകുഞ്ഞാവട്ടെ അമ്മയെയും കൊണ്ട് ഈ ഭൂമുഖത്തുനിന്നു തന്നെ പറന്നകലുകയും ചെയ്തു. അകാലത്തിലെ ആകസ്മികതകൾപോലും ഈ കലാകാരി ദൃശ്യവത്കരിച്ച സൃഷ്ടികളായി നമുക്കതിലൂടെ അനുഭവപ്പെടുന്നു. ■



■ ശശി ആമ്പല്ലൂർ

# ആൽമരങ്ങൾ പറയുന്നത്...



ഭാരതീയ-കേരളീയ സംസ്കാരവുമായി ആൽമരങ്ങൾ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഭക്തജനങ്ങൾക്കിടയിൽ ആൽമരങ്ങൾക്ക് സമുന്നതമായ സ്ഥാനമുണ്ട്. ആയുർവേദ ചികിത്സയിലും ആൽമരങ്ങൽക്കുള്ള സ്ഥാനം അദ്വിതീയമാണ്. ക്ഷീരദ്രുമങ്ങലെന്നും വടവൃക്ഷങ്ങളെന്നും ഈ വൃക്ഷ സമൂഹം അറിയപ്പെടുന്നു. ഏകദേശം 65 ഇനം ആൽവൃക്ഷങ്ങളുണ്ട്. ഇവയിൽ പലതിനെയും ഒന്നിച്ചുചേർത്ത് പഞ്ചവത്ക്കലമായും നാല്പാമരമായും ആയുർവേദചികിത്സാക്രമത്തിൽ ഉപയോഗിക്കാൻ വിധിച്ചുകാണുന്നുണ്ട്. അരയാൽ, പേരാൽ, അത്തി, ഇത്തി, കല്ലാൽ ഇവ പഞ്ചവത്കലമായും അരയാൽ, പേരാൽ, അത്തി, ഇത്തി ഇവ നാല്പാമരമായും അറിയപ്പെടുന്നു. നാല്പാമരങ്ങളാണ് ഈ വൃക്ഷസമൂഹത്തിലെ പ്രധാന മരങ്ങൾ.

## അരയാൽ

ആലുന്നതാണ് ആൽ. ആലുക എന്നാൽ സദാ ഇളകിക്കൊണ്ടിരിക്കുന്ന്ത് എന്നാണർഥം. അറിവുള്ള മരം എന്നും അരയാൽ ശബ്ദത്തിന് അർഥമുണ്ട്. ജലമുള്ളത്, വളരെക്കാലം നിലനിൽക്കുന്നത് എന്നാണ് അശ്വത്ഥ ശബ്ദത്തിന്റെ അർഥം.

ഫൈക്കസ് റിലിജിയോസലിൻ എന്നാണ് ശാസ്ത്രനാമം. അശ്വത്ഥം, പിപ്പില, ക്ഷീരവൃക്ഷ, ചലപത്രാ, ബോധിദ്രുമ, കേശവാലയ, ചലദലം, പിപ്പലം, കുഞ്ജരാശനം എന്നു സംസ്കൃതത്തിലും പിപൽ, പിപർ എന്നു ഹിന്ദിയിലും പിവൽ എന്നു ബംഗാളിയിലും അരശുഎന്നു തമിഴിലും Baniyan/Banyan എന്ന് ഇംഗ്ലീഷിലും അറിയപ്പെടുന്നു.

35-40 മീറ്റർ വരെ ഉയരത്തിൽ ധാരാളം ശാഖോപശാഖകളോടുകൂടി പടർന്നു പന്തലിച്ചുവളരുന്ന ഇലകൊഴിയും വൃക്ഷമാണിത്. ഇലകൾ ഹൃദയാകാരത്തിലുള്ളതും അഗ്രം നീണ്ടുകൂർത്തിരിക്കുന്നതുമാണ്. നീളമുള്ള പത്രവൃന്തമുണ്ട്. ഏകാന്തരക്രമത്തിൽ വിന്യസിച്ചിരിക്കുന്നു. ഇവകൾ മിക്കപ്പോഴും ചലിച്ചുകൊണ്ടിരിക്കും. പുഷ്പങ്ങൾ പത്രകക്ഷത്തിൽ പറ്റിപ്പിടിച്ചാണ് കാണുന്നത്. ഒരേ പൂക്കുലയിൽത്തന്നെ പെൺപൂക്കളും ആൺപൂക്കളും ഗാൾപൂക്കളും (വന്ധ്യപെൺപൂക്കൾ) ഉണ്ടായിക്കാണുന്നുണ്ട്. ആൺപൂക്കൾ ചെറുതാണ്. ഇവയ്ക്ക് പിരിഞ്ഞ മൂന്ന് പെരിയാൻഥ് (പരിദളപുടം) ഖണ്ഡങ്ങളും ഒരു കേസരവുമുണ്ട്. പെൺപൂക്കൾക്ക് അഞ്ച് പെരിയാൻഥ് ഖണ്ഡങ്ങളുണ്ട്. ഉർവരപെൺപൂക്കൾക്ക് ഹ്രസ്വവൃന്തവും നീളവുമുള്ള വർത്തികയുമുണ്ട്. ഗാൾപുഷ്പങ്ങൾക്ക് ദീർഘവൃന്തവും ഹ്രസ്വവർത്തികയുമാണുള്ളത്.

## പേരാൽ

പെരിയ ആൽ പേരാൽ ആയി എന്ന് പദനിഷ്പത്തി. ഫൈക്കസ് ബംഗളൻസിസ്സിൻ എന്നാണ് ശാസ്ത്ര





നാമം. ന്യഗ്രോധ, ബഹുപാദ, വട എന്ന് സംസ്കൃതത്തിലും ബട എന്ന് ഹിന്ദിയിലും ബംഗാളിയിലും ആൽ എന്ന് തമിഴിലും പേട്ടിമാരിയെന്ന് തെലുങ്കിലും അറിയപ്പെടുന്നു.

35 മീറ്ററോ അതിൽ കൂടുതലോ ഉയരത്തിൽ പടർന്നു പന്തലിച്ച് വളരുന്ന ഇലകൊഴിയും വൃക്ഷം. ശാഖോപശാഖകളിൽ നിന്ന് ധാരാളം വായവവേരുകൾ താഴോട്ടു വളർന്ന് മണ്ണിൽ ഉറച്ചുനിന്ന് ശാഖകളെ താങ്ങിനിർത്തുന്നു. ഇലകൾ പ്ലാവിലയോട് സാദൃശ്യമുള്ളതാണ്. നീളം അല്പം കുറഞ്ഞിരിക്കും. ഇലയ്ക്ക് 10-20 സെന്റീമീറ്റർ നീളവും 5-12 സെന്റിമീറ്റർ വീതിയുമുണ്ടായിരിക്കും. മധ്യസിരയിൽ നിന്ന് നാലു മുതൽ എട്ടു വരെ ജോഡി പാർശ്വസിരകൾ ഓരോ ഇലയിലും കാണാം. പൂക്കൾക്ക് വിരിഞ്ഞ മൂന്ന് സഹപത്രങ്ങളുണ്ടാകും. പുഷ്പാസനത്തിന്റെ ഉള്ളിലായി പെൺപൂക്കളും ആൺപൂക്കളും ഗാൾപൂക്കളും കാണാം. ആൺ പൂക്കൾക്ക് നാലു പെരിയാൻഥുകളും പെൺപൂക്കൾക്ക് അഞ്ചു പെരിയാൻഥുകളും സാധാരണ കണ്ടുവരുന്നു. ഫലങ്ങൾ ചെറുതും ഉരുണ്ടതുമാണ്. അവ പത്രകക്ഷത്തിൽ ശാഖകളോടു ചേർന്ന് പറ്റിപ്പിടിച്ച രീതിയിൽ കാണുന്നു.

## അത്തി

ഫൈക്കസ് ഗ്ലോമെറോറ റോക്സ് എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്നു. ഉദുംബരം, ജന്തുഫല, സേവ്യ, കൃമിഫല, യജ്ഞാംഗം, ഹേമദുദ്ധകം എന്ന് സംസ്കൃതത്തിലും ഉമർ, ഗുലർ എന്ന് ഹിന്ദിയിലും ഡുമർ, ജാഗ്യദുമർ എന്നു ബംഗാളിയിലും അത്തി എന്ന് തമിഴിലും ബ്രഹ്മവേദി എന്ന് തെലുങ്കിലും അറിയപ്പെടുന്നു. വലിയ ഉയരമില്ലാതെ ഇടത്തരം വൃക്ഷം. മറ്റ് ആൽമരങ്ങൾക്കുള്ളതുപോലെ ധാരാളം വായവവേരുകളില്ല. ഉള്ള വേരുകൾ നേർത്തതും നീളം കുറഞ്ഞതുമാണ്. മാവിലയുടെ വലിപ്പത്തിലുള്ള ഇലകളാണുള്ളത്. ഇളം പച്ച നിറമുള്ള ഇലകൾക്ക് നല്ല മിനുസമുണ്ട്. ഇലയ്ക്ക് 7.5-15 സെന്റിമീറ്റർ നീളവും 3.2-6.5 സെന്റിമീറ്റർ വീതിയുമുണ്ട്. നാലു മുതൽ ആറു ജോഡിവരെ പാർശ്വസിരകൾ കാണാം. അഗ്രം നീണ്ടുകൂർത്തിരിക്കും. നീണ്ട കുലകളായിട്ടാണ് പൂക്കൾ കാണുന്നത്. ഓരോ കുലയിലും ആൺപൂക്കളും പെൺപൂക്കളുമുണ്ടാകും. ചില കുലകളിൽ പെൺ പൂക്കൾ മാത്രവും ആൺപൂക്കൾ മാത്രവും കണ്ടുവരുന്നു. ഓരോ പൂവിനും മൂന്നോ നാലോ പെരിയാൻഥ് ഖണ്ഡങ്ങളുണ്ട്. ഒന്നോ രണ്ടോ കേസരങ്ങളും കാണാം. ഫലങ്ങൾ ഗോളാകൃതിയിൽ കുലകളായി തൂങ്ങിക്കിടക്കുന്നു. പാകമാകുന്ന ഫലങ്ങൾ ഇളം ചുവപ്പുനിറമുള്ളതാണ്. ഫലത്തിന് മൃദുരോമങ്ങൾ കൊണ്ടുള്ള ബാഹ്യാവരണവും ഉണ്ടാകും. വിത്തു മുഖേനയാണ് വംശവർധന. ഫലം ഭക്ഷ്യയോഗ്യമാണ്. അതിനാൽ അത്തി നട്ടുവളർത്താറുണ്ട്.

> കേരളത്തിലെ ക്ഷേത്രങ്ങളും ആൽമരങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ആൽമരം ഇല്ലാത്ത ക്ഷേത്രങ്ങൾ കേരളത്തിലുണ്ടോയെന്ന് സംശയമുണ്ട്. പൊതുസ്ഥലങ്ങളിൽ തണലിനായും ആൽമരങ്ങൾ നട്ടുപിടിപ്പിക്കാറുണ്ട്. സാഹിത്യത്തിലും ആൽമരങ്ങൾക്ക് പ്രമുഖസ്ഥാനമുണ്ട്. ആൽമരങ്ങളെ പരോപകാരത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായി ചിത്രീകരിക്കാറുണ്ട്. അലങ്കാരപ്രയോഗങ്ങളിലും പഴഞ്ചൊല്ലുകളിലും ആൽമരങ്ങൾക്കു സ്ഥാനമുണ്ട്.

നാടൻ, ശീമ എന്ന് രണ്ടുതരം അത്തികളുണ്ട്. കടകളിൽ വാങ്ങാൻ കിട്ടുന്നത് ശീമ അത്തിപ്പഴമാണ്. നാടൻ അത്തിപ്പഴം ഭക്ഷ്യയോഗ്യമല്ല.

എല്ലാ ആൽമരങ്ങളിലും പാലുപോലുള്ള കറയുണ്ട്. ഇവയുടെ വേരും തൊലിയും കറയും ഔഷധഗുണമുള്ളതാണ്. ആയുർവേദത്തിൽ ഇവയുടെ രസം കഷായവും മധുരവുമാണ്. ഗുണം ഗുരുവും രൂക്ഷവുമാണ്. ശീതവീര്യമാണ്.

## ഔഷധഗുണം

രക്തശുദ്ധിയുണ്ടാകും. ശീതളമാണ്. മൂത്രഗ്രാഹിയാണ്. പ്രമേഹത്തിന് വളരെ ഫലപ്രദമാണ്. മൂത്രത്തിന്റെയും പഞ്ചസാരയുടെയും അളവു കുറയ്ക്കാൻ സഹായിക്കുന്നു. പൈത്തികസ്വഭാവമുള്ള വിഷങ്ങൾ വേഗത്തിൽ ശമിപ്പിക്കുന്നു. പൊതുവെ എല്ലാ വിഷങ്ങൾക്കും ഹിതകരമാണ്. ചർമ രോഗങ്ങൾ കുഷ്ഠം, വ്രണം മുതലായവ





ശമിപ്പിക്കുന്നു. കഫപിത്തകരമാണ്. അർശ്ശസിനും ഫലപ്രദമാണ്. യോനീരോഗങ്ങൾക്കും വളരെ ഉത്തമമാണ്. തൊലി, പൂമൊട്ട്, പൂവ്, കായ എന്നിവ ഔഷധങ്ങൾക്ക് ഉപയോഗിക്കുന്നു.

അലോപ്പതി ചികിത്സയിലും ഹോമിയോപ്പതി ചികിത്സയിലും ആൽമരങ്ങളുടെ വിവിധഭാഗങ്ങളിൽ നിന്നുള്ള സത്ത് ഉപയോഗിച്ചുവരുന്നുണ്ട്.

കേരളത്തിലെ ക്ഷേത്രങ്ങളും ആൽമരങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ആൽമരം ഇല്ലാത്ത ക്ഷേത്രങ്ങൾ കേരളത്തിലുണ്ടോയെന്ന് സംശയമുണ്ട്. പൊതുസ്ഥലങ്ങളിൽ തണലിനായും ആൽമരങ്ങൾ നട്ടുപിടിപ്പിക്കാറുണ്ട്.

സാഹിത്യത്തിലും ആൽമരങ്ങൾക്ക് പ്രമുഖസ്ഥാനമുണ്ട്. ആൽമരങ്ങളെ പരോപകാരത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായി ചിത്രീകരിക്കാറുണ്ട്. അലങ്കാരപ്രയോഗങ്ങളിലും പഴഞ്ചൊല്ലുകളിലും ആൽമരങ്ങൾക്കു സ്ഥാനമുണ്ട്.

'അത്തിപൂത്തതുപോലെ അപൂർവദർശനമായിരിക്കുന്നു', 'അത്താഴം അത്തിപ്പഴത്തോളം'

'അത്തിപ്പൂവും ആന്തക്കുഞ്ഞും കണ്ടവരില്ല', 'അത്തിപ്പഴത്തോളമകനിന്ദയുണ്ടെങ്കിലദ്ദിക്കലെങ്ങും വിളങ്ങാഗുരുത്വം', 'ആലിൻകായ് പഴുത്തപ്പോൾ കാക്കയ്ക്ക് വായിൽ പുണ്ണ്', 'നാണമില്ലാത്തവന്റെ ആസനത്തിൽ ആല് കിളിർത്താർ അതും ഒരു തണൽ', 'ആൽക്കുരുവിൽ വൃക്ഷം ഇരിക്കുന്നതുപോലെ' ആൽമരങ്ങളുമായി ബന്ധപ്പെട്ട ചില പ്രയോഗങ്ങളും പഴഞ്ചൊല്ലുകളുമാണിവ.

'അശ്വത്ഥമേകം പിചുമന്ദമേകം
ന്യഗ്രോധമേകം ദശതിന്ത്രിണീശ്ച
കപിത്ഥവില്വാമലകത്രയശ്ച
പഞ്ചാമ്രനാളീനരകംനയാതി'

(ഒരു ആലും ഒരു വേപ്പും ഒരു പേരാലും പത്തു പുളിയും മൂന്നു വിളാർമരവും മൂന്നു കൂവളവും മൂന്നു നെല്ലിയും അഞ്ചു മാവും അഞ്ചു തെങ്ങും നട്ടുണ്ടാക്കിയാൽ അവനു നരകമില്ലെന്നറിക)

ഭഗവദ്ഗീതയിൽ ആൽമരത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത് പരിശോധിക്കാം.

'അശ്വത്ഥഃ സർവവൃക്ഷാണാം
ദേവർഷീണാം ച നാരദഃ
ഗന്ധർവാണാം ചിത്രരഥഃ
സിദ്ധാനാം കപിലോ മുനിഃ'

(വൃക്ഷങ്ങളുടെ കൂട്ടത്തിൽ അരയാലും ദേവർഷികളിൽ നാരദനും ഗന്ധർവന്മാരിൽ ചിത്രരഥനും സിദ്ധന്മാരിൽ കപിലമഹർഷിയും ഞാനാണ്) – (ഗീത–10:26)

'ഊർധ്വമൂലമധഃശാഖ–
മശ്വത്ഥം പ്രാഹുരവ്യയം
ഛന്ദാംസിയസ്യപർണാനി
യസ്തം വേദ സവേദവിത്'

(മുകളിൽ വേരും താഴെ കൊമ്പുകളുമുള്ള അരയാലെന്ന് അനശ്വരമായതിനെ പറയുന്നു. അതിന്റെ ഇലകളാണ് വേദങ്ങൾ. ആര് അതിനെ അറിയുന്നുവോ അവനാണ് വേദജ്ഞൻ)

'അധശ്ചോർധ്വം പ്രസൃതാസ്തസ്യ ശാഖാ
ഗുണപ്രവൃദ്ധാ വിഷയപ്രവാളാഃ
അധശ്ച മൂലാന്യനുസന്തതാനി
കർമാനുബന്ധനീ മനുഷ്യലോകേ'

(അതിന്റെ ശാഖകൾ കീഴുമേൽ വ്യാപിച്ചിരിക്കുന്നവയും ഗുണങ്ങളാൽ പരിപുഷ്ടങ്ങളും വിഷയങ്ങളാകുന്ന തളിരുകൾനിറഞ്ഞവയുമാണ്. എങ്ങും നിറഞ്ഞ വേരുകൾ താഴെ മനുഷ്യലോകത്തിൽ കർമബന്ധങ്ങളുമാണ്) – (ഗീത – അധ്യായം 15, ശ്ലോകം 1, 2)

കൗടില്യന്റെ അർഥശാസ്ത്രത്തിൽ ഉദുംബരം (ആരതി) ചേർത്തുണ്ടാക്കുന്ന ഒരു ഔഷധക്കൂട്ടിനെപ്പറ്റി ഇപ്രകാരം പറയുന്നുണ്ട്. 'ശിരീഷം (നെന്മേനിവാക) ഉദുംബരം, ശമി എന്നിവയുടെ ചൂർണം നെയ്യ് ചേർത്ത് സേവിക്കുന്നത് അരമാസക്കാലത്തേക്കുള്ള ക്ഷുദ്യോഗം (വിശപ്പില്ലാതാകുന്നതിനുള്ള യോഗം) ആകുന്നു'.

നാല്പാമരത്തൊലി ചേർത്തുണ്ടാക്കുന്ന മദ്യത്തെപ്പറ്റിയും അർഥശാസ്ത്രത്തിൽ പരാമർശിക്കുന്നുണ്ട്. ആത്മീയജീവിതത്തിലും ആൽമരങ്ങൾക്ക് മുഖ്യമായ സ്ഥാനമാണുള്ളത്. ബോധിസത്വന്മാർ അരയാൽത്തറയിലിരുന്നാണ് തപസ്സുചെയ്യുന്നത്. ശ്രീബുദ്ധന് അരയാലിന്റെ ചുവട്ടിൽ വെച്ചാണ് ബോധോദയം ഉണ്ടായത്.

ആൽമരങ്ങളെയും (ക്ഷീരവൃക്ഷങ്ങളെ) ഭാരതീയസംസ്കൃതിയുടെ മഹിമയും ഗരിമയും ആത്മീയതയും സൂചിപ്പിക്കുന്ന പ്രതീകമായി കണക്കാക്കിവരുന്നു. വേദേതിഹാസപുരാണങ്ങളിൽ ഇത്രമാത്രം പരാമർശിക്കപ്പെടുന്ന മറ്റൊരു വൃക്ഷസമൂഹമുണ്ടെന്നു തോന്നുന്നില്ല. ■

*(സംസ്ഥാന പുരാരേഖാവകുപ്പ് റിട്ട. സൂപ്രണ്ടാണ് ലേഖകൻ)*

*സഹായഗ്രന്ഥങ്ങൾ : ഔഷധസസ്യങ്ങൾ, അർഥശാസ്ത്രം, ഭഗവദ്ഗീത, നീതിസാരം, തച്ചുശാസ്ത്രം, പുരാണിക് എൻസൈക്ലോപീഡിയ*

ഡോ. എ.എം. ഉണ്ണിക്കൃഷ്ണൻ

**നിരൂപകത്രയത്തിലെ വേറിട്ടുനിൽക്കുന്ന സാഹിത്യദർശനമായിരുന്നു കുട്ടിക്കൃഷ്ണമാരാരുടേത്**



# നിരൂപണത്തിലെ ശക്തിയും ശുദ്ധിയും

ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർധം മലയാളസാഹിത്യത്തിൽ വലിയ മുന്നേറ്റങ്ങളുണ്ടായ ഘട്ടമാണ്. നമ്മുടെ നിരൂപണത്തിനും ബലിഷ്ഠതയാർന്ന രൂപസൗഭാഗ്യം സിദ്ധിച്ചത് അക്കാലത്തുതന്നെ. കേസരി, എം.പി. പോൾ, മാരാർ, മുണ്ടശ്ശേരി എന്നീ കരുത്തരായ എഴുത്തുകാരുടെ സംഭാവനകൾവഴിയാണ് മലയാള നിരൂപണം സമാദരണീയമായ അവസ്ഥയെ പ്രാപിച്ചത്. ഇപ്പറഞ്ഞ പ്രാമാണികരുടെ കൂട്ടത്തിൽ എല്ലാ വിധത്തിലും ഒറ്റപ്പെട്ടു നിൽക്കുന്നു കുട്ടിക്കൃഷ്ണമാരാർ എന്ന നിരൂപകൻ.

കുലവൃത്തിയായ ക്ഷേത്രപ്രവൃത്തിയിൽ നിന്നു രക്ഷനേടുന്നതിനു വേണ്ടിയാണ് മാരാർ പട്ടാമ്പിയിലെത്തിയത്. അവിടെവെച്ചുണ്ടായ നാലുകൊല്ലക്കാലത്തെ സംസ്കൃത പഠനം മാത്രമാണ് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഉന്നത വിദ്യാഭ്യാസം. പക്ഷെ അതൊരു അർഥവത്തായ വിദ്യാഭ്യാസം തന്നെയായിരുന്നു. പുന്നശ്ശേരി നീലകണ്ഠശർമയെയും ശംഭുശർമയെയും പോലുള്ളവരായിരുന്നു അവിടുത്തെ പ്രധാന ഗുരുക്കന്മാർ. അവർ പകർന്നു നൽകിയ അറിവിന്റെ അമൃതധാരകൾ 'വലിയവനോട് അകന്നുനിന്ന് വലുതാകുവാനുള്ള' മാരാരുടെ ജന്മവാസനയെ കുറച്ചൊന്നുമല്ല പോഷിപ്പിച്ചത്. അതിന്റെ ഫലമായി 'സഹൃദയ' തുടങ്ങിയ സംസ്കൃതപത്രികകളിൽ മാരാരുടെ ലേഖനങ്ങൾ പ്രമുഖ സ്ഥാനം അലങ്കരിക്കുകയുണ്ടായി. ആ സംസ്കൃതലേഖനങ്ങളെ മലയാളത്തിലേക്കു മൊഴിമാറ്റം ചെയ്ത് അവതരിപ്പിച്ചതാണ് മാരാരുടെ ആദ്യ കൃതിയായ 'സാഹിത്യഭൂഷണം' (1928). പരക്കെ തെറ്റിദ്ധരിക്കപ്പെട്ടതുപോലെ എ.ആർ. രാജരാജവർമയുടെ 'ഭാഷാഭൂഷണ'ത്തിന്റെ ഖണ്ഡനമായിരുന്നില്ല അത്. പ്രിയ ഗുരുനാഥനായ ശംഭുശർമ ചൂണ്ടിക്കാണിച്ച പാതയിലൂടെ ഏറെ സഞ്ചരിച്ച്, സംസ്കൃതത്തിലെ അലങ്കാരശാസ്ത്രലോകത്ത് ഏകാന്തപഥികനായി നിലകൊള്ളുന്ന 'വ്യക്തിവിവേക'കാരനായ മഹിമഭട്ടന്റെ സന്നിധിയിൽ മാരാരുടെ യുക്തിവിചാരശീലം സ്വന്തം തട്ടകം കണ്ടെത്തിയതിന്റെ സത്ഫലമായിരുന്നു 'സാഹിത്യഭൂഷണം'.

## അചഞ്ചലമായ മൂല്യബോധം

നിരൂപണം എന്ന ഏകമണ്ഡലത്തിൽ ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല തുടക്കം മുതലേ കുട്ടിക്കൃഷ്ണമാരാരുടെ സാഹിത്യ പ്രവർത്തനം. ഭാഷയും സാഹിത്യവുമായി ബന്ധപ്പെട്ട സകലശാസ്ത്രങ്ങളിലും അദ്ദേഹത്തിന്റെ അന്വേഷണതൃഷ്ണ കടന്നുചെല്ലുകയുണ്ടായി. ശബ്ദശാസ്ത്രമായ വ്യാകരണത്തിലും വൃത്തശാസ്ത്രമായ ഛന്ദസ്സിലും സാഹിത്യശാസ്ത്രമായ അലങ്കാരത്തിലും അതിന്റെ ഫലമായി ഈടുറ്റ മലയാളകൃതികളുണ്ടായി. 'മലയാളശൈലി' 'വൃത്തശില്പം', 'സാഹിത്യഭൂഷണം' എന്നിവ ഇപ്പറഞ്ഞതിന്റെ ക്രമമായ നിദർശനങ്ങളാണ്. "രാജരാജൻ ഭാഷയ്ക്കുവേണ്ടിയുള്ള യുദ്ധത്തിൽ കുലച്ച ശൈവചാപം കുലയ്ക്കാൻ പിന്നീട് മാരാർക്കേ കഴിഞ്ഞുള്ളൂ" എന്നാണ് 'മലയാളശൈലി'യെ സ്മരിച്ചുകൊണ്ട് ഡോ. സുകുമാർ അഴീക്കോട് പറഞ്ഞിട്ടുള്ളത് (അവതാരിക: 'കല ജീവിതം തന്നെ'). കുട്ടിക്കൃഷ്ണമാരാരുടെ ഏറ്റവും ഗംഭീരമായ രചന 'ഭാരതപര്യടന'മാണെന്നും ഏറ്റവും സ്വതന്ത്രമായ രചന 'വൃത്തശില്പ'മാണെന്നും കൂടി അഭിപ്രായമുണ്ട് പ്രൊഫ. അഴീക്കോടിന്. 'വൃത്തശില്പ'ത്തെപ്പറ്റി മാരാർക്ക് മറ്റെന്തിലുമധികമായ സംതൃപ്തിയുണ്ടായിരുന്നു. "ഈ ജീവിതത്തിൽ മറ്റേതുകാര്യത്തിനും എനിക്ക് ഇത്രയേറെ പാടുപെടേണ്ടിവന്നിട്ടില്ലെന്ന് ഞാൻ ഇതിന്മേൽ അഭിമാനം കൊള്ളുന്നു" എന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

സ്വതന്ത്ര വീക്ഷണവും ശാസ്ത്രീയമായ യുക്തിവിചാരവും തികഞ്ഞ ലാവണ്യബോധവുമാണ് കുട്ടിക്കൃഷ്ണമാരാരുടെ നിരൂപണത്തിന്റെ അടിസ്ഥാന ശിലകൾ. അവയെ ബലപ്പെടുത്തിയതാകട്ടെ, അചഞ്ചലമായ മൂല്യബോധം ഒന്നുമാത്രം. ഇവയ്ക്കൊപ്പം അനുഭവനിഷ്ഠമായ അനുഭൂതിയുടെ മൗലികതകൂടി സമ്മേളിച്ചതിനാൽ മാരാരുടെ വിമർശനം അപൂർവങ്ങളിൽ അപൂർവമായിരിക്കുന്നു. മലയാളത്തിന് മാരാർ സമ്മാ

നിച്ച ഈയപൂർവത അനനുകരണീയമാണെന്നുകൂടി അറിഞ്ഞാലേ അതിന്റെ വൈശിഷ്ട്യം പൂർണമായി ഗ്രഹിക്കാനാവുകയുള്ളു.

മനുഷ്യജീവിതത്തിന് സുവ്യക്തമായ ലക്ഷ്യധർമങ്ങളുണ്ടെന്നു ദൃഢമായി വിശ്വസിച്ച മനീഷിയായിരുന്നു മാരാർ. "നമ്മുടെ ഏതൊരാവശ്യവും – ജീവിതത്തിലെ ആഹാരാദിചതുഷ്ടയം മുതൽ പുരുഷാർഥചതുഷ്ടയം വരെയുള്ള ഏതും – നിറവേറിക്കിട്ടാൻ കല എന്തായിരിക്കണമോ അതാണ് കല ജീവിതം തന്നെ എന്ന നിർവചനത്തിന്റെ പൊരുൾ" എന്നതാണ് മാരാരുടെ ആദർശം. എന്നുവെച്ചാൽ, ജീവിതം ഭോഗങ്ങൾക്കു പിന്നാലെയുള്ള പരക്കംപാച്ചിലല്ല; സുനിശ്ചിതമായ പരമലക്ഷ്യത്തിലേക്കുള്ള പരിക്രമണമാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ജീവിതം ഒരു തീർഥാടനമാകുന്നു. അതിനിടയിൽ വ്യക്തിക്ക് അനുഭവവേദ്യമാകുന്ന രസനീയതയായി കലയിലെ ആനന്ദത്തെ കണക്കാക്കാനാണു മാരാർക്ക് താത്പര്യം. അപ്പോൾ അത് ആത്മീയവികാസത്തിനുതകുന്ന അനുശീലനമായിത്തീരുന്നു. അങ്ങനെയാകുമ്പോൾ സാഹിത്യാനുഭവവും മാനസികമായി നിർവിഷയാനന്ദം നേടാനുള്ള ഉപാധി തന്നെ. വിഖ്യാതമായ കല ജീവിതം തന്നെ എന്ന മാരാർസൂക്തത്തിന്റെ വിപുലനം ഇങ്ങനെയുമാകാമെന്നു തോന്നുന്നു. അതുകൊണ്ടുതന്നെയാകണം, മാരാർ സാഹിത്യത്തെപ്പറ്റി നിഷ്കൃഷ്ടമായിപ്പഠിച്ച പ്രൊഫ. എം. തോമസ് മാത്യു, "മാരാരുടെ സുവിസ്തൃതമായ സാഹിത്യവിചാരത്തിന്റെ മനോഭരിതമായ ആരൂഢം ഉറപ്പിച്ചിരിക്കുന്നത് കല ജീവിതം തന്നെയെന്ന ചൊല്ലിലെ സത്യത്തിന്മേലാണ്" എന്നു നിരീക്ഷിച്ചത് ('മാരാര് ലാവണ്യാനുഭവത്തിന്റെ യുക്തിശില്പം', കേരള സാഹിത്യ അക്കാദമി, 2006).

## കല ജീവിതംതന്നെ

ഒട്ടേറെ സംവാദങ്ങൾക്കും വിവേദങ്ങൾക്കും വവഴിമരുന്നിട്ടതാണല്ലോ മാരാരുടെ കല ജീവിതം തന്നെ എന്ന പ്രഖ്യാപനം. മലയാളത്തിൽ പ്രത്യയശാസ്ത്രാധിപത്യമുറപ്പിക്കാൻ ശ്രമിച്ചു പരാജയപ്പെട്ട പുരോഗമനസാഹിത്യപ്രസ്ഥാനത്തോട് ഒറ്റയ്ക്കു നിന്നു പടവെട്ടാൻ മാരാർക്ക് വീര്യം പകർന്നത്. സ്വകീയമായ ഈ അഭിദർശനമായിരുന്നു. ശാശ്വതവും സർവാശ്ലേഷിയുമായ മൂല്യബോധവും ഏറ്റവും ആധുനാതനമായ ജീവിതാവബോധവും മാരാരുടെ ഈ വീക്ഷണത്തിലടങ്ങിയിരിക്കുന്നു. മൂല്യവത്തായ ഏതൊരു ജീവിതവൃത്തിയുടെയും ആധാരമായിരിക്കേണ്ട ദൃഢപ്രത്യയമാണിത്. അതിൽ നിന്ന് ഒഴിഞ്ഞുമാറാൻ ഒരെഴുത്തുകാരനും അവകാശമില്ല. എന്നു മാത്രമല്ല, ആവശ്യത്തിനും സാഹചര്യത്തിനുമനുസരിച്ച് രൂപാന്തരം പ്രാപിക്കുന്ന എഴുത്തുകാരൻ നിരവധി തവണ ആത്മഹത്യചെയ്യുന്നവനുമാണ്. ഇവിടെയാണ്




മാരാർ മുന്നോട്ടുവെച്ച 'പക്ഷപാതം' എന്ന ആശയത്തിന്റെ പ്രസക്തി തെളിഞ്ഞുരുന്നത്. സത്യമെന്നു താൻ കാണുന്നതിന്റെ നേരെയുള്ള സത്യസന്ധതയാണ്, പ്രതിജ്ഞാബദ്ധതയാണ് പരമപ്രധാനം. അതു സംശയച്ഛേദിയായി വായനക്കാരനെ ബോധ്യപ്പെടുത്തുകയാണ് നിരൂപകന്റെ ധർമം. ഈ ധർമനിഷ്ഠയെയാണ് മാരാര് പക്ഷപാതമെന്നു വിളിക്കുന്ന്. ഈ ബോധ്യത്തോടെ വേണം ഓരോരുത്തരും സാഹിത്യപ്രവർത്തനത്തിൽ ഏർപ്പെടേണ്ടതെന്നും അദ്ദേഹം ഓർമിപ്പിക്കുന്നു. "താൻ ജീവിതത്തിൽ കാതലായിക്കാണുന്നതെന്തോ അതിനോട് പക്ഷപാതം വെളിപ്പെടുത്തലാണ്, അതായിരിക്കണം ഓരോരുത്തരുടെയും സാഹിത്യപരിശ്രമം" (മുഖവുര: 'രാജാങ്കണം'). എത്ര മാതൃകാപരമായ കർമചോദന!

നിരൂപകൻ ഇതനുസരിച്ചുവേണം പ്രവൃത്തിനിരതനാകേണ്ടത്. എന്തുകൊണ്ടെന്നാൽ, സാഹിത്യവിമർശനം ഒരു ഗൗരവമുള്ള സാമൂഹികോത്തരവാദിത്വമാണ്. അതിനെക്കുറിച്ചും സുചിന്തിതമായ വീക്ഷണമാണ് മാരാർക്ക് തുടക്കംമുതലേ യുണ്ടായിരുന്നത്. "തന്റെ സഹൃദയത്വത്തെ അഭ്യാസംകൊണ്ടും പരിചയം കൊണ്ടും വളർത്തിക്കൊണ്ടിരിക്കുന്ന ഒരാൾ തനിക്കു തോന്നിയ അഭിപ്രായത്തിന് തന്റെ സംസ്കാരമണ്ഡലത്തോടടുത്ത ആളുകളെ കൂടുതൽ അനുനയിപ്പിച്ചടുപ്പിക്കത്തക്ക വണ്ണം സോപപത്തികവും സുന്ദരവുമായ രൂപം കൊടുത്തുവെക്കുന്നതാണ് വാസ്തവത്തിൽ നിരൂപണം എന്നു പറയുന്നത്... ഇതിൻവിധം കവിയാൽ ഉദ്ബോധിതങ്ങളായ– അനുകൂലമായോ പ്രതികൂലമായോ ഉണർത്തിവിട്ട – സഹൃദയന്റെ സ്വന്തം അഭിപ്രായാഭിരുചികളുടെ ആവിഷ്കരണമത്രേ നിരൂപണം. കവി അവിടെ നിമിത്തമായി നിൽക്കുന്നേയുള്ളു" (സാഹിത്യവിദ്യ) ഇതാണ് മാരാരുടെ നിരൂപണാദർശം.

കലയുടെ സമുന്നത ദൗത്യത്തെക്കുറിച്ച് ഇത്രമാത്രം ഗഹനമായ വീക്ഷണം ഉണ്ടാകകാരണം, സാഹിത്യത്തിലെ മഹാശിഖരങ്ങളിലേക്കാണ് മാരാരുടെ നോട്ടമധികവും പതിഞ്ഞത്. തന്മൂലം സംസ്കൃതത്തിൽ നിന്നും വാല്മീകിയും വ്യാസനും ഭാസനും കാളിദാസനും പോലുള്ളവരേ അദ്ദേഹത്തിന്റെ സമാരാധനത്തിനു പാത്രീഭൂതരായുള്ളൂ. മലയാളത്തിൽനിന്നാകട്ടെ, ഉണ്ണായിവാര്യർ, വള്ളത്തോൾ, നാലപ്പാടൻ, കുമാരനാശാൻ എന്നിങ്ങനെ ഏതാനും പേരും. വാല്മീകിയുടെ രാമൻ, ഭാരതപര്യടനം, രഘുവംശം, കുമാരസംഭവം, മേഘസന്ദേശം, അഭിജ്ഞാനശാകുന്തളം എന്നിവയുടെ ഗദ്യവിവർത്തനങ്ങൾ ഇത്രയുമാണ് സംസ്കൃതകൃതികളെ ഉപജീവിച്ച് മാരാർ നടത്തിയ സൃഷ്ടികൾ. ആ കൃതികൾ എത്രയോ കാലമായി നമ്മുടെ സംസ്കൃതിയെ സചേതനമാക്കുന്ന ഊർജസ്രോതസ്സുകളാണെന്ന ഉത്തമബോധ്യമാണ് മാരാരെ അവയിലേക്ക് ആകർഷിച്ചത്. ഇതേ ധർമനിർവഹണത്തിന്റെ അനശ്വരവാഹിനികളായിട്ടുതന്നെയാണ് മുകളിൽ പരാമർശിച്ച മലയാളകവികളുടെയും രചനകളെ മാരാർ പരിഗണിച്ചത്.

സത്യാന്വേഷണത്തിന് അനേകമാർഗങ്ങൾ ഉള്ളതുപോലെ സാഹിത്യവിമർശനത്തിനും ഭിന്നസമ്പ്രദായങ്ങളുണ്ടാകാമെന്ന് മാരാർ മനസ്സിലാക്കിയിരുന്നു. അവസാനകാലത്തെ അദ്ദേഹത്തിന്റെ രചനകൾ മിക്കതും ആധ്യാത്മികമാർഗത്തിലുള്ളവയായിരുന്നു. വിവേകാനന്ദസാഹിത്യപരിചയം 'ഭഗവദ് വിവേകാനന്ദൻ' എന്ന ഗ്രന്ഥരചനയിലാണ് മാരാരെ കൊണ്ടെത്തിച്ചത്. കൂടാതെ 'ഋഷിപ്രസാദം', സാഹിത്യശേഷം, ഗീതാപരിക്രമണം, ശരണാഗതി എന്നിവയും മാരാരുടെ തൂലികയിൽ നിന്നു കൈരളിക്കു ലഭിച്ചു. വേദാന്തം നന്നായിപ്പഠിക്കുന്നതിനു മുൻപ് താനെഴുതിയ സാഹിത്യവിമർശഗ്രന്ഥങ്ങൾ പലതും അപൂർണമായിപ്പോയി എന്ന് പ്രൊഫ. ജി. ബാലകൃഷ്ണൻ നായരോടു പരിതപിക്കുകയുമുണ്ടായി അദ്ദേഹം.

എന്നും എവിടെയും തീരെ വിരളമാണ് വ്യക്തിജീവിതത്തിലെ ഈ മാന്യതയും സത്യസന്ധതയും. ഇതുതന്നെയാണ് മാരാരെ മറ്റുള്ളവരിൽ നിന്നെല്ലാം വ്യത്യസ്തനാക്കുന്നത്. "ചാരിത്രശുദ്ധിയുടെ സാഹിതീയനിദർശനമാണ് വിമർശനസാഹിത്യം; അതിനെ തെളിമയോടെ മലയാളത്തിൽ ഉദാഹരിച്ചത് കുട്ടിക്കൃഷ്ണമാരാരാണ്" (എം. തോമസ് മാത്യു) എന്ന നിരീക്ഷണം അക്ഷരാർഥത്തിൽ സാധുവാകുന്നത് ഈയടിസ്ഥാനത്തിലാണ്. ഈ അനുപമവൈശിഷ്ട്യം തന്നെയാണ് നിത്യവികസ്വരമായ അന്തഃകരണത്തിന്റെ ഉടമയായിരുന്ന മാരാരുടെ പ്രതിഭയ്ക്കുമുന്നിൽ അഞ്ജലീബദ്ധരാകാൻ പിൽക്കാലത്തെ പ്രൗഢമാനസരെപ്പോലും പ്രേരിപ്പിക്കുന്നത്. "ശാശ്വതമൂല്യദൃഷ്ടിയും സ്വതന്ത്രചിന്തയും ചേർന്ന മലയാളത്തിലെ ഏറ്റവും കാലപരാധീനതയില്ലാത്ത വിമർശകരായിത്തീർന്നിരിക്കുന്നു മാരാർ" എന്ന പ്രൊഫ. അഴീക്കോടിന്റെ നിഗമനം അതിന്റെ സാക്ഷ്യമാണ്. ■

എം. ശ്രീനാഥൻ

വാക്കിന്റെ കേൾക്കാക്കഥകളിലേക്കൊരു സഞ്ചാരം

# അഗ്നിജന്യം

വാക്കുകളുടെ സാമാന്യവും സവിശേഷവുമായ അർഥഭൂമിക പരിശോധിക്കുമ്പോൾ, ഓരോ വാക്കിന്റെയും സാംസ്കാരിക എലുക തെളിഞ്ഞുവരും. അഗ്നിയും തീയും പര്യായമാണെന്ന സാമാന്യത അവ തമ്മിലുള്ള പദബന്ധത്തെ സൂചിപ്പിക്കുന്നു. എന്നാൽ, പ്രയോഗത്തിലുണ്ടാകുന്ന അന്തരം അവയുടെ സാംസ്കാരികതയുടെ ഭിന്നതയായി നിലകൊള്ളുന്നു. അഗ്നി കേവലം തീയല്ല, എന്നാലത് തീയുമാണ്. അടുപ്പിൽ അഗ്നികൂട്ടാറില്ലാത്തതുപോലെ ഹോമകുണ്ഡത്തിൽ തീയും കൂട്ടാറില്ല. സവിശേഷ സന്ദർഭങ്ങളിൽ അഗ്നിയും തീയും സമാനേതരമായ പ്രയോഗാതിരുകൾ നിലനിർത്തുന്നു. പര്യായബന്ധത്തിൽ നിലയുറപ്പിക്കുന്ന വാക്കുകൾ അർഥസമാനതയെക്കാൾ പ്രയോഗവൈവിധ്യം പേറുന്നവയാണ്. തീയുടെ പ്രയോഗപരിസരം ദ്രാവിഡ സാംസ്കാരിക പ്രകൃതം ഉൾക്കൊള്ളുന്നു. എന്നാൽ സംസ്കൃതജന്യമായ അഗ്നിയുടെ സാംസ്കാരിക പരിസരം മറ്റൊന്നാണ്. ജന്യവൈവിധ്യം പദസാംസ്കാരികതയെയും ഭിന്നമാക്കുന്നു. ഈ രണ്ടു പദസാംസ്കാരികതയും ഉൾച്ചേർന്നതാണ് മലയാളഭാഷാബോധം. ഒരേ യാഥാർഥ്യത്തെ ദ്രാവിഡവും ദ്രാവിഡേതരവുമായ രീതിയിൽ ഉൾക്കൊള്ളുന്ന മിശ്രപാരമ്പര്യം മലയാളത്തെ മിശ്രധിഷണാപരിസരത്തിലുറപ്പിക്കുന്നു. തീയുടെ പ്രയോഗസന്ദർഭാന്വേഷണത്തിന്റെ തുടർച്ചയായി ഈ മാസത്തെ പദപാഠത്തിൽ അഗ്നിയെ വിഷയമാക്കിയിരിക്കുന്നു.

പദവൈവിധ്യത്തിൽ, തീയിൽ നിന്ന് വ്യത്യസ്തമായ പദ നിർമാണശേഷി അഗ്നിക്കുണ്ട്. ഹൈന്ദവ സാംസ്കാരിക പൈതൃകവുമായി അഗ്നിക്ക് ദൃഢബന്ധമുണ്ട്. ഹോമം ഒരു അഗ്നി കർമമാണ്. 18 മഹാപുരാണങ്ങളിലൊന്ന് ആഗ്നേയ മഹാപുരാണമാണ്. അഗ്നിയാൽ പ്രോക്തമായ അഗ്നിപുരാണമാണിത്. അഷ്ടദിക്പാലകന്മാരിൽ തെക്കുകിഴക്കിന്റെ അധിപനാണ് അഗ്നിഭഗവാൻ/ദേവൻ. ബ്രഹ്മാവിന്റെ മൂത്ത പുത്രനാണ് അഗ്നിയെന്ന് വിഷ്ണുപുരാണം പ്രകീർത്തിക്കുന്നു. അഗ്നിയുടെ പുത്രപൗത്രാദികൾ ചേർന്ന് 49 അഗ്നികളടങ്ങുന്നതാണ് കുടുംബ പരമ്പര. അഗ്നിയുമായി ബന്ധപ്പെട്ട് 10 അഗ്നികലകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. 64 കലകളിലൊന്നാണ് അഗ്നിസ്തംഭനം. അഗ്നിയുടെ ദാഹശക്തി കുറയ്ക്കാനുള്ള വിദ്യയാണിത്.

ഹോമാദികൾക്കുള്ള ഗൃഹമാണ് അഗ്നിഗൃഹം. ഹോമാദികളുടെ വിവരണമാണ് അഗ്നിഗ്രന്ഥത്തിലുള്ളത്. അഗ്നിഹോത്രാദികൾ നടത്തുന്ന ഗൃഹസ്ഥനാണ് അഗ്നിചിത്ത്. യാഗാഗ്നിക്ക് സ്ഥലമൊരുക്കലും ഗൃഹസ്ഥന്റെ അഗ്നിസംരക്ഷണവുമാണ് അഗ്നിചര്യ. മണ്ണുകൊണ്ട് വീടുണ്ടാക്കി അത് രസഗന്ധവ്രീഹി രത്നങ്ങൾ നിറച്ച് അഗ്നിയെ ഉദ്ദേശിച്ചു സമർപ്പിക്കുമ്പോഴത് അഗ്നിചൈത്യയായി. അഗ്നിയോജനം ഹോമാഗ്നികൂട്ടലാണ്. അഗ്നി പൂജയ്ക്കുള്ള മന്ത്രമാണ് അഗ്നിരഹസ്യം. ഹോമദ്രവ്യമാണ് അഗ്നിപരിശ്ഛേദം. അഗ്നിസ്തോമം യാഗകർമമാണ്. അഗ്നി ഹോമം ചെയ്യുന്നയാളാണ് അഗ്നിഹോതാവ്. അഗ്നിചയം അഗ്നിവർധിക്കുന്നതിനുള്ള വസ്തുവും മന്ത്രവുമാണ്. അഗ്നിയിലനുഷ്ഠിക്കുന്ന ഹോമമാണ് അഗ്നിഹോത്രം. ബ്രാഹ്മണർ അഗ്നിയിൽ കഴിക്കുന്ന കർമമാണ് അഗ്നികാര്യം. ഹോമത്തെ ശുദ്ധീകരിക്കേണ്ട മാർഗത്തെ, യാഗാഗ്നി കത്തിക്കലിനെ അഗ്നികാരികയെന്നും യാഗാഗ്നിസ്ഥാപനത്തെ അഗ്ന്യാധാനമെന്നും പറയുന്നു. അഗ്നിയുടെ ഇരിപ്പിടം പ്രധാനമാണ്. അഗ്നിയായ ദേവതയോടുകൂടിയ അഗ്നികോണത്തെ അതായത് തെക്കുകിഴക്ക് ദിക്കിനെ അഗ്നിദിക്കായി കരുതുന്നു. അഗ്നിമൂലയും അഗ്നിദിശയുമൊക്കെ നന്നായി വേരോട്ടമുള്ള സംസ്കാരമാണ് നമ്മുടേത്.

ചമതയും ശമിയുമൊക്കെ ഉള്ളിൽ തീപേറുന്ന അഗ്നിഗർഭയാണ്. സൂര്യകിരണത്താൽ തീയുണ്ടാകുന്ന സൂര്യകാന്തവും അരണിയും അഗ്നിഗർഭകമാണ്. കൊടുവേലി അഗ്നിയുടെ പര്യായമായി കാണാം.





അഗ്നിനേത്രൻ ശിവനാണ്. അഗ്നിജൻ സുബ്രഹ്മണ്യനാണ്. അഗ്നിജന്മാവും അഗ്നിജാതാവും അഗ്നിതനയനും അഗ്നിഭൂവുമൊക്കെയായി സുബ്രഹ്മണ്യനവതരിക്കുന്നു. അഗ്നിക്കാവടി സുബ്രഹ്മണ്യ പ്രീതിക്കായുള്ള നേർച്ചയാണ്.

സ്വർണം അഗ്നിജന്യമാണ്. അഗ്നിജലം, അഗ്നിജാതം, അഗ്നിബീജം, അഗ്നിഭം, അഗ്നിഭു, അഗ്നിരേതസ്, അഗ്നിസംഭവം എന്നിങ്ങനെ അഗ്നി പങ്കിടുന്ന സ്വർണപര്യായങ്ങളേറെ. രോഗവുമായും അഗ്നിക്കടുപ്പമുണ്ട്. അഗ്നികോരിയും അഗ്നികരപ്പനും അഗ്നിമാരിയും അഗ്നിരോഹിണിയും അഗ്നിവിസർപ്പവും എന്നിങ്ങനെ കരപ്പനും വസൂരിയും അഗ്നിയുമായി ചേർന്നു നിൽക്കുന്നതു കാണാം. അഗ്നികുമാരം, അഗ്നിഘൃതം, അഗ്നിമന്ഥാദി, അഗ്നിസാരം, അഗ്നിരൂപം, അഗ്നിവർധകം എന്നിങ്ങനെ അഗ്നിബന്ധിത ഔഷധങ്ങളേറെയുണ്ട്. വിശപ്പില്ലായ്മ അഗ്നിമാന്ദ്യമാണ്. അഗ്നിബലം അഥവാ ദഹനശക്തി ഉയർത്തുന്ന, ജഠരാഗ്നിയെ ഉദ്ദീപിപ്പിക്കുന്ന അഗ്നിദീപങ്ങളുണ്ട്. അഗ്നിവർണമുള്ള മദ്യവിഭവങ്ങൾ അഗ്നിപ്രഭയാണ്.

കരിമരുന്ന് പ്രയോഗമാണ് അഗ്നിക്രീഡ. വാണം അഗ്നിശിഖരമാണ്. അഗ്നിജീവികൾ കമ്പക്കാരാണ്. വെടിമരുന്ന് അഗ്നിചൂർണവും വെടിയുപ്പ് നീര് അഗ്നിനീരുമാണ്. ചുവന്ന ഉച്ചിപ്പൂവുള്ള പക്ഷിയെ അഗ്നിചൂഡനെന്നും പ്രകാശിക്കുന്ന മിന്നാമിനുങ്ങിനെ അഗ്നികമെന്നും എട്ടുകാലിയെ അഗ്നിവക്ത്രമെന്നും വിളിക്കുന്നുണ്ട്. ജ്യോതിഷത്തിലും അഗ്നിക്ക് അംഗീകാരമുണ്ട്. കാർത്തിക അഗ്നിനക്ഷത്രമാണ്. അഗ്നിപഞ്ചകം ഒരു അശുഭമുഹൂർത്തമാണ്. അഗ്നിഭയത്തിനിത് കാരണമാകും. ചില തിഥികളും വാരങ്ങളും ചേരുമ്പോഴുണ്ടാകുന്ന അശുഭയോഗമാണ് അഗ്നിയോഗം.

അഗ്നിപരീക്ഷകൊണ്ടുള്ള ശുദ്ധി തെളിയിക്കലായ അഗ്നിശുദ്ധി പിന്നിട്ട കാലത്തിന്റെ നൈതിക പ്രകൃതത്തെ ഓർമിപ്പിക്കുന്നു. ശവദാഹം അഗ്നിക്രിയയാണ്. അഗ്നിദാഹം കൊള്ളിവെയ്പ്പാണ്. ശേഷക്രിയ ചെയ്യുന്നവൻ അഗ്നിദാതാവാണ്. അഗ്നികൊണ്ടുള്ള ശുദ്ധമാക്കലാണ് ശവദാഹത്തിലൂടെ നിറവേറ്റുന്ന അഗ്നിസംസ്കാരം.

അഗ്നിയുമായി ബന്ധപ്പെട്ട എല്ലാവാക്കുകളിലൂടെയുമുള്ള സഞ്ചാരം ഒരു പദപാഠത്തിലൊതുങ്ങില്ല. അഗ്നിപർവതം, അഗ്നിശമനസേന തുടങ്ങി പല വാക്കുകളും സാധാരണയായി ഉപയോഗിക്കുന്നെങ്കിലും ഇവിടെ പരാമർശിച്ചിട്ടുള്ള പല വാക്കുകളും നിത്യജീവിതത്തിൽ പ്രയോഗിക്കപ്പെടുന്നില്ല എങ്കിലും തീയിൽ നിന്ന് വ്യത്യസ്തമായ അഗ്നിയുടെ സാംസ്കാരിക പരിസരം അടയാളപ്പെടുത്താനാണ് ഈ പദപാഠത്തിൽ ശ്രമിച്ചത്. മലയാളി വായ്മൊഴിയിൽ ദ്രാവിഡവും വരമൊഴിയിൽ സംസ്കൃത ബന്ധവുമാകുന്നുണ്ടെന്ന് തീയും അഗ്നിയും സംബന്ധിച്ച പദപാഠങ്ങൾ വ്യക്തമാക്കുന്നു. ■



അനുഷ്ഠാനം

■ സി.ടി. പ്രസാദ്




**വടക്കൻ കേരളത്തിലെ സവിശേഷ മായ തെയ്യമാണ് 'പുതിയോതി' എന്ന പുതിയഭഗവതി തെയ്യം**

# പുഞ്ചവയലിലെ പുതിയോത്ര

അമുദ്രിതങ്ങളായി അനേകമനേകം കഥകൾ, ഐതിഹ്യങ്ങൾ, മിത്തുകൾ, ആചാരങ്ങൾ കോലത്തുനാടിന്റെ അഥവാ വടക്കൻ കേരളത്തിന്റെ അടിമണ്ണിൽ അമർന്നുകിടപ്പുണ്ട്.

സവിശേഷതകളേറെയുള്ള 'പുതിയഭഗവതി' എന്ന തെയ്യവുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും ചടങ്ങുകളും അവയിൽ പ്രധാനപ്പെട്ട ഒന്നാണ്. ഈ തെയ്യം പുതിയ ഭഗവതി അഥവാ നാട്ടുപരദേവത എന്നുമറിയപ്പെടുന്നു. ചിലർക്ക് തെയ്യം നാട്ടുപുതിയവളാണ്. കൂടുതൽ അറിയുന്തോറും 'പുതിയോതി' എന്ന ഓമനപ്പേരിലടുക്കുന്നു ഈ നാട്ടു പരദേവത.

പുതിയ ഭഗവതിക്കാവുകളിലും മകരക്കൊയ്ത്ത് കഴിഞ്ഞ വയലുകളിലും പുലർകാലത്ത് വിശ്വാസാചാരങ്ങളോടെ കെട്ടിയാടിക്കുന്ന തെയ്യക്കോലമാണ് പുതിയഭഗവതി. സവിശേഷമായ ഉർവരതാ അനുഷ്ഠാനമാണിവിടെ നടക്കുന്നത്. പുതിയഭഗവതി കൊട്ടിയാടിക്കുന്ന എല്ലായിടത്തും പുതിയോളുടെ സന്തതസഹചാരികളും രാത്രിതെയ്യങ്ങളുമായ വീരകാളി, വീരൻ, പാടാർകുളങ്ങര ഭദ്രകാളി എന്നിവരെ കെട്ടിയാടിക്കുന്ന പതിവ് നിർബന്ധമാണ്.

'അരയിൽ വലിയ നാല് പന്തവും

നല്ല ചേലൊക്കും കോൽത്തിരികളും

സൂര്യചന്ദ്രനുദിച്ചപോലെ നൽതിരുമുടിയും'

അണിഞ്ഞാണ് പുതിയഭഗവതിയുടെ പുറപ്പാട്.



ഉടയാടകുത്തുന്ന ഉഗ്രയാമത്തിലും ഉശിരോടെയുറഞ്ഞാടുന്ന പുതിയ ഭഗവതിയെ കാണുമ്പോൾ ആരും ഒരു നിമിഷം തൊഴുതുപോകും. ഇത്രയും പൂർണതയൊത്ത ഒരു ഭഗവതിത്തെയ്യക്കോലം വേറൊന്നില്ല. രാത്രിത്തെയ്യമാണ് പുതിയഭഗവതി. അതുകൊണ്ടു തന്നെ രൗദ്രത കൂടുതലാണ്. സാധാരണ രാത്രിത്തെയ്യങ്ങളെ അപേക്ഷിച്ച് പുതിയ ഭഗവതിക്ക് രൗദ്രതയോളം മര്യാദയുമുണ്ട് എന്നത് ശ്രദ്ധേയമാണ്. 'ഇരുട്ടാലെ വന്ന് ഇരുട്ടാലെ കയ്യെടുക്കുന്ന അഗ്നിപ്രപഞ്ചക്കാരിയാണവൾ' എന്ന് തെയ്യത്തിന്റെ തോറ്റത്തിൽ ത്തന്നെ പരാമർശമുണ്ട്. വണ്ണാൻ സമുദായത്തിൽപ്പെട്ടവരാണ് പുതിയഭഗവതിയുടെ തെയ്യം അവതരിപ്പിക്കുന്നത്. രൗദ്രതയും വശ്യതയും ഒരുപോലെയേറിയ മറ്റൊരു തെയ്യക്കോലമില്ല എന്നതുകൊണ്ടുതന്നെയാവണം വണ്ണാൻ സമുദായത്തിൽപ്പെട്ട കലാകാരന്മാരെ 'പെരുവണ്ണാൻ' സ്ഥാനം നൽകിയാദരിക്കുന്നത്. പുതിയോതി തെയ്യം കെട്ടുന്നതോടെയാണ് പരദേവതയുടെ ഉരിയാട്ടം.

നാട്ടുപരദേവത നടത്തുന്നത് ഒന്നാംതരം കൗൺസിലിങ് പ്രക്രിയയാണെന്നു പറയാം. ഉറഞ്ഞാടിക്കഴിഞ്ഞ തെയ്യം പീഠത്തിലിരുന്ന് നാട്ടുകാരോട് ഓരോരുത്തരോടായി ഉരിയാട്ടം (വാചാല് അഥവാ വിശേഷിപ്പ്) നടത്തുമ്പോൾ നാട്ടുപരദേവത ഒരു നല്ല കൗൺസലറായും മുന്നിൽ നിൽക്കുന്നയാൾ ഒരു നല്ല ക്ലയന്റായും മാറുന്നത് കാണാനാകും. ഉരിയാട്ടത്തിനിടെ മഞ്ഞളും അരിയും പൊടിച്ച മിശ്രിതം തെയ്യം ഭക്തർക്ക് പ്രസാദമായി നൽകുന്ന പതിവുമുണ്ട്. ഗ്രാമീണ ജനത സന്താനസൗഭാഗ്യത്തിനായി വെള്ളിയിൽ തീർത്ത 'തൊട്ടിലും കുഞ്ഞും', ആളപകടങ്ങൾക്കും ആപത്തിനും കരുതലിനായി വെള്ളിയിൽ തീർത്ത 'ആൾരൂപം', ചർമരോഗങ്ങൾക്ക് കരുതലായി 'ചെമ്പട്ട്' എന്നിവ തെയ്യത്തിന് സമർപ്പിക്കുന്നു.

പുതിയ ഭഗവതിത്തെയ്യം നിണബലിക്കായി കോഴിയെ ഉപയോഗിക്കുന്ന പതിവുണ്ട്. വിളവെടുപ്പിനുശേഷം രക്തം അർപ്പിച്ച് ഭൂമീദേവിയെ ഓജസ്വിനിയാക്കുന്ന ദ്രാവിഡ കൃഷിസമ്പ്രദായവുമായി ഇതിനു ബന്ധമുണ്ട്. തെങ്ങിൽ നിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഈ തെയ്യത്തിന്റെ അലങ്കാരങ്ങൾക്ക് ഒഴിച്ചുകൂടാനാവാത്തവയാണ്. ഗ്രാമവാസികളോട് ഉരിയാട്ട് നടത്തുമ്പോഴുള്ള പുതിയ ഭഗവതി തെയ്യത്തിന്റെ 'അമ്മത്തം' കാണുമ്പോൾ ഈ കലാരൂപത്തിന്റെ ജൈവികതയ്ക്കു മുന്നിൽ തൊട്ടിലാടിപ്പോകും.

കൊയ്ത്തു കഴിഞ്ഞ വയലിൽ തെയ്യം കെട്ടിയാടിച്ച സംഘാടകരോട് വിശേഷിക്കുന്നത് ശ്രദ്ധിച്ചപ്പോൾ പലയിടത്തും ചെറുശ്ശേരി കാവ്യങ്ങളിലെ പദാവലികൾ കാണുന്നു.

'നാലുമൂലയൊത്തൊരു പഞ്ചുഭൂമിയാധാരമായിട്ട്
കാലുംതോറും കൊണ്ടുക്കൂട്ടും പ്രകാരം
ഇക്കൊല്ലവും ചേലായിട്ട് കൊണ്ടുക്കൂട്ടി
വാങ്ങിത്തെളിഞ്ഞു കയ്യേറ്റു
ഞങ്ങൾക്കു മുന്നായി നിന്നവർക്കും തുണച്ചവർക്കും
അവരുടെ കന്നുകാലിക്കും പൈതങ്ങൾക്കും
മേലാക്കത്തിനും മേൽഫലത്തിനും
ഏറിയോര് ഗുണംവരണം ഗുണംവരണം ഗുണംവരണേ...'



പുതിയ ഭഗവതി തെയ്യം

ചീർമ്പ (വസൂരിവിതയ്ക്കുന്ന ദേവത) വസൂരി വിതയ്ക്കുമ്പോൾ അത് തടകിയൊഴിക്കാൻ (നിർവീര്യമാക്കാൻ) വേണ്ടി ഹോമകുണ്ഠത്തിൽ പിറന്ന ദേവതയാണ് പുതിയഭഗവതി. തെയ്യത്തിന്റെ കൂടിയാട്ടം (സംസ്കൃതത്തിലെ കൂടിയാട്ടമല്ല) ശ്രദ്ധേയമാണ്. തെയ്യം വെളിച്ചപ്പാടുമായി നടത്തുന്ന കൂടിയാട്ടത്തിന്റെ നൃത്തച്ചുവടുകൾ ഗാംഭീര്യമേറിയതും നാടകീയവുമാണ്. ഇതു തന്നെ രണ്ടുവിധമുണ്ട്. ആദ്യത്തേത് തെയ്യത്തിന്റെ കൊടിയിലത്തോറ്റം കഴിഞ്ഞ് തെയ്യത്തിന്റെ വെള്ളാട്ടം വെളിച്ചപ്പാടുമായി നടത്തുന്ന കൂടിയാട്ടം. രണ്ടാമത്തേത് തെയ്യം പൂർണരൂപത്തിൽ കെട്ടിയിറങ്ങിയശേഷം വെളിച്ചപ്പാടുമായുള്ള കൂടിയാട്ടം. ആദ്യത്തെ കൂടിയാട്ടം ഭാവതലങ്ങൾകൊണ്ടും താളതലങ്ങൾ കൊണ്ടും ശ്രദ്ധയാകർഷിക്കുന്നു. രണ്ടാമത്തെ കൂടിയാട്ടം ആളിക്കത്തുന്ന പന്തങ്ങളോട് കൂടിയതും സാഹസികവുമാണ്.

> വണ്ണാൻ സമുദായത്തിൽപ്പെട്ട കലാകാരന്മാരെ 'പെരുവണ്ണാൻ' സ്ഥാനം നൽകിയാദരിക്കുന്നത് പുതിയോതി തെയ്യം കെട്ടുന്നതോടെയാണ് പരദേവതയുടെ ഉരിയാട്ടം.

കാർഷിക സംസ്കൃതിയുടെ പൊക്കിൾക്കൊടിബന്ധമറ്റ് ഉത്തരമലബാറിലെ തെയ്യംകെട്ട് ഉത്സവങ്ങൾ കമ്പോളാധിഷ്ഠിതമായി മാറുന്ന ഇക്കാലത്ത്, കണ്ണൂരിലെ തനിഗ്രാമപ്രദേശങ്ങളുടെ നാഡികളിലിന്നും 'പുതിയഭഗവതി തിറമഹോത്സവം' (പുതിയോത്ര) അതിന്റെ പൂർണസ്ഥായിയിൽത്തന്നെ മിടിപ്പ് കൊട്ടുന്നുണ്ട്. പുളി, പ്ലാവ് തുടങ്ങിയ മരങ്ങളുടെ വിറകുകളാലും ചെമ്പകം, ആലം എന്നീ വൃക്ഷങ്ങളുടെ തൊലി ചെത്തിമാറ്റിയ പച്ചക്കുട്ടകളാലും തീർത്ത വലിയ തീക്കുണ്ഠത്തിന്റെ (മേലേരി) ചൂടേറ്റ് ഇമയടയ്ക്കാതെ മകരമാസമഞ്ഞു വീഴുന്ന ഒരു രാത്രി അവർ ഒന്നിച്ചുകൂടുന്നു. പുതിയ ഭഗവതി തിറമഹോത്സവം കൊണ്ടാടാൻ ഒരു ഗ്രാമത്തിലെ എല്ലാ സമുദായാംഗങ്ങളും തങ്ങളുടെ പങ്ക് യഥാവിധി നിർവഹിക്കുന്നു. ഇന്നത്തെ പല 'ഇവന്റ് മാനേജ്മെന്റ്' സംവിധാനങ്ങളുടെയും കൃത്യതയെ തോൽപ്പിക്കുന്നതാണ് ഈ സംഘോത്സവത്തിന്റെ ക്രമാനുഗതമായ പ്രവർത്തനരീതികൾ.

കത്തിച്ച വിളക്കാണയിട്ട്, അരിയെറിഞ്ഞെടുത്ത തിരുവായുധം തിരിച്ചുവെച്ച്, കലപില കിലുങ്ങണ വെള്ളോട്ട് ചിലമ്പഴിച്ചുമാറ്റി, കത്തിക്കരിഞ്ഞ കുരുത്തോലപ്പാവാടയുമായി മേലേരിയിലൂടെ ഓടി മേലായിപ്പടിയെ വഴങ്ങി കിംപുരുഷരൂപത്തിന്റെ മുന്നിലെത്തി നാട്ടുപരദേവത ഉടുത്തുകെട്ടു കളഴിച്ചു മാറ്റുമ്പോൾ ഗ്രാമീണ ജനത കാത്തിരിപ്പു തുടങ്ങുന്നു. അടുത്ത വർഷത്തെ പുതിയ ഭഗവതിയുടെ പുറപ്പാടിനായി. ■

■ ഡോ. എം.വി. തോമസ്



**ന്യൂനപക്ഷഭാഷകൾക്ക് ഇത്രയധികം പരിഗണനയും പരിരക്ഷണവും ലഭിക്കുന്ന മറ്റൊരു സംസ്ഥാനം ഇന്ത്യയിലില്ല**

# ന്യൂനപക്ഷഭാഷകളല്ല പ്രശ്നം

**1956**-ൽ ഭാഷാടിസ്ഥാനത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിച്ചതിന്റെ പ്രധാന ഉദ്ദേശ്യം ഓരോ സംസ്ഥാനത്തും അവിടത്തെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ മാതൃഭാഷ അഥവാ പ്രാദേശിക ഭാഷ ഏക ഔദ്യോഗികഭാഷയാക്കുക എന്നതായിരുന്നു. സംസ്ഥാന പുനഃസംഘടനാ കമ്മഷന്റെ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു. 'ഒരു സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 70 ശതമാനമോ അതിൽ കൂടുതലോ ആണ് ഒരു ഭാഷാഗ്രൂപ്പിന് ഉള്ളതെങ്കിൽ ആ സംസ്ഥാനത്തെ ഒരു ഏക ഭാഷാ സംസ്ഥാനമായി പരിഗണിക്കണമെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. ജനസംഖ്യയുടെ 30 ശതമാനത്തോളമുള്ള ഗണ്യമായ ഒരു ന്യൂനപക്ഷമുണ്ടെങ്കിൽ ഭരണകാര്യങ്ങളിൽ ആ സംസ്ഥാനത്തെ ഒരു ദ്വിഭാഷാസംസ്ഥാനമായി അംഗീകരിക്കേണ്ടതാണ്. (റിപ്പോർട്ട്: ഖണ്ഡിക 783).

ഇതനുസരിച്ച് 96 ശതമാനം മലയാളികളുള്ള കേരളം നിസ്സംശയമായും ഒരു ഏകഭാഷാസംസ്ഥാനമാണ്. അതിനാൽ ഇവിടത്തെ ഭരണഭാഷ മലയാളം മാത്രമായിരിക്കണം. കേരളത്തിൽ ന്യൂനപക്ഷഭാഷക്കാർ നാലുശതമാനം മാത്രമേയുള്ളൂ. ഇവരിൽ തമിഴർ 2.117 ശതമാനവും കന്നടക്കാർ 0.260 ശതമാനവുമാണുള്ളത്. തമിഴ്നാട്ടിൽ തമിഴ് സംസാരിക്കുന്നവർ 84.73 സതമാനവും കർണാടകയിൽ കന്നട ഭാഷക്കാർ 65.16 ശതമാനവും ഉള്ളപ്പോൾ കേരളത്തിൽ മലയാളം സംസാരിക്കുന്നവരുടെ തോത് എത്രയോ ഉയർന്നതാണെന്നത് ശ്രദ്ധേയമാണ്. ഇന്ത്യയിൽ തനതുഭാഷ സംസാരിക്കുന്നവരുടെ എണ്ണം ഏറ്റവും അധികമുള്ള സംസ്ഥാനം കേരളമാണ്. എന്നിട്ടും കേരളത്തിലെ ഏക ഔദ്യോഗികഭാഷയായി മലയാളം അംഗീകരിക്കപ്പെട്ടിട്ടില്ല എന്നത് അത്യന്തം ഖേദകരമാണ്.

1969 ലെ ഔദ്യോഗികഭാഷ (നിയമനിർമാണ) നിയമത്തിന് 1973 ൽ കൊണ്ടുവന്ന ഭേദഗതിപ്രകാരം പുതുതായി ചേർത്ത 1(എ) വകുപ്പിൽ ഇംഗ്ലീഷും മലയാളവും കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷകൾ ആയിരിക്കുമെന്നാണ് വ്യവസ്ഥചെയ്തിരിക്കുന്നത്. ഈ വ്യവസ്ഥ ഭരണഘടനയിലെ അനുശാസനങ്ങൾക്ക് അനുസൃതമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ഭരണഘടനയുടെ 345 ാം വകുപ്പുപ്രകാരം 'സ്റ്റേറ്റിൽ ഉപയോഗത്തിലിരിക്കുന്ന ഭാഷകളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ അല്ലെങ്കിൽ ഹിന്ദിയോ ആ സ്റ്റേറ്റിലെ മുഴുവുമായോ ഏതെങ്കിലും ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടിയോ സ്വീകരിക്കാവുന്നതാണ്. എന്നാൽ സ്റ്റേറ്റിലെ നിയമനിർമാണമണ്ഡലം നിയമം മുഖേന മറ്റുവിധത്തിൽ വ്യവസ്ഥചെയ്യുന്നതുവരെ ഈ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ആ സ്റ്റേറ്റിനുള്ളിലെ ഏതെങ്കിലും ഒദ്യോഗികാവശ്യങ്ങൾക്ക് ഇംഗ്ലീഷ് ഭാഷ ഉപയോഗിച്ചുവന്നിരുന്നു. വേറെ ആവശ്യ

ങ്ങൾക്ക് ആ ഭാഷ തുടർന്നും ഉപയോഗിക്കേണ്ടകാകുന്നു." 346 ാം വകുപ്പനുസരിച്ച് ബന്ധഭാഷയെപ്പറ്റിയും 346 ാം വകുപ്പനുസരിച്ച് ന്യൂനഭാഷക്കാർക്കുള്ള പ്രത്യേക വ്യവസ്ഥകളെപ്പറ്റിയും സംസ്ഥാനതലത്തിൽ ഔദ്യോഗികഭാഷാ നിയമത്തിൽ ചേർക്കേണ്ടതാണെന്നുകൂടി ഭരണഘടന അനുശാസിക്കുന്നു. ഭരണഘടനയിലൊരിടത്തും സ്റ്റേറ്റിന്റെ ഭരണഭാഷാപദവി പ്രാദേശികഭാഷയ്ക്കൊപ്പമായോ അല്ലാതെയോ ഇംഗ്ലീഷിന് നൽകാവുന്നതാണെന്ന് പറഞ്ഞുകാണുന്നില്ല.

നിയമം മുഖേന മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നതുവരെ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പുവരെ ഇംഗ്ലീഷ് ഉപയോഗിച്ചുകൊണ്ടിരുന്ന കാര്യങ്ങൾക്ക് താത്കാലികാടിസ്ഥാനത്തിൽ ഇംഗ്ലീഷ് ഉപയോഗിക്കുന്നതിനുമാണ് ഭരണഘടന അനുമതി നൽകിയിരിക്കുന്നത്. ഭരണഘടന നടപ്പിൽ വരുന്നതിന് തൊട്ടുമുമ്പുവരെ വിശേഷിച്ചും ബ്രിട്ടീഷ് ഭരണകാലത്ത് തിരുവിതാംകൂറിലും കൊച്ചിയിലും ഏതാണ്ട് പൂർണമായും മലബാറിൽ ഭാഗികമായും മലയാളത്തിലാണ് ഭരണപരമായ കാര്യങ്ങൾ നിർവഹിച്ചിരുന്നത്. കീഴ്ക്കോടതികളിലെ നടപടികളും വിധിയെഴുത്തും നടന്നിരുന്നത് മലയാളത്തിലാണ്. തിരുവിതാംകൂറിലും കൊച്ചിയിലും ദിവാന്മാർ അന്യസംസ്ഥാനക്കാരോ ബ്രിട്ടീഷുകാരോ ആയിരുന്നതിനാൽപ്പോലും നീട്ടുകൾ (സർക്കാർ ഉത്തരവുകൾ), വിജ്ഞാപനങ്ങൾ മുതലായവ ഇറക്കിയിരുന്നത് മലയാളത്തിലാണ്. അഞ്ചാം ക്ലാസുവരെ പഠനത്തിന് മലയാള മാധ്യമം മാത്രമാണ് ഉപയോഗിച്ചിരുന്നത്. ആറാം ക്ലാസുമുതൽ ഇംഗ്ലീഷ് മാധ്യമത്തിൽ പഠിച്ചിരുന്നവർപോലും നിർബന്ധിത ഭാഷയായി മലയാളം പഠിച്ചിരുന്നു. കേരളപ്പിറവിക്കുശേഷമാണ് ഭരണതലത്തിലും പഠനതലത്തിലും മലയാളത്തെ ഒഴിവാക്കിക്കൊണ്ട് ഇംഗ്ലീഷ് പ്രാമുഖ്യം നേടിയത്. ഇതിന്റെ തുടർച്ചയായിട്ടാണ് 1973 ൽ മലയാളത്തിനൊപ്പം ഇംഗ്ലീഷിനും കേരളത്തിന്റെ ഔദ്യോഗികഭാഷാപദവി നൽകിക്കൊണ്ട് നിയമനിർമാണം നടന്നത്.

ഇംഗ്ലീഷും മലയാളവും ഭരണഭാഷകളാക്കിയിട്ടുള്ള കേരളത്തിലെ ഔദ്യോഗികഭാഷാനിയമം1 (ബി) വകുപ്പിന്റെ അടിസ്ഥാനത്തിലാണ് ബഹുഭൂരിപക്ഷം സർക്കാർ വകുപ്പുകളിലും മലയാളം മാത്രം ഉപയോഗിക്കണമെന്ന് സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷകളായി 1 (എ) വകുപ്പിൽ ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളെ പ്രതിഷ്ഠിക്കുകയും തൊട്ടടുത്ത വകുപ്പു പ്രകാരം പ്രത്യേക ഔദ്യോഗികാവശ്യങ്ങൾക്ക് ഇവയിൽ ഒന്നുമാത്രം ഉപയോഗിക്കാൻ നിർദേശിക്കുകയും ചെയ്യുന്നതിൽ വൈരുധ്യമുണ്ട്. കേരളത്തിലെ ഏക ഔദ്യോഗികഭാഷയായി മലയാളത്തെ പ്രതിഷ്ഠിക്കുകയെന്നതാണ് ഇനിനുള്ള പരിഹാരം. ഭരണഭാഷാസംബന്ധമായി ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാർ ഒരു സമഗ്രനിയമം കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത് ശുഭോദർക്കമാണ്.

## ഇംഗ്ലീഷിനുള്ള സ്ഥാനം

കേരളത്തിന്റെ ഏക ഔദ്യോഗിക ഭാഷയായി മലയാളം പ്രതിഷ്ഠിക്കപ്പെട്ടാൽ ഭരണരംഗത്ത് ഇംഗ്ലീഷിന് യാതൊരു സ്ഥാനവും ഉണ്ടായിരിക്കുകയില്ലെന്ന് കരുതിക്കൂട. കേന്ദ്രസർക്കാർ രാഷ്ട്രഭാഷയായ ഹിന്ദിക്കൊപ്പം അനുബന്ധഭാഷയായി ഇംഗ്ലീഷ് ഉപയോഗിക്കുന്നതുപോലെ കേരളത്തിലും നിശ്ചിത കാര്യങ്ങൾക്ക് ഇംഗ്ലീഷ് ഉപയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതാണ്. കേന്ദ്രസർക്കാരുമായും ഇതര സംസ്ഥാനങ്ങളുമായും വിദേശരാഷ്ട്രങ്ങളുമായും നടത്തുന്ന എഴുത്തുകുത്തുകൾ, ഹൈക്കോടതിയിലും സുപ്രീംകോടതിയിലും നടത്തുന്ന കേസുകൾ തുടങ്ങി ഇംഗ്ലീഷ് ഉപയോഗിക്കാവുന്ന മേഖലകൾ വ്യക്തമായി നിർവചിക്കേണ്ടതാണ്. മലയാളത്തിനുപകരമായി ഇംഗ്ലീഷ് ഉപയോഗിക്കുവാൻ പാടില്ല. പഴയ നിയമങ്ങൾ വിവർത്തനം ചെയ്യപ്പെടുന്നതുവരെ ഇംഗ്ലീഷ് മൂലത്തെ അടിസ്ഥാനമാക്കി മലയാളത്തിൽ നടപടികൾ നടത്തുന്നതിന് അവസരമൊരുക്കണം. കണ്ണിഭാഷ (Link language), വൈജ്ഞാനികഭാഷ, അന്താരാഷ്ട്ര ഭാഷ, വാണിജ്യഭാഷ എന്നീ നിലകളിൽ ഇംഗ്ലീഷിനുള്ള അതുല്യ സ്ഥാനം അംഗീകരിക്കേണ്ടതാണെങ്കിലും സംസ്ഥാനത്തിനകത്തെ ഭരണപരമായ കാര്യങ്ങളിൽ ആ ഭാഷയ്ക്ക് കാര്യമായ പ്രസക്തിയില്ലെന്ന് നാം മനസ്സിലാക്കണം.

## ഹിന്ദിക്കും സ്ഥാനം വേണം

ഇപ്പോൾ സംസ്ഥാനത്ത് നിലവിലിരിക്കുന്ന ഭരണസംവിധാനത്തിൽ ഹിന്ദിക്ക് യാതൊരു സ്ഥാനവും നൽകിയിട്ടില്ല. ഇന്ത്യയുടെ രാഷ്ട്രഭാഷയെ അല്പംപോലും അംഗീകരിക്കാത്ത നിലപാട് സംസ്ഥാനത്തിന് ഒട്ടും ഭൂഷണമല്ല. കേന്ദ്രത്തിൽ നിന്നോ അന്യസംസ്ഥാനങ്ങളിൽ നിന്നോ കേരളത്തിലുള്ള അന്യസംസ്ഥാനക്കാരിൽ നിന്നോ ഹിന്ദിയിൽ ലഭിക്കുന്ന കത്തുകളും മറ്റ് രേഖകളും പരിശോധിച്ച് നടപടിയെടുക്കാനുള്ള ഏർപ്പാട് ഇപ്പോൾ ഈ സംസ്ഥാനത്തില്ല. ഹിന്ദി നമ്മുടെ രാഷ്ട്രഭാഷ എന്നതിനുപുറമെ സംസാരിക്കുന്നവരുടെ എണ്ണം കൊണ്ട് ലോകത്തിൽ രണ്ടാമത്തെ ഭാഷയാണ്. ആ നിലയ്ക്ക് അതിന് അന്താരാഷ്ട്രതലത്തിൽ സമുന്നതമായ ഒരു പദവിയാണുള്ളത്. ഇക്കാരണങ്ങളാൽ മലയാളം ഏക ഔദ്യോഗികഭാഷയായി അംഗീകരിക്കപ്പെട്ടാലും ഇംഗ്ലീഷിന്റെ കാര്യത്തിലെന്ന പോലെ ഹിന്ദിക്കും സംസ്ഥാനത്ത് അനുബന്ധഭാഷാപദവി നൽകാവുന്നതാണ്. അതിന്റെ ഉപയോഗമേഖലകളും വ്യക്തമായി നിർവചിക്കപ്പെടേണ്ടതുണ്ട്.

## ന്യൂനപക്ഷഭാഷകൾ

കേരളത്തിന്റെ ഭരണമണ്ഡലത്തിലെ എല്ലാ തലങ്ങളിലും 96 ശതമാനം വരുന്ന ജനങ്ങളുടെ ഭാഷയായ മലയാളം ഏക ഔദ്യോഗികഭാഷയായി പ്രഖ്യാപിക്കണമെന്ന ആവശ്യത്തെ പരസ്യമായി ചോദ്യം ചെയ്യാതെ തന്നെ അതിനെ തുരങ്കം വെക്കുന്നതിന് നിഗൂഢമായി പരിശ്രമിക്കുന്ന ഒട്ടേറെപ്പേർ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇംഗ്ലീഷ് എക്കാലത്തും ഇവിടെ ഭരണഭാഷയായി തുടരണമെന്ന് ആഗ്രഹിക്കുന്ന ഇക്കൂട്ടർ പ്രധാനമായും ഉന്നയിക്കുന്നത് നാലുശതമാനത്തോളം വരുന്ന ന്യൂനപക്ഷ ഭാഷക്കാരുടെ പ്രശ്നമാണ്. ഔദ്യോഗിക കാര്യങ്ങൾക്ക് മലയാളം മാത്രം ഉപയോഗിക്കാൻ തുടങ്ങിയാൽ ഇവരുടെ ഗതിയെന്താവും എന്നാണ് ചോദ്യം. ന്യൂനപക്ഷ ഭാഷക്കാരല്ല, മലയാള ഭാഷാവിദ്വേഷികളും വൈദേശിക ഭാഷയുടെ വൈതാളികന്മാരുമാണ് ഈ ചോദ്യം ഉന്നയിക്കുന്നത് എന്നതാണ് ഏറെ രസകരം. ന്യൂനപക്ഷഭാഷക്കാർക്ക് ഇത്രത്തോളം പരിഗണനയും പരിരക്ഷണവും ലഭിക്കുന്ന മറ്റൊരു സംസ്ഥാനവും ഇന്ത്യയിലില്ല എന്ന വസ്തുത എല്ലാവർക്കും അറിവുള്ളതാണ്. അവർക്കുള്ള പ്രത്യേക വ്യവസ്ഥകൾ പുതിയ ഭരണഭാഷാനിയമത്തിൽ ഉൾക്കൊള്ളിക്കണം. നിശ്ചിത കാലയളവിനുള്ളിൽ മലയാളഭാഷാപരിജ്ഞാനം നേടി കേരള ഭരണത്തിൽ സജീവ പങ്കാളികളാവാൻ അവർക്ക് അവസരം നൽകണം. തമിഴ്-കന്നട വിഭാഗങ്ങളിൽപ്പെടാത്ത ന്യൂനപക്ഷക്കാർക്ക് സർക്കാരുമായി എഴുത്തുകുത്തു നടത്തുവാൻ ഇംഗ്ലീഷോ ഹിന്ദിയോ മാധ്യമമായി ഉപയോഗിക്കാൻ അവസരം നൽകാവുന്നതാണ്. തമിഴ്-കന്നട വിഭാഗങ്ങൾക്ക് അവരവരുടെ ഭാഷയിൽത്തന്നെ എഴുത്തുകുത്തുകൾ നടത്താനും അവസരം നൽകണം.

'ഭരിക്കുന്നവരുടെ ഭാഷ ഭരണഭാഷ' എന്ന സിദ്ധാന്തപ്രകാരം ജനാധിപത്യഭരണവ്യവസ്ഥയിൽ ഭൂരിപക്ഷം ജനങ്ങളുടെ മാതൃഭാഷ അഥവാ പ്രാദേശിക ഭാഷ ഭരണകാര്യങ്ങൾ നിർവഹിക്കുന്നതിനുള്ള ഭാഷയായി ഉപയോഗിച്ചേമതിയാവൂ. അതനുസരിച്ച് കേരളത്തിലെ ഏതാണ്ട് മുഴുവൻ ജനങ്ങളുടെയും മാതൃഭാഷയായ മലയാളം ആയിരിക്കണം ഈ സംസ്ഥാനത്തിന്റെ ഏക ഔദ്യോഗിക ഭാഷയെന്ന് നിസ്സംശയം പറയാം. ■



■ രമേഷ്കുമാർ വെള്ളമുണ്ട

**നൂറിൽപരം ഭക്ഷ്യയോഗ്യമായ വന്യസസ്യങ്ങൾ വയനാട്ടിലുണ്ട്. ആദിവാസികൾക്കിടയിൽ പോലും ഇവയുടെ രുചിഭേദങ്ങൾ പടിയിറങ്ങുന്നു**

# ഗോത്രനാടിന്റെ വന്യസസ്യങ്ങൾ

നാട്ടറിവുകളും കാട്ടറിവുകളും ചേർന്ന് സമ്മിശ്രമായിരുന്നു ഗോത്ര വയനാടിന്റെ ഗതകാലങ്ങൾ. ഇലവർഗ വന്യസസ്യങ്ങളുടെ വംശീയ ഭക്ഷണങ്ങൾ ആദിവാസി ജനതയുടെ ആരോഗ്യപോഷണത്തിന് കരുത്തു പകരുന്നു. കാടിനുള്ളിലും വയൽവക്കിലും സമൃദ്ധമായി വളരുന്ന പൊന്നാങ്കണ്ണിയും തഴുതാമയും മുത്തിളും തവരയുമെല്ലാം ഒന്നാന്തരം ഭക്ഷ്യവർഗങ്ങളാണെന്ന് മുൻതലമുറകൾ തെളിയിച്ചു. പല രോഗങ്ങൾക്കും ഔഷധക്കൂട്ടുകൾകൂടിയായിരുന്നു ഈ ഇലവർഗങ്ങൾ. ആദിവാസി ജീവിതചാരുതകളിൽ നിന്നും ഇവയെ അടർത്തിമാറ്റിയാൽ ഇവർക്ക് ജീവിതമില്ല. കാട്ടുമൃഗങ്ങളെ വേട്ടയാടുന്നതിനെക്കാൾ ജൈവസമ്പുഷ്ടമായ ഇലവർഗസസ്യങ്ങളിലായിരുന്നു ഇവരുടെ താത്പര്യം. നൂറിൽപ്പരം ഭക്ഷ്യയോഗ്യമായ വന്യസസ്യങ്ങൾ വയനാട്ടിലെ ഗോത്രവർഗങ്ങളുടെ പരമ്പരാഗതമായ വംശീയഭക്ഷണത്തിൽ ഉൾപ്പെട്ടിരുന്നതായി എം.എസ്. സ്വാമിനാഥൻ ഗവേഷണ വിഭാഗം നടത്തിയ പഠനത്തിൽ കണ്ടെത്തിയിരുന്നു. ഏതു വെയിലിലും മഴയിലും അരോഗദൃഢഗാത്രമായി നിന്ന ഇവരുടെ മുൻതലമുറകൾ ഇതിനൊക്കെ സാക്ഷ്യമായിരുന്നു. കേരളത്തിലെ ഏറ്റവും വലിയ ആദിവാസി വിഭാഗമായി വിലയിരുത്തപ്പെടുന്ന പണിയർക്കിടയിൽ മാത്രം എൺപതോളം ഇലക്കറികൾ ഉപയോഗിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവയൊന്നും കൃഷി ചെയ്ത് പരിപാലിക്കപ്പെട്ടതല്ല. പ്രകൃതിയിൽ നിന്നും ശേഖരിക്കപ്പെട്ടതാണ്. കാലക്രമത്തിൽ ഇവയെല്ലാം വംശനാശത്തിലാണ്. ആദിവാസികൾക്കിടയിൽ പോലും ഇവയുടെ രുചിഭേദങ്ങൾ പടിയിറങ്ങുന്നു. പോഷകാഹാരക്കുറവുകൊണ്ട് ആദിവാസികളുടെ ആയുർദൈർഘ്യംപോലും കുറയുന്ന ഇക്കാലത്തിൽ പരമ്പരാഗത ഭക്ഷ്യസംസ്കാരത്തിന്റെ പ്രസക്തിയാണ് വർധിക്കുന്നത്.

## നാട്ടുവഴിയിലെ ഔഷധങ്ങൾ

തോടരികിലും കൊല്ലിയിലുമാണ് ചുരുളിയെന്ന (Diplazium esculentum) കാട്ടുചെടിയുടെ ആവാസ സ്ഥലം പരമാവധി ഒരു മീറ്ററോളം ഉയരം വരും. കാട്ടുനായ്ക്ക വിഭാഗം ചുരുണ എന്നാണ് ഇതിന് പേരിട്ടരിക്കുന്നത്. അധികം മൂക്കാത്ത ഇലയരിഞ്ഞ് ഉപ്പേരി വെക്കുകയാണ് ഇവർ ചെയ്യുന്നത്. മൂത്ര സംബന്ധമായ അസുഖത്തിന് ഉത്തമ ഔഷധം കൂടിയാണ് ചുരുളിയെന്ന് ആദിവാസികളിലെ മുതിർന്നവർ പറയുന്നു. വംശീയ ചികിത്സാവിധിയിൽ അതുകൊണ്ടുതന്നെ ഇത് ഉൾപ്പെടുത്തിയിരിക്കുന്നു.

മഴക്കാലത്ത് ധാരാളമായി വയനാട്ടിൽ കാണാൻ കഴിയുന്ന മുടുങ്ങ ചപ്പ് (Solanum nigum) ധാരാളമായി മുൻതലമുറയുടെ ഭക്ഷ്യവിഭവങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. ഇലയും മൂക്കാത്ത തണ്ടും കഴുകി അരിഞ്ഞ് വെളുത്തുള്ളിയിട്ട് മൂപ്പിച്ച്









പകുതി വേവാവുമ്പോൾ ആവശ്യത്തിന് ഉപ്പും ചേർത്ത് ഉപയോഗിക്കുന്നതാണ് രീതി. എലി കടിച്ചാൽ ഇത് ഇടിച്ചുപിഴിഞ്ഞ് കടിച്ച ഭാഗത്തു തേച്ചാൽ എലിവിഷം മൂലമുണ്ടാകുന്ന വ്രണങ്ങളും മറ്റും മാറിക്കിട്ടും. ആർത്തവ സംബന്ധമായ വയറുവേദനയ്ക്കും ഔഷധമായി ആദിവാസികൾ ഈ സസ്യത്തെ ഉപയോഗിക്കുന്നു.

വേലിയിലും നിലത്തും പടർന്നു കയറുന്ന ചോരചീരയും (altemanthera) ഭക്ഷ്യയോഗ്യമാണ്. മൂക്കാത്ത ഇലയും തണ്ടുമാണ് കറിവെക്കാനെടുക്കുക. ദഹനത്തിന് ഈ ചീരക്കറി ഉത്തമമാണ്. എല്ലാ സീസണിലും പണ്ടുകാലത്ത് സുലഭമായിരുന്ന ആളൻ ചപ്പ് (bidens bitemata) പണിയ കാട്ടുനായ്ക്ക വിഭാഗങ്ങളാണ് ഏറ്റവും കൂടുതൽ ഉപയോഗിച്ചിരുന്നത്. കണ്ടോനക്കുത്തി എന്നാണ് ഈ സസ്യത്തിന്റെ ഓമനപ്പേര്. മഞ്ഞപ്പിത്തം ബാധിച്ചവർ ആളൻചപ്പ് കഴിക്കുന്നത് രക്തം ശുദ്ധീകരിക്കാൻ സഹായിക്കുന്നു. വിറ്റാമിൻ സി അടങ്ങിയ ഈ സസ്യം ചെവി വേദനയ്ക്കും ശമനം നൽകും.

ചെട്ടിമാരും പണിയരും കുറുമരുമെല്ലാം കുപ്പച്ചീര (amranthus viridis) കഴിക്കുന്നവരായിരുന്നു. കാഴ്ച ശക്തി വർധിപ്പിക്കാൻ ഇതൊരു ഔഷധമായി. മുള്ളൻ ചീര മൂത്രത്തിലെ പഴുപ്പ് മാറ്റാൻ ഉപയോഗിക്കുന്നു. ചുട്ടുപൊള്ളൽ, വിളർച്ച, വാതം, രക്തസ്രാവം എന്നിവയ്ക്കെല്ലാം ആദിവാസികളിലെ വൈദ്യൻമാർ മുള്ളൻ ചീരയിൽ നിന്നുമുള്ള ഔഷധമാണ് നൽകുന്നത്. കയ്പ്പവള്ളിയോട് സാദൃശ്യമുള്ള ചെടിയാണ് കുറിയൻചപ്പ്. പനി ശമിക്കാൻ ഇത് ഉപയോഗിക്കുന്നു. കായും ഇലയും ഒരുപോലെ ഉപകാരപ്രദമാണ്. താളിനോട് സാദൃശ്യമുള്ള ചെടിയാണ് കരിങ്കൂവളം (monochoria vaginalis). പുഴയോരത്തും വയലിലുമാണ് കൂടുതൽ കാണാൻ കഴിയുക. ഇലയും തണ്ടും അരിഞ്ഞ് വെളിച്ചെണ്ണയിൽ വഴറ്റിയാൽ സ്വാദിഷ്ഠമായ ഉപ്പേരിയായി. ഇടിച്ചു പിഴിഞ്ഞ് രാവിലെയും വൈകിട്ടും ഒരു ഔൺസ് വീതം കഴിച്ചാൽ അപസ്മാരത്തിന് ശമനം കിട്ടുമെന്ന് ഗോത്ര വൈദ്യന്മാർ പറയുന്നു. പ്രമേഹത്തിനും നേത്രരോഗത്തിനും കരിങ്കൂവളം ധാരാളമായി ഉപയോഗിച്ചിരുന്നു. കരിങ്കൂവളം ഇന്ന് വംശനാശത്തിന്റെ വക്കിലാണ്. രാസകീടനാശിനികൾ ഈ സസ്യത്തിന്റെ ജനുസ്സുകളെയാകെ നശിപ്പിച്ചു.

നീണ്ട വീതികുറഞ്ഞ ഇലകളോട് കൂടിയ ചെടിയാണ് പഞ്ചിത്താള് (cryptocoryne spiralis). അപൂർവമായി മാത്രമാണ് ഇവ പുറംലോകത്ത് കാണപ്പെടുക. കാട്ടരുവിയുടെ തീരങ്ങളിൽ ഇവയെ കാണാം. പച്ചമുളകും ഇലയും വെളിച്ചെണ്ണയും ചേർത്ത് പണിയ കുടുംബങ്ങൾ പഞ്ചിത്താള് തോരനാക്കി കഴിക്കാറുണ്ട്. കരമുരിക്കും (erythrina stricta) പരമ്പരാഗത ഭക്ഷണശീലങ്ങളിൽ ഉൾപ്പെട്ടിരുന്നു. നിറയെ മുള്ളുകളുള്ള ഈ വൃക്ഷത്തിന്റെ തൊലിയും ഇലയും പൂവുമെല്ലാം ഔഷധയോഗ്യമാണ്. വാതം, കഫം, പ്രമേഹം എന്നിവ ശമിപ്പിക്കാൻ ഇത് ഉത്തമമാണെന്ന് വൈദ്യശാസ്ത്രം പറയുന്നു. പല്ലുവേദന മാറ്റാനും ഇത് ഉപയോഗിച്ചിരുന്നു.

പൊന്നാങ്കണ്ണി, മുത്തിൾ, മരുമച്ചപ്പ്, വഷളച്ചീര, കൊല്ലിച്ചേമ്പ്, വെള്ളമരുമ, പനച്ചകം, അളിയൻചപ്പ്, പുളിയാറില, മുയൽ ചെവിയൻ, തഴുതാമ, മുക്കരിച്ചപ്പ്, പാലൻ ചീര, മരക്കീര, വയൽചുള്ളി, ചൊറിയാണം, കൊഴുപ്പച്ചീര, കരിമുടുങ്ങ, ഉണ്ണിത്തണ്ട്, കാട്ടുതുവര, തുമ്പ, കുമിഴ്, പാൽച്ചീര, കന്നിചപ്പ് തുടങ്ങി വംശീയവൈദ്യത്തിലെ വന്യഇലവർഗങ്ങൾ നീളുകയാണ്. ഒന്നിനും പകരംവെക്കാൻ മറ്റൊന്നില്ലാത്ത പഴമയുടെ നാളുകളിൽ, അലോപ്പതി മരുന്നുകൾ പ്രാപ്യമല്ലാത്ത കാലഘട്ടത്തിൽ ഇവയിൽ നിന്നുമുള്ള മരുന്നുകൾ തേടി രോഗശമനത്തിനായി ഒരുപാട് ആളുകൾ എത്തിയിരുന്നു. ഒരേസമയം ഭക്ഷണത്തിൽ ഈ ഇലവർഗങ്ങൾ കൂടുതലായി ഉൾപ്പെടുത്തി സ്വയം ആരോഗ്യം കാത്തുസൂക്ഷിക്കുന്നതും ഇവരുടെ ശീലമായിരുന്നു.









## ആവിക്കുളിക്കും ഇലവർഗ സസ്യങ്ങൾ


സോറിയാസിസ്, ചൊറി, പൊണ്ണത്തടി, ശ്വാസതകരാറുകൾ, അലർജി കൊണ്ടുണ്ടാകുന്ന തുമ്മൽ, മൂക്ക് ചീറ്റൽ, വാതം തുടങ്ങിയ രോഗാവസ്ഥകൾക്ക് ഏറ്റവും ഫലപ്രദമായ ചികിത്സയാണ് മരുന്ന് ആവിക്കുളി. പ്രത്യേകം തയാറാക്കുന്ന പ്രകൃതിയിൽ നിന്നും കണ്ടെടുത്ത ഔഷധക്കൂട്ടുകളിലുള്ള മരുന്ന് സത്ത് ആവിയിൽ ലയിച്ചു ചേർത്ത് രോഗിയിരിക്കുന്ന അറയിൽ നിറയ്ക്കുന്നു. ഉച്ഛ്വാസവായുവിലൂടെ ശ്വാസകോശത്തിലെത്തുന്ന ഈ ഔഷധമൂല്യമുള്ള ആവി രക്തശുദ്ധിവരുത്തുന്നു. മരുന്ന് ആവി നിറച്ച അറയിലിരിക്കുന്ന വ്യക്തി ധാരാളമായി വിയർക്കുന്നത് പൊതുവെ ശരീരത്തിൽ അടിഞ്ഞുകൂടിയ ദുർമേദസ്സുകളെ അകറ്റുന്നു. മരുന്ന് ആവി തട്ടുന്നതുമൂലം രോമകൂപങ്ങൾ വികസിക്കുകയും ത്വക്കിൽ പൊതുവെ അടിഞ്ഞുകൂടിയ കൊഴുപ്പും മറ്റും വിയർപ്പിൽ ലയിച്ച് പുറന്തള്ളപ്പെടുകയും ചെയ്യുന്നു. നല്ലതുപോലെ വിയർത്തശേഷം തേച്ചു കുളിക്കുമ്പോൾ ത്വക്കിന് പുറമെയുള്ള ജീവനില്ലാത്ത പാളികൾ ഉരിഞ്ഞുപോകുന്നതു മൂലം ത്വക്ക് കൂടുതൽ മാർദവപ്പെടുകയും ജീവസുറ്റതായി അനുഭവപ്പെടുകയും ചെയ്യുന്നു. രോഗാവസ്ഥയ്ക്കനുസരിച്ച് ആവിക്കുള്ള ഔഷധക്കൂട്ടും എണ്ണവും തിട്ടപ്പെടുത്തിയിട്ടുണ്ട്. പൊതുവെ യുവത്വവും പ്രസരിപ്പും നിലനിർത്താൻ മരുന്ന് ആവിക്കുളി മാസത്തിൽ ഒന്നു വീതം ചെയ്താൽ മതിയാകും.

ദേഹമാസകലം വിയർക്കുന്നതുകൊണ്ട് ആവിക്കുളിയിൽ നിന്നുള്ള പ്രയോജനം മാസങ്ങളോളം ത്വക്ക് സംരക്ഷണത്തിന് പ്രയോജനപ്പെടും. മരുന്ന് ആവിക്കുളി കാണി ഗോത്രവർഗക്കാർ തലമുറകളായി പ്രയോഗത്തിൽ കൊണ്ടുവന്നിട്ടുള്ള ഒരു ചികിത്സാരീതിയാണ്.

നാടുനീങ്ങിയ ഗോത്രജീവിതചാരുതകൾക്കൊപ്പം ഇവയൊക്കെയും അപ്രത്യക്ഷമാവുകയാണ്. പരമ്പരാഗത ഭക്ഷണശീലങ്ങളും മാറി. ബൗദ്ധിക സ്വത്തവകാശ നിയമം വന്നാൽപ്പോലും ഇവയൊന്നും തിരികെ കിട്ടാതെ കാലത്തോടൊപ്പം മായുകയാണ്. ■

ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)





# ജനക്ഷേമപദ്ധതികൾ പൂർത്തിയാക്കും

ഇന്ത്യ ലോകത്തിനുമുന്നിൽ അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്നത് ശക്തമായ അടിത്തറയുള്ള ജനാധിപത്യം നിലനിൽക്കുന്ന ഒരു രാജ്യമെന്ന നിലയിലാണ്. ഓരോ അഞ്ചു വർഷം കഴിയുമ്പോഴും തങ്ങളുടെ ഭരണാധികാരികളുടെ പ്രവർത്തനമികവ് വിലയിരുത്തുവാൻ ജനങ്ങൾക്ക് ലഭിക്കുന്ന അവകാശമാണ് തെരഞ്ഞെടുപ്പ്. ജനാധിപത്യത്തിന്റെ അന്തസ്സത്ത നിലനിർത്തിക്കൊണ്ട് തെരഞ്ഞെടുപ്പു പ്രക്രിയ പൂർത്തിയാക്കുവാൻ നമുക്ക് കഴിയുന്നുണ്ട്. അതാണ് ഇന്ത്യയുടെ കരുത്ത്, അഭിമാനം.

ഒരു തെരഞ്ഞെടുപ്പുകൂടി കഴിഞ്ഞു. പാർലമെന്റ് തെരഞ്ഞെടുപ്പാണെങ്കിലും കേരളത്തിലെ ഭരണത്തിന്റെ വിലയിരുത്തൽ കൂടിയാകുമിതെന്ന് ഞാൻ പറഞ്ഞിരുന്നു. കാരണം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ ജനക്ഷേമകരമായ പദ്ധതികളിൽ എനിക്ക് വിശ്വാസമുണ്ടായിരുന്നു. പ്രധാനമായും കൊച്ചി മെട്രോ റെയിൽ, വിഴിഞ്ഞം പദ്ധതി, കണ്ണൂർ വിമാനത്താവളം, സ്മാർട്സിറ്റി തുടങ്ങിയ പ്രധാന പദ്ധതികളെല്ലാംതന്നെ തുടങ്ങിവെക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും കഴിഞ്ഞു. പിന്നെ സാധാരണ ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടു നടത്തിയ ജനസമ്പർക്കപരിപാടിയെക്കുറിച്ച് എന്തൊക്കെ ആക്ഷേപങ്ങളും ആരോപണങ്ങളും ഉയർത്തിയാലും അത് ജനങ്ങൾക്ക് നൽകുന്ന ആശ്വാസത്തിൽ എനിക്ക് വിശ്വാസമുണ്ട്.

ഈ തെരഞ്ഞെടുപ്പിൽ മറ്റു സംസ്ഥാനങ്ങളിൽ സംഭവിച്ചതെന്താണെന്ന് നമുക്കറിയാം. പക്ഷെ അപ്പോഴും കേരളത്തിലെ ജനങ്ങൾ സമചിത്തതയോടെ, ആർജവത്തോടെ ഈ തെരഞ്ഞെടുപ്പിനെ നേരിട്ടതിൽ ഞാൻ അഭിമാനിക്കുന്നു. തെരഞ്ഞെടുപ്പുകൾ എപ്പോഴും ഭരിക്കുന്നവർക്കൊരു വെല്ലുവിളിയാണ്. ഭരണാധികാരി ജനപക്ഷത്തുനിന്നുകൊണ്ട് ആ വെല്ലുവിളി ഏറ്റെടുക്കുമ്പോഴാണ് ജനാധിപത്യം കൂടുതൽ അർഥവത്താകുന്നത്.

ഇത് വലിയൊരു ഉത്തരവാദിത്വമാണ്. ജനക്ഷേമ പദ്ധതികൾ കാര്യക്ഷമമായി പൂർത്തിയാക്കുന്നതിന് കൂടുതൽ ശ്രദ്ധനൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനാണ് മിഷൻ 676 എന്ന ആശയത്തിന് രൂപം നൽകിയിരിക്കുന്നത്. ഈ സർക്കാരിന്റെ ഭരണകാലയളവാണിത്. അതിനുള്ളിൽ പ്രഖ്യാപിച്ച പദ്ധതികൾ പൂർത്തിയാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാരിന്റെ കൂട്ടായ പ്രവർത്തനത്തിലൂടെ സമയബന്ധിതമായിത്തന്നെ എല്ലാ പദ്ധതികളും പൂർത്തിയാക്കുവാൻ കഴിയും. ഈ സർക്കാരിന്റെ ഭരണത്തെ സമചിത്തതയോടെ വിലയിരുത്തിയ കേരളത്തിലെ എല്ലാ ജനങ്ങൾക്കും ഞാൻ പ്രത്യേകം നന്ദി പറയുന്നു. ■